ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലി.

ഗ്രന്ഥാങ്കം ൪

# പാൎവ്വതീപരിണയം

കിളിപ്പാട്ടു്.

---

തിരുവിതാംകൂർ ഗവൎണ്മെന്റു.
സെക്രിറ്ററി

കവിതിലകൻ എസ്. പരമേശ്വരയ്യർ
എം. എ., ബി. എൽ.

പരിശോധിച്ചു്

തിരുവിതാംകൂർ ഗവൎണ്മെന്റിന്റെ ആജ്ഞാനുസരിച്ചു്
പ്രസിദ്ധപ്പെടുത്തുന്നതു്.

---

തിരുവനന്തപുരം
തിരുവിതാംകൂർ സൎക്കാർ അച്ചുക്കൂടത്തിൽ അച്ചടിച്ചതു്.
൧൦൯൯.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

THE SRI MULAM MALAYALAM SERIES.

No. IV.

# PÂRVATÎPARIṆAYAM

KIḶIPPÂTTU

EDITED

WITH AN INTRODUCTION

BY

S. PARAMESVARA AIYAR, M. A., B. L.,
[KAVITILAKA]

*Secretary to the Government of Travancore.*

PUBLISHED UNDER THE AUTHORITY OF THE GOVERNMENT OF TRAVANCORE.

TRIVANDRUM:
PRINTED BY THE SUPERINTENDENT, GOVERNMENT PRESS,
1924.

*All Rights Reserved.*

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# അവതാരിക.

"ഭദ്രോൽപത്തി" കിളിപ്പാട്ടിന്റെ അവതാരികയിൽ ആ ഗ്രന്ഥകാരന്റെ കൃതിയായി 'പാർവ്വതീപരിണയം' എന്നൊരു കിളിപ്പാട്ടുകൃതിയുണ്ടെന്നും, അതും ഞാൻ "ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലി"യിൽ ചേർത്തു പ്രസിദ്ധീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്നും പ്രസ്താവിച്ചിരുന്നുവല്ലോ. ആ കൃതിതന്നെയാണ് പ്രസ്തുതഗ്രന്ഥം. കവിയുടെ പേരും മററും ഇനിയും വെളിപ്പെട്ടിട്ടില്ല. തൃശ്ശൂർ വടക്കുന്നാഥക്ഷേത്രത്തിലെ പാർവ്വതീദേവിയെ ഈ ഗ്രന്ഥത്തിൽ കവി വന്ദിച്ചുകാണുന്നു.

സ്കാന്ദപുരാണാന്തർഭൂതമായ പാർവ്വതീസ്വയംവരം കഥ സർവ്വവിദിതമാണല്ലോ. കാളിദാസമഹാകവി കുമാരസംഭവത്തിൽ ആ കഥ പ്രതിപാദിച്ചിരിക്കുന്ന രീതിയാണ് "പാർവ്വതീപരിണയ"കർത്താവിന് ആദർശമായി തീർന്നിട്ടുള്ളത്. എന്നാൽ ആവശ്യമുണ്ടെന്നു തോന്നുന്ന ഘട്ടങ്ങളിൽ അദ്ദേഹം അഭിനന്ദനീയമായ സ്വാതന്ത്ര്യം പ്രദർശിപ്പിക്കുന്നില്ലെന്നില്ല. കാമദേവനോടു ധൈര്യം ത്യജിക്കരുതെന്നുപദേശിക്കുന്ന സ്വാർത്ഥപരന്മാരായ ദേവന്മാരോട്, ആത്മനാശം ആസന്നമെന്നറിവുള്ള ആ കർമ്മയോഗി ഫലിതസമ്മിശ്രമായി പറയുന്ന പ്രത്യുത്തരം നോക്കുക. ആകപ്പാടെ പരിശോധിക്കുമ്പോൾ "പാർവ്വതീപരിണയം" 'കുമാരസംഭവ'ത്തിന്റെ ഒരു സുസ്വതന്ത്രമായ ഭാഷാനുകരണമെന്നുള്ള നിലയിലും ഒരു സുകുമാരമായ ഭാഷാഗാനമെന്നുള്ള നിലയിലും സഹൃദയന്മാരുടെ സ്നേഹബഹുമാനങ്ങളെ ആവർജ്ജിക്കുന്നതിനു പര്യാപ്തമാകുന്നു.

'ഭദ്രോൽപത്തി'ക്കെന്നപോലെ ഈ കൃതിക്കും എന്റെ കൈയിൽ കിട്ടിയ പാഠം ശുദ്ധമാകയാൽ ഗ്രന്ഥാന്തരത്തിന്റെ ആവശ്യം നേരിടുകയുണ്ടായില്ല. രണ്ടു കൃതികളും ഒരേഗ്രന്ഥത്തിൽ തന്നെ ലിഖിതങ്ങളായി കാണപ്പെട്ടു എന്നുള്ള വസ്തുത ഞാൻ അന്യത്ര ഉപന്യസിച്ചിട്ടുണ്ടല്ലോ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# പാർവ്വതീപരിണയം

## കിളിപ്പാട്ട്

---

"ശാരികാകുലമണിമൌലിമാലികേ! ബാലേ!
സാരമായുള്ള കഥ ചൊല്ലുചൊല്ലിനിയും നീ
മാരനാശനനുടെ ലീലകൾ കേൾക്കുംതോറും
പാരമാനന്ദം വളർന്നീടുന്നു മനോഹരേ!
പങ്കജശരവൈരിയാകിയ മഹാദേവൻ
പങ്കനാശനൻ പരമേശ്വരൻ ജഗന്നാഥൻ
പങ്കജഭവമുഖദേവവന്ദിതൻ പരൻ
പങ്കജമുഖിയായ പാർവ്വതീദേവിതന്നെ
മോദേന പരിണയം ചെയ്തോരു കഥയിന്നി-
ങ്ങാദരവോടു പറഞ്ഞീടുക മനോഹരേ!
സൽക്കഥ ചൊല്ലുന്നോർക്കും കേൾക്കുന്ന ജനങ്ങൾക്കും
ദുഷ്കൃതം ശമിച്ചീടുമെന്നല്ലോ ശാസ്ത്രങ്ങളും."

എന്നതുകേട്ടു കിളിപ്പൈതലും ചൊല്ലീടിനാൾ:—
ഇന്നതുവിസ്തരിച്ചു ചൊല്ലുവാൻ പണിയത്രെ.
എന്നാലും ചുരുക്കി ഞാൻ ചൊല്ലുവൻ കഥയെല്ലാം.
സുന്ദരിമാരേ! കേട്ടുകൊള്ളുവിൻ വഴിപോലെ.

മാരാരിസുതനായ വാരണവദനനും
വാരിജോത്ഭവപ്രിയയാകിയ വാണിതാനും
വാരിജാസനൻതാനും വാരിജനയനനും
വാരിജശരാരിയും വാരിജബന്ധുതാനും
ഭാരതകർത്താവാകും വ്യാസനും വാൽമീകിയും
നാരദനാദിമുനിവൃന്ദവും ദേവന്മാരും
ആരണശ്രേഷ്ഠന്മാരും ദേശികവരന്മാരും
പാരാതെയനുഗ്രഹം നല്കേണമെനിക്കിപ്പോൾ.
വാക്കിനു മാധുര്യവും ബുദ്ധിക്കു ചാതുര്യവു-
മോക്കുമ്പോളെനിക്കേതുമില്ലെന്നു വരികിലും
തൽക്കഥയാകക്കൊണ്ടു കേൾക്കുന്ന പുരുഷർകൾ-
ക്കാൾക്കാമ്പു തെളിഞ്ഞീടുമെന്നു ചിന്തിച്ചു ഞാനും

G. P. T. 2908.· 1000. 22-10-99. B

Digitized By Kerala Sahitya Akademi

ഇക്കഥചൊല്ലീടുന്നേനിന്നതിനനുഗ്രഹ-
മുടംക്കനിവോടു മമ നല്കേണം ഹരപ്രിയേ!
നിന്നുടേ കൃപകൊണ്ടിന്നെന്നുടേ വാക്കുകൾക്കു
ധന്യത്വം വരുവാനായ് വീണിതാ വണങ്ങുന്നേൻ.
എങ്കിലോ മുണ്ടു ഹരകാന്തയായ് സതീദേവി
ശങ്കകൂടാതെ ദേഹത്യാഗം ചെയ്യോരുശേഷം
സങ്കടംപൂണ്ടു പരമേശ്വരൻ ജഗന്നാഥൻ
തിങ്കൾചൂടിനപരൻ സന്യാസിവ്രതത്തോടും
നന്ദികേശാദിയാകും ഭൃത്യവൃന്ദങ്ങളോടും
നന്ദിച്ചു ഹിമവാന്റെ താഴ്വരതന്നിൽ ചെന്നു
ഈശ്വരന്മാൎക്കുപോലുമീശ്വരനാകും നാഥൻ
ശാശ്വതം ബ്രഹ്മധ്യാനം ചെയ്തു വാണീടും കാലം
താരനാമസുരേന്ദ്രൻ തന്നുടെ തനയനായ്
താരകനെന്നുപേരായുണ്ടായാനൊരു ദൈത്യൻ.
ക്രൂരനാമവൻ ബാല്യകാലത്തുതന്നേ ചെന്നു
സാരസോത്ഭവൻതന്നെസ്സേവിച്ചു പലകാലം.
ഘോരമാം തപംകൊണ്ടു പാരമായ് പ്രസാദിച്ചു
സാരമാം വരങ്ങളും നല്കിനാൻ വിരിഞ്ചനും.
ദുഷ്ടനാമവൻ നിജപൌരുഷംകൊണ്ടു തനി-
ക്കിഷ്ടമാം വരമെല്ലാം കിട്ടിയോരനന്തരം
അഷ്ടദിക്പാലന്മാരെയൊക്കയും ജയിച്ചുടൻ
പെട്ടെന്നു ലോകത്രയം തന്നുടെ വശമാക്കി.
ശിഷ്ടരാം ജനങ്ങളെക്കൊല്കയുമമരരെ-
പ്പിഷ്ടപേഷണംചെയ്യും കഷ്ടകൎമ്മങ്ങൾചെയ്തും
ദുഷ്ടന്മാരാകും ദൈത്യവീരരോടൊരുമിച്ചു
പുഷ്ടമോദേന ലോകനാഥനായ് വാണീടിനാൻ.
ഇങ്ങനെ ചതുൎയ്യുഗം പലതും കഴിഞ്ഞപ്പോ-
ളങ്ങൊരുദിനം ദേവവൃന്ദവും മുനിമാരും
തങ്ങളിൽ നിരൂപിച്ചു നിശ്ചയിച്ചെല്ലാവരും
മങ്ങാതെ പുറപ്പെട്ടു പത്മജൻതന്നെക്കാണ്മാൻ.
ചെന്നവർ വിരിഞ്ചനേ വന്ദിച്ചു ഭക്തിയോടും
വന്ന സന്താപത്തോടും കുണ്ഠരായ് നില്ക്കുംനേരം
മന്ദഹാസവുംചെയ്തു നന്ദിച്ചു വിരിഞ്ചനും
വന്ന സന്തോഷത്തോടും മന്ദമായരുൾചെയ്താൻ.

Digitized By Kerala Sahitya Akademi

"സ്വാഗതമല്ലീ ദേവരാജാവേ! ഭവാനിപ്പോൾ;
ഭാഗവതോത്തമന്മാരാകിയ മുനിമാക്കും?
ദേവഗന്ധർവ്വയക്ഷകിന്നരാദികൾക്കെല്ലാം
കേവലമനാമയമല്ലയോ? ചൊല്ലീടുവിൻ.
എന്തുകാരണം നിങ്ങളെല്ലാരുമൊരുമിച്ചെ-
ന്നന്തികേ വന്നീടുവാനെന്നതു പറഞ്ഞാലും.
അന്തസ്താപവും ചിലതുണ്ടെന്നു തോന്നും കണ്ടാ-
ലെന്തെന്നാകിലും തീൎത്തുകൊള്ളുവനെല്ലാം നൂനം."
എന്നതുകേട്ടനേരം വന്ദിച്ചു വിരിഞ്ചനേ
നന്ദിച്ചു മഹേന്ദ്രനും മന്ദമായുരചെയ്താൻ:—
"തീൎത്തുകൊള്ളുവൻ ദുഃഖമെന്നരുൾചെയ്തുകൊണ്ടി-
ങ്ങാൎത്തികളെല്ലാം തീൎന്നു ഞങ്ങൾക്കു ജഗൽപതെ!
ഇത്രിലോകത്തിലുള്ള വൃത്താന്തമെല്ലാം ഭവാ-
നോൎത്തുകാണുമ്പോളറിഞ്ഞീടുമെന്നിരിക്കിലും
ആൎത്തികൾ സഹിയാഞ്ഞു ഞങ്ങളിന്നെല്ലാവരും
പേൎത്തുരചെയ്തീടുന്നേൻ കേട്ടുകൊണ്ടാലും നാഥാ!
താരകനെന്നുപേരാം ദാനവവരൻതൻെറ
പാരമാമുപദ്രവംകൊണ്ടു സങ്കടം പൂണ്ടു
സാരമാകിയ നാകലോകവും വെടിഞ്ഞിപ്പോ-
ളോരോരോ ഗുഹകളിൽ വാഴുന്നു ഞങ്ങളെല്ലാം.
നിന്തിരുവടി കൊടുത്തീടിന വരത്തിനാ-
ലന്തരംഗത്തിലവനാരേയും ഭയമില്ല.
അന്തകൻതന്നെപ്പോലുമില്ലൊരുഭയമവ-
ന്നെന്തഹോ പിന്നെ ഞങ്ങൾ ചെയ്യതു ദയാനിധേ!
വജ്രമേൽക്കിലും യമദണ്ഡമങ്ങേററീടിലും
വജ്രതുല്യങ്ങളായ ശക്തികൾ തറച്ചാലും
അദ്രികൾ ഭേദിക്കുന്ന പൌരസ്ത്യഗദകൊണ്ടു
നിൎദ്ദയം താഡിച്ചാലും പീഡയില്ലവനേതും.
എന്നതുകൊണ്ടു ഞങ്ങൾക്കാവതില്ലായ്കമൂലം
വന്നൊരു സന്താപങ്ങളെങ്ങനേ ചൊല്ലീടുന്നു.
മൂന്നുലോകവും ബലാലടക്കിയവൻപിന്നെ
മൂന്നിലും ജനങ്ങളെ ദ്വേഷിച്ചു വസിക്കുന്നു.

Digitized By Kerala Sahitya Akademi

ഭൂമിയിൽ ദ്വിജമുനിഗോസമൂഹങ്ങളേയും
ഭീമരാം ദാനവന്മാർ കൊന്നുകൊന്നൊടുക്കുന്നു.
അഗ്നിഹോത്രാദികളുമൊക്കവേ മുടക്കുന്നു;
ദേവതാപ്രതിമകൾ (നീളവേ തകൎക്കുന്നു).
തീൎത്ഥങ്ങളശുദ്ധമാക്കീടുന്നു നിത്യം പാതി-
വ്രത്യമുള്ളോരു നാരിമാരേയും ദുഷിക്കുന്നു.
നാഗലോകത്തുചെന്നു നാഗകന്യകമാരെ-
ബ്ഭോഗികൾ കാണ്കെത്തന്നെ കൊണ്ടിങ്ങു പോന്നീടുന്നു.
നാകലോകത്തു ഞങ്ങൾക്കുള്ളോരു പദമവ-
രാകവെയടക്കി വാണീടുന്നു സുഖത്തോടും.
മേനകാദികളാകും മാനിനീജനമെല്ലാം
ദാനവനാരിമാരെ ശുശ്രൂഷിച്ചിരിക്കണം.
അപ്സരസ്ത്രീകൾ നൃത്തം ചെയ്യേണമവർകളി-
ലല്പവും കുറില്ലവനെത്രയും കഷ്ടമോൎത്താൽ.
നമ്മുടേ മുമ്പിൽനിന്നു ദേവകന്യകമാർക്കു
നിൎമ്മരിയാദം മാനഹാനിയേ വരുത്തുന്നു.
ദാനവശ്രേഷ്ഠൻ തനിക്കുൎവ്വശി ഘൃതാചിയും
മാനിച്ചു പാദശുശ്രൂഷാദികൾ ചെയ്തീടണം;
വെൺകററക്കുടയതു ഞാൻതന്നേ പിടിക്കണം;
സംകടമതിൽപ്പരമെന്തുള്ളതെനിക്കോൎത്താൽ.
ദേവകളെല്ലാവരും ഭൃത്യരായ്നിന്നീടണം;
ഭാവവും നോക്കി മുനിവൎഗ്ഗവും സ്തുതിക്കണം;
ദിക്പാലന്മാരും നിദ്രകൈവിട്ടു ദിനന്തോറു-
മെപ്പൊഴും കാവലായി നില്ക്കേണം മടിയാതെ.
ഞാനിന്ദ്രനാകും മമ വാഹനമൈരാവത-
മന്തികേ കൂടെ മരംവെച്ചുകൂടാതെ വലിക്കണം.
ചന്ദ്രനും പൂൎണ്ണരൂപനായ് നിത്യമുദിക്കണം;
മന്ദമായ് പവനനുമെപ്പോഴും വീശീടണം;
സൂൎയ്യനും ശീതരശ്മിയായി വന്നുദിക്കണം;
നേരിട്ടുഗമിക്കാതെ തിരിഞ്ഞുപോയീടണം;
ഇത്തരമവസ്ഥകളൊക്കയുമുരചെയ്താ-
നുത്തമനാകും ഫണിരാജനുമെളുതല്ല.
ഇന്നവനറിയാതെ ഞങ്ങളെല്ലാരും കൂടി-

Digitized By Kerala Sahitya Akademi

വന്നിതു ജഗൽപതേ! സങ്കടമുണർത്തിപ്പാൻ.
നിന്തിരുവടിതന്നേ നല്കിയവരത്തിനാ-
ലെന്തെല്ലാമനൎത്ഥങ്ങൾ വന്നിതു ജഗത്തിങ്കൽ!
ഇന്നുതൊട്ടിനിയൊരു നാഴികയിവയൊക്കെ-
യൊന്നുമേ സഹിപ്പതിന്നാവതല്ലൊൎക്കും നാഥ!
ദുഷ്ടനിഗ്രഹം ചെയ്തു ശിഷ്ടരാം ജനങ്ങളെ-
പ്പെട്ടെന്നു പരിപാലിച്ചീടുക ദയാനിധേ!
നിശ്ചയമല്ലായ്കിലോ ലോകങ്ങൾ നശിച്ചുപോം;
തൽച്ചരണാരവിന്ദേ വീണിതാ വണങ്ങുന്നേൻ."

ഇത്തരമുണൎത്തിച്ചു ശക്രനും മുനിമാരും
ചിത്തവേദനയോടും വന്ദിച്ചു നിന്നീടിനാർ.
ആദിതേയാധിപന്റെ വാക്കുകൾ കേട്ടനേര-
മാദിനായകൻ താനുമാധിപൂണ്ടരുൾ ചെയ്തു.
"നമ്മുടേ ദോഷം കൊണ്ടു വന്നതല്ലിതു പാൎത്താൽ;
നിൎമ്മലന്മാരേ കാലഗതിയെന്നറിഞ്ഞാലും.
ഓരോരോ കാലങ്ങളിലോരോന്നുവരുന്നതു
പാരാതെയനുഭവിച്ചീടുകയെന്നേ വരൂ.
കാലത്തിൻഗതിയറിഞ്ഞീടരുതാൎക്കുമോൎത്താൽ
കാലമായതു പരമാത്മാവെന്നറിഞ്ഞാലും.
ദുഃഖങ്ങൾ സുഖങ്ങളുമൎത്ഥങ്ങളനൎത്ഥവു-
മൊക്കയും വരുന്നതു കാലവൈഭവമല്ലൊ.
ദുഃഖിപ്പാനുള്ളകാലം നിങ്ങൾക്കു വരികയാ-
ലിക്കണക്കനൎത്ഥങ്ങൾ മേൽക്കുമേലുണ്ടായതും.
സാധുക്കളായ നിങ്ങൾക്കൊക്കയുമിനിമേലിൽ
ബാധകൾതീൎന്നു സൌഖ്യം വന്നിടും വൈകീടാതെ.
ദുഷ്ടരാമസുരരേ നിഗ്രഹംചെയ്തു നിങ്ങൾ-
ക്കിഷ്ടങ്ങൾ നല്കീടുവാനാകുന്നതാനെന്നാകിലും
പ്രീതിയോടവന്നു ഞാൻ വരങ്ങൾ കൊടുക്കയാൽ
നീതിയുമല്ലവനെക്കൊല്ലുക നമുക്കിപ്പോൾ.
വിഷവൃക്ഷങ്ങൾപോലും തങ്ങളുണ്ടാക്കീടുകിൽ
വെട്ടുവാൻ തങ്ങൾക്കേതും ചേൎച്ചയുമില്ല പാൎത്താൽ.
താരകൻതനിക്കു ഞാൻ വരങ്ങൾ കൊടുത്തപ്പോൾ
ക്രൂരനമന്നു നമ്മോടൊന്നുരചെയ്തീടിനാൻ.

Digitized By Kerala Sahitya Akademi

എന്നുമേ മരണമില്ലാതെകണ്ടിരിപ്പാനും
തന്നീടവേണം വരമെങ്കിലേ സുഖമുള്ളു.
എന്നതുകേട്ടനേരം നന്നുനന്നിതു നിന-
ക്കൊന്നുമേ തരികയില്ലെന്നു ഞാൻ ചൊന്നനേരം
ചിന്തിച്ചു പറഞ്ഞിതു പിന്നെയുമവൻ മററു-
മന്തകവൈരിക്കൊരു നന്ദനനുണ്ടായ്വന്നാൽ
ചന്തമോടവൻ വന്നു കൊല്ലുകിലെനിക്കേതും
സന്താപമുണ്ടായ്വരാ മററാരും ഹനിക്കൊല്ലാ.
എന്നവൻ പറഞ്ഞപ്പോളങ്ങനേ തന്നെയെന്നു
നന്ദിച്ചു വരം കൊടുത്തീടിനേനറിഞ്ഞാലും.
എന്നതുകൊണ്ടു പരമേശ്വരൻ തനിക്കൊരു
നന്ദനനുണ്ടാകിലേ സാധിക്കൂ കാൎയ്യങ്ങളും.
ഇന്നതിന്നൊരുവഴിയെന്തെന്നു നിങ്ങൾ ചെന്നു
ധന്യനാം ബൃഹസ്പതിതന്നോടു ചോദിക്കണം.
ആൎയ്യനാകിയ ഗുരുചൊന്നതുപോലെ ചെയ്താൽ
കാൎയ്യവും സാധിച്ചിടും; സൌഖ്യവും വരും മേലിൽ.
എങ്കിലിന്നെല്ലാവരും വൈകാതെ ഗമിച്ചാലും;
സങ്കടങ്ങളും തീൎത്തു പാലിച്ചുകൊണ്ടീടുവൻ.”

ലോകനായകൻതൻെറ വാക്കുകൾ കേട്ടനേര-
മാകുലം തീൎന്നു ദേവവൃന്ദവും മുനിമാരും
പോകുന്നേനെങ്കിലെന്നു വന്ദിച്ചുപുറപ്പെട്ടു
പാകശാസനനോടും നാകലോകവും പുക്കാർ.
സഞ്ചാരഖേദമൊട്ടു ശമിച്ചോരനന്തര-
മഞ്ചിതാനന്ദം ദേവവൃന്ദവും മുനിമാരും
ഒന്നിച്ചുപുറപ്പെട്ടു ചെന്നുടൻ ബൃഹസ്പതി-
തന്നുടെ തപോവനംതന്നിലങ്ങകംപുക്കു
മന്ദമെന്നിയേ ചെന്നു വന്ദിച്ചു ഗുരുവിനേ;
നന്ദിച്ചു ധിഷണനും സൽക്കരിച്ചിരുത്തിനാൻ.
മന്ദഹാസവുംചെയ്തു മന്ദമായവരോടു
വന്നതിനെന്തുമൂലമെന്നതുചോദിച്ചപ്പോൾ
വന്ദിച്ചുമഹേന്ദ്രനും ചൊല്ലിനാൻ:—“എങ്കിൽ ഞങ്ങൾ
വന്നകാരണമതു കേട്ടാലും മഹാമതേ!
താരകനെന്നുപേരായുള്ളോരു ദൈത്യേന്ദ്രൻെറ

Digitized By Kerala Sahitya Akademi

പാരമാമുപദ്രവം പൊറുത്തുക്കൂടായ്കയാൽ
സാരസോത്ഭവനോടു ഞങ്ങൾചെന്നുണർത്തിച്ചു;
സാരമായൊരുവഴി ചൊല്ലിനാൻ വിരിഞ്ചനും.
കാരണമൂർത്തിയാകും ശങ്കരൻതനിക്കൊരു
ദാരകനുണ്ടാകേണം താരകവധംചെയ്വാൻ.
എന്നതിന്നുപായങ്ങൾ നിന്തിരുവടിയോടു
ചെന്നുചോദിക്കവേണമെന്നരുൾചെയ്കയാലേ
ഒന്നിച്ചു ഞങ്ങളത്ര വന്നതെന്നറിഞ്ഞാലു-
മിന്നതിന്നുപായങ്ങൾ ചിന്തിച്ചു ചൊല്ലീടണം.
ആനന്ദം ഞങ്ങൾക്കു വന്നീടിനോരനർത്ഥങ്ങ-
ളൊന്നൊഴിയാതെ തീർത്തീടുന്നതും ഭവാനല്ലോ"
എന്നതുകേട്ടു ഗുരു ചൊല്ലിനാനവർകളോ-
"ടിന്നിതുസാധിപ്പതിന്നെത്രയും പണിയത്രേ.
പന്നഗവിഭൂഷണൻ സന്യാസിവ്രതത്തോടും
ചെന്നങ്ങു ഹിമാചലംതന്നുടേ വനംതന്നിൽ
ഈശ്വരന്മാർക്കുപോലുമീശ്വരനാകും ദേവൻ
ശാശ്വതബ്രഹ്മധ്യാനംചെയ്തുവാണീടുന്നപോൽ.
അങ്ങനേവസിക്കുമ്പോളെങ്ങനേ വിവാഹംചെ-
യ്തംഗജനുണ്ടാകുന്ന മാർഗ്ഗമെന്നറിഞ്ഞില.
എങ്കിലുമൊരുവഴി ചൊല്ലുവനതുചെയ്താൽ
സങ്കടങ്ങളുംതീരും; കാര്യവും സാധിച്ചിടും.
ഉണ്ടല്ലോ ഹിമവാന്റെ പുത്രിയായൊരു കന്യ
തണ്ടാർമാനിനിപോലെ കണ്ടാൽനല്ലവളത്രേ.
നാമവും പാർവ്വതിയെന്നാമവൾക്കു; നിത്യവും
സോമശേഖരൻതന്നെ വന്ദിപ്പാൻ വരുമല്ലോ.
കാമിനീമണിയാകുമായവൾതന്നിൽച്ചെറു
കാമമുണ്ടാക്കീടേണം ശങ്കരൻതനിക്കെന്നാൽ
കാമിതമെല്ലാം വന്നുകൂടുമേ നമുക്കെല്ലാം;
കാമനാലൊഴിഞ്ഞതു സാദ്ധ്യമല്ലാർക്കുമോർത്താൽ.
പഞ്ചസായകശരമേല്ക്കിലീശ്വരന്മാർക്കും
ചഞ്ചലമാകും ചിത്തമില്ലസംശയമേതും.
നമ്മുടേ സമാധിക്കു ചഞ്ചലംവരുത്തുവാൻ
മന്മഥനത്രേ മൂലമെന്നറിഞ്ഞീടുംനേരം

Digitized By Kerala Sahitya Akademi

അന്തകാന്തകനേതും കോപിയാതിരിക്കിലോ
ചിന്തിച്ചപോലെതന്നെ കാൎയ്യങ്ങൾ വരുമല്ലോ.
മറെറാരുവഴിയിതിന്നില്ലെന്നു ധരിച്ചാലും;
തെറെറന്നുഗമിച്ചാലുമെങ്കിലിന്നെല്ലാവരും."
എന്നതു കേട്ടനേരം വാസവാദികളെല്ലാം
വന്ന സന്തോഷത്തോടും വന്ദിച്ചു ഗുരുവിനെ
നല്ലതുവരുവതിന്നാശീർവാദവും വാങ്ങി
മെല്ലവേ പോന്നങ്ങൊരുദിക്കിൽ വന്നിരുന്നുടൻ
ലോകൈകധനുർദ്ധരനാകിയ മന്മഥനെ
പാകശാസനൻ സ്മരിച്ചീടിനാൻ വഴിപോലെ.
ബന്ധുവാം പുരന്ദരൻ ചിന്തിച്ചതറിഞ്ഞപ്പോ-
ളന്തമെന്മോദേന മുന്നിൽ വന്നിതു മദനനും.
സുന്ദരീമണിമൌലിയാകിയ രതിയോടും
മന്ദമാരുതചന്ദ്രമാധവാദികളോടും
അൎക്കമണ്ഡലമുദിച്ചുയരുന്നതുപോലെ
ദിക്കുകളൊക്കെപ്പരന്നീടുന്ന തേജസ്സോടും
പങ്കജവിലോചനയാകിയ രതികര-
പങ്കജംകൊണ്ടു ശോഭിച്ചീടിന കണ്ഠത്തോടും
മിന്നലോടിടചേൎന്ന നീലമേഘത്തെപ്പോലെ
സുന്ദരീമണിയൊടു കന്ദർപ്പൻതന്നെക്കണ്ടു
നന്ദിച്ചു പുരന്ദരൻ ചെന്നെതിരേററുകൊണ്ടു
വന്നു തന്നൎദ്ധാസനേ സൽക്കരിച്ചിരുത്തിനാൻ.
വന്ദിച്ചു മദനനും മന്ദഹാസവുംചെയ്തു
മന്ദമാനന്ദത്തോടുമിന്ദ്രനോടരുൾചെയ്താൻ:—
"നിന്തിരുവടിതന്നേ ചിന്തചെയ്തതുമൂല-
മന്തരംഗത്തിൽ മമ സന്തോഷമെന്തുചൊല്ലു.
ഹന്ത! ഞാൻ കൃതാൎത്ഥനായ് നിന്നുടേ കൃപകൊണ്ടു
ചിന്തിതമെല്ലാമരുൾചെയ്താലും വൈകീടാതെ
പാകശാസന! തവ കിങ്കരനാകുമെനി-
ക്കാകുലമില്ല ഭവദാഗ്രഹം നല്കീടുവാൻ
ഇന്നൊരു തരുണിയിലാഗ്രഹം ഭവാനുണ്ടാ-
യ്വന്നതുസഹിയാഞ്ഞു ഖേദമുണ്ടെന്നാകിലോ
ഉന്നതസ്തനിയാകുമവളേ വരുത്തി ഞാൻ

Digitized By Kerala Sahitya Akademi

നിന്നോട ചേൎത്തിടുവനില്ല കില്പതിനേതും.
മൂന്നുലോകത്തിലുള്ള നാരികൾ നരന്മാരും
മൂന്നായ മൂൎത്തികളും മേൊത്തുകാണുന്നനേരം
നമ്മുടേ ശരവശന്മാരെന്നു ധരിച്ചാലും;
സമ്മതമല്ലോ നിങ്ങൾക്കൊക്കയുമതു പാൎത്താൽ.
വീരന്മാരെന്നാകിലും ശൂരന്മാരെന്നാകിലും
ധീരന്മാരെന്നാകിലും ജ്ഞാനികളെന്നാകിലും
നമ്മുടേൾരമാകും സുന്ദരീജനത്തിന്റെ
കൺമുനയേല്ക്കുംനേരം മോഹിച്ചുപോകുമല്ലോ.
നാലുനാൾമുന്നമൊരുസുന്ദരവരനു ഞാൻ
മാലുകൾവരുത്തിയ വൃത്താന്തം കേട്ടുകൊൾവിൻ.
സോമനമൊരുദിനം പൂൎണ്ണമായുദിച്ചപ്പോൾ
കാമിനീമണിയാകും സ്വാഹയെക്കണ്ടീടിനാൻ.
അന്നേരം രണ്ടുശരമെയ്തിതുഞാനമതു
ചെന്നുകൊണ്ടിരുവരും കാമിച്ചു പരസ്പരം
ഒന്നിച്ചു രമിച്ചിതു പാവകനറിയാതെ;
നന്ദിച്ചു പലദിനമിങ്ങനേ കഴിഞ്ഞപ്പോൾ
ജാരസംഗമംകണ്ടു (സാധ്യ) പാവകൻതാനു-
മായ്യേയൊരുമന്ത്രംകൊണ്ടു താൻ വിഴുങ്ങിനാൻ.
അസ്തമിച്ചീടുംനേരം വമിച്ചുപുറത്താക്കും;
നിത്യമുദിക്കുന്നേരമങ്ങനേയകത്താക്കും;
രാപ്പകലവസരമില്ലാഞ്ഞിട്ടവർ കാമ-
പ്പേപ്പനി പിടിപെട്ടു ദുഃഖിച്ചുവാഴുംകാലം
കാൎയ്യഗൌരവംകൊണ്ടു പാവകനൊരുദിനം
ഭാൎയ്യയേ വിഴുങ്ങുവാനോൎക്കാതെ നടകൊണ്ടാൻ.
സോമനതുകണ്ടു ബദ്ധസംഭ്രമോദം ചെന്നു
കാമിനീമണിയോടുമൊന്നിച്ചു മരുവിനാൻ.
ചെററിടുപോന്നനേരം ചിന്തിച്ചുദഹനനും:—
„തെറെറന്നു മറന്നിതു ഭാൎയ്യയെ വിഴുങ്ങുവാൻ;
സുന്ദരിതന്നെയങ്ങുപാൎപ്പിച്ചുവന്നീടുകിൽ
വന്നീടുമനൎത്ഥങ്ങളില്ലസംശയമേതും."
ഇത്തരം നിരൂപിച്ചു പിന്നാക്കം നടകൊണ്ടു
സത്വരം നിജഗൃഹം പുക്കിതു വഹ്നിതാനും.



Digitized By Kerala Sahitya Akademi

അത്തൽപൂണ്ടതുകണ്ടു ചന്ദ്രനെ സ്വാഹതാനു-
മുത്തമമായമന്ത്രം കൊണ്ടുടൻ വിഴുങ്ങിനാൻ.
വൃത്താന്തമറിയാഞ്ഞ പതിയെക്കൃശാനുവും
നിത്യവുമുള്ളപോലെയുള്ളവണ്ണാക്കീടിനാൻ.
അസ്തമിച്ചതുനേരം ചന്ദ്രനെക്കാണായ്കയാ-
ലത്തൽപൂണ്ടമരരും മാമുനിമാരുംകൂടി
വൃത്താന്തമറിയിച്ചു പങ്കജാസനനൊടു;
ചിത്തമോദേന പറഞ്ഞീടിനാൻ വിരിഞ്ചനും.
നാകികളെല്ലാവരും നാകസ്ത്രീജനങ്ങളു-
മാകവേ വരേണമെൻമുമ്പിലെന്നതു കേട്ടു
ദേവകൾ ദേവിമാരോടൊന്നിച്ചു ചെന്നശേഷം
പാവകൻതന്നോടരുൾചെയ്തിതു വിരിഞ്ചനും.
എങ്ങുപോയിതു തവ ഭാൎയ്യയെന്നതുകേട്ടു
തിങ്ങിന ലജ്ജയോടും വമിച്ചു കൃശാനുവും.
സ്വാഹയോടരുൾചെയ്തു നാൻമുഖൻ:—"നിനക്കിപ്പോൾ
മോഹനശീലേ! തേജസ്സേറുവാനെന്തുമൂലം?
നിന്നുടേശരീരത്തെക്കാണുന്നജനങ്ങൾക്കു
ചന്ദ്രനുണ്ടുള്ളിലെന്നുതോന്നുന്നു മനോഹരേ!"
എന്നതുകേട്ടനേരം ലജ്ജപൂണ്ടവൾ ശശി
തന്നെയും വമിച്ചിതു ധാതാവിൻമുന്നിൽതന്നെ.
നഗ്നനായതുമൂലം ലജ്ജിച്ചു ശോകിച്ചുട-
നഗ്നിയെബ്ഭയത്തൊടുമോടിനാൻ ശശാങ്കനും.
വസ്ത്രമില്ലാതേ ശശിതന്നെക്കണ്ടതുനേരം
വസ്ത്രങ്ങൾകൊടുത്തയച്ചീടിനാരെല്ലാവരും.
മൂലമിന്നിതുതന്നെ ബാലചന്ദ്രനെക്കണ്ടാൽ
തുലെന്നാകിലും കൊടുത്തീടുന്നതറിഞ്ഞാലും.
ഇതുപോന്നവരെയും കൂടവേ വലപ്പതി-
ന്നസ്ത്രങ്ങളിനിയുമെൻകൈയിലുണ്ടറിഞ്ഞാലും.
വൃത്രനാശനനായ നിന്തിരുവടിയുമെ-
ന്നസ്ത്രവൈഭവമറിയാതെയല്ലിരിക്കുന്നു.
നേത്രങ്ങളോരായിരമുണ്ടായിവരുവാനു-
മോൎത്തുകാണുമ്പോൾ മൂലമെന്നുടേ ശരമല്ലോ.
ഇന്നുഞാൻ നിരൂപിച്ചാൽ പന്നഗവിഭൂഷണൻ

Digitized By Kerala Sahitya Akademi

തന്നുടേസമാധിയെപ്പോലുമിന്നിളക്കിടാം.
എന്തിനിന്നിവയെല്ലാം ചൊല്ലുന്നു വൃഥൈവഞാ-
നെന്തെന്നാകിലും സാധിച്ചീടുവൻ സത്യമത്രേ."
ഇത്തരം മദനൻെറ വാക്കുകൾ കേട്ടനേരം
ചിത്തസന്തോഷമേററം വന്നിതങ്ങെല്ലാവൎക്കും.
ചിത്തജൻതന്നെക്കൊണ്ടു കാൎയ്യമുണ്ടാകമൂലം
വൃത്രവൈരിയുമധിക്ഷേപങ്ങൾസഹിച്ചുടൻ
ചിത്തസന്തോഷത്തോടും മിത്രമാമവനുടെ
ഹസ്തവും പിടിച്ചനുനയിച്ചു ചൊല്ലീടിനാൻ.
"ധന്യനായ്‌വന്നു ഞാനും നിന്നുടെ സഹായംകൊ-
ണ്ടിന്നിയുരചെയ്തതൊക്കയും സത്യമത്രേ.
നിന്നുടേമഹത്വങ്ങളൊക്കെയുമറിവതി-
നിങ്ങൊരുവരുമില്ലെന്നങ്ങറിഞ്ഞീടാമല്ലോ.
ലോകൈകധനുർദ്ധരനാകിയനിനക്കിപ്പോ-
ളാകുലമെന്തുള്ളതു കാൎയ്യങ്ങൾസാധിപ്പാനും?
നിൻറെ ശരത്തിനു ലക്ഷ്യമല്ലാതെ പാൎക്കി-
ലിന്നൊരുവനുമില്ല സത്യമെന്നറിഞ്ഞാലും.
ഇത്തരം മഹത്വമുള്ളോരു നീ നമുക്കിപ്പോ-
ളത്യന്തബന്ധുവായി വന്നതു മമ ഭാഗ്യം.
മിത്രമാകിയ നിന്നെക്കണ്ടതുമൂലമെനി-
ക്കെത്രയുണ്ടാനന്ദമെന്നെങ്ങനേ പറയുന്നു?
ഇക്കാലം നമുക്കുള്ള സങ്കടങ്ങളുമെല്ലാ-
മക്കനെക്കണ്ട തമോമണ്ഡലം പോലെയായി.
എങ്കിലുമൊരുകാൎയ്യമിന്നു ഞാനൎത്ഥിക്കുന്നേൻ;
പങ്കജശര! ഭവാനായതുചെയ്തീടണം.
വീരനാം ഭവാനതു സാധിക്കാം നിമിഷത്തിൽ;
സാരമെത്രയുമെനിക്കെന്നതു ധരിച്ചാലും.
എന്തൊരുകാൎയ്യമെന്നതെങ്കിൽ ഞാൻ ചൊല്ലീടുവൻ
ചിന്തകൾ വെടിഞ്ഞതു കേട്ടുകൊണ്ടാലും ഭവാൻ.
താരകൻതന്നെക്കൊന്നു സങ്കടം തീൎത്തിടുവാൻ
സാരസോത്ഭവനൊടു ഞങ്ങൾ ചെന്നപേക്ഷിച്ചു.
ശങ്കരൻ തനിക്കൊരു പുത്രനുണ്ടാകിലവൻ

Digitized By Kerala Sahitya Akademi

ശങ്കകൂടാതെ വധിച്ചീടുമെന്നരുൾചെയ്തു
എന്നതിന്നൊരുവഴിയുണ്ടിപ്പോളതു ചെയ്വാ-
നന്യനില്ലതുകൊണ്ടു ചിന്തിച്ചു ഭവാനെ ഞാൻ.
കന്യകാമണിയായ പാർവതി നിത്യം ചെന്നു
പന്നഗാഭരണനെസ്സേവിക്കമറിഞ്ഞാലും.
സോമശേഖരസമാധിക്കു നീ ഭംഗം ചെയ്തു
കാമിനീമണിതന്നിൽ പ്രേമവുമുണ്ടാക്കേണം.
മാന്യനാകിയ ഭവാനിന്നതുചെയ്തീടേണം;
ശൂന്യമായ് വരുമല്ലെന്നാകിലോ ജഗത്തെല്ലാം.
ഇന്നതു ചെയ്തീടുവാൻ ബാധമില്ലേതും ഭവാ-
നൊന്നുണ്ടോ തവ ശരജാലങ്ങൾക്കരുതാതെ?
വില്ലാളികുലവരനായ നിൻ കൃപയാലേ
കല്യാണം വരുത്തുക നമുക്കും ലോകങ്ങൾക്കും..."

നിർജ്ജരാധിപൻതന്റെ വാക്കുകൾ കേട്ടനേരം
നിർജ്ജീവനെന്നപോലെ നിന്നുപോയ് മദനനും.
ദേഹവും വിറച്ചുപോയ്: ഹാഹന്ത! ഭയംകൊണ്ടു
ദാഹവുമാലസ്യവും സ്വേദവുമുണ്ടായ്‌വന്നു.
സ്തബ്ധനായരക്ഷണം നിന്നൊരുശേഷം തന്റെ
ബുദ്ധിയുമുറപ്പിച്ചു ധൈര്യമുണ്ടാകമൂലം
പിന്നെത്താൻ നിരൂപിച്ചാൻ:—"ഇന്നിവരുടെ മോഹം
നന്നനന്നെന്നേ പറഞ്ഞീടാവു നിരൂപിച്ചാൽ.
മുപ്പുരമെരിച്ചോരു സർപ്പഭൂഷണൻ തന്നി
ക്കപ്രിയമായ കർമ്മം ചെയ്യതിന്നൊന്നോടിപ്പോൾ
സേവകഭാവത്തോടു ദേവകളുരചെയ്തു;
കേവലം സ്വാൎത്ഥമെന്നേ ചൊല്ലുവാനുള്ളു പാൎത്താൽ.
അന്തകാന്തകനൊടങ്ങപ്രിയം ചെയ്തീടുവാൻ
ചിന്തിച്ചീടുകിൽപ്പോലും ഭസ്മമാക്കീടുമല്ലോ.
ലോകൈകധനുർദ്ധരൻ ഞാനെന്നു വരികിലും
ലോകനായകൻതന്നോടെന്തുചെയ്യുവതു ഞാൻ?
മോഹിച്ചു ചെന്നു ചിവ സാഹസം ചെയ്തീടുകിൽ
ദേഹവും ഭസ്മമാക്കുമില്ല സംശയമേതും,
എന്നിവയെല്ലാം മമ നിർണ്ണയമുണ്ടെങ്കിലു-
മിന്നിതു ചെയ്തീടായ്കിൽ ഘോരായ്മ വരുമല്ലോ.

Digitized By Kerala Sahitya Akademi

എന്നുടേ മഹത്വവും വീര്യവും മാനങ്ങളു-
മന്യനിന്ദയും മമ ബ്രാഹ്മണവൈഭവങ്ങളും
ഇന്നിവരോടുതന്നെ ചൊല്ലിയെൻബഹുനേരം
മന്ദനാകിയഞാനമിച്ചതിയറിയാതെ.
എന്നിരിക്കുമ്പോളിതുചെയ്യുന്നതില്ലെന്നാകിലോ
നിന്ദിക്കുമെല്ലാവരും; മാനഹാനിയുമുണ്ടാം;
നാണയത്തിനും കുറവുണ്ടാകുമതുമല്ല
പാണിയും കൊട്ടിപ്പരിഹാസവും തുടങ്ങിടും.
എന്നതുകൊണ്ടു ഞാനമിന്നിതുചെയ്തിടുന്നേൻ;
നന്നല്ല വ്രതന്മാർക്കു ദുഷ്കീർത്തിയൊരുനാളും.
ശൂരന്മാർക്കഭിമാനഹാനി വന്നിടുംനേരം
പാരാതെ മരിക്കേണമെന്നല്ലോ ബുധമതം.
പ്രാണരക്ഷണത്തിനായ് മാനഹാനിയും വന്നു
വാണിടുന്നവനാണുംപെണ്ണുമല്ലെന്നു വരും.
എന്നതുകൊണ്ടിവർക്കുവേണ്ടി ഞാൻ ഭവകോപ-
വഹ്നിയിൽ ശരീരമിന്നാഹുതി ചെയ്തീടുന്നേൻ.
ദേഹത്തെപ്പരോപകാരാർത്ഥമായ് ത്യജിക്കുകിൽ
മോഹങ്ങളെല്ലാം തീൎന്നു സൽഗതി ലഭിച്ചിടും.
എന്നിതിഹാസങ്ങളിലുക്തമായിരിക്കയാ-
ലിന്നിതുകൊണ്ടു മമ നല്ലതു വന്നുകൂടും.
ഭർഗ്ഗനേത്രാഗ്നൌ ശരീരാഹുതിചെയ്തു ഞാനും
സൽഗതിവരുത്തുവൻ; കീർത്തിയുമുണ്ടാക്കുവൻ.
ദേവകാര്യങ്ങൾ കൂടിസ്സാധിച്ചീടുകിൽ കൊള്ളാം;
ദൈവകല്പിതം പോലെ വന്നീടുമെല്ലാവർക്കും."

ഇത്തരം ചിന്തിച്ചതിധീരനാം മനോഭവൻ
വൃത്രനാശനനോടു ചിത്രമായുരചെയ്താൻ:—
"എന്തിതുകൊണ്ടു തവ സന്താപമുണ്ടാകുവാൻ?
ചിന്തിക്കിലെനിക്കിതു സാദ്ധ്യമല്ലെന്നോ പക്ഷം?
ബാധയില്ലെനിക്കേതുമിന്നിതു ചെയ്തിടുവാൻ;
സാധിച്ചു കാര്യമെന്നു ബോധിച്ചീടുക ഭവാൻ.
മുപ്പുരവൈരിതന്നെക്കെല്ലോടൊന്നിളക്കുവ-
നിപ്പോഴേ രതിയാണെ സത്യമെന്നറിഞ്ഞാലും.
ചന്തങ്ങൾ പറഞ്ഞുടൻ കാര്യങ്ങളടുക്കുമ്പോൾ
പിന്തിരിഞ്ഞീടുന്നവനല്ല ഞാനറിഞ്ഞാലും.

Digitized By Kerala Sahitya Akademi

ഇണ്ടലുമകന്നിനി വാഴ്ക നീ സുഖത്തൊടും;
കണ്ടുകൊണ്ടാലും മമ ബാഹുവീൎയ്യങ്ങളെല്ലാം.
ഇത്തരമുരചെയ്തു വന്ദിച്ചു മഹേന്ദ്രനെ-
സ്സത്വരം പുറപ്പെട്ടു ചിത്തജൻ മോദത്തൊടും.
എന്നതുകണ്ടു ദേവവൃന്ദവും മുനിമാരും
നന്നായിവരികെന്നു ചൊല്ലിനാർ തെരുതെരെ.
കന്ദൎപ്പനവർകളൊടാശീർവാദവും വാങ്ങി
മന്ദമാരുതനാം തേരതിൽ കരയേറി
ഭംഗികൾ കലൎന്നീടുമിക്ഷുകോദണ്ഡത്തോടും
ഭൃംഗമാലകളായ മൌർവീജാലങ്ങളോടും
പുഷ്പബാണങ്ങളോടും താപസന്മാൎക്കു മനോ-
ദൎപ്പമുണ്ടാക്കിടുന്ന മാധവമാസത്തോടും
സുന്ദരീമണിമൌലിയാകിയ രതിയോടും
ചന്ദ്രനാകിയ നിജസേനാനായകനോടും
മന്ദമെന്നിയേ തദാ മാരനും രുദ്രൻതന്നെ-
ച്ചിന്തിച്ചു ഭയത്തോടുമോരോന്നു നിരൂപിച്ചും
മന്ദംപോയ്ത്തുഷാരാദ്രിതന്നുടേ വനം തന്നിൽ-
ച്ചെന്നുപുക്കിതു വസന്താദികളോടും കൂടി.
പിന്നെയുണ്ടായ ഘോഷം വിസ്തരിച്ചുരചെയ്വാൻ
പന്നഗേന്ദ്രനുപോലുമാവതല്ലെന്നു നൂനം.
വന്നിതു വസന്തമെന്നോൎത്തുടൻ ജനമെല്ലാ-
മൊന്നു ചഞ്ചലമായി വന്നിതെന്നതേവേണ്ടു.
കുന്ദമന്ദാരങ്ങളും ചമ്പകാശോകങ്ങളും
തിന്ദുകസിന്ദുവാരശല്മലാർജ്ജുനങ്ങളും
കേതകപലാശചൂതാമ്രകേസരങ്ങളും
ജാതിമല്ലികാകൃതമാലഖൎജ്ജൂരങ്ങളും
കോവിദാരവും മററു വൃക്ഷഗുല്മാദികളു-
മാവോളം പൂത്തു മധുവൎഷവും തുടങ്ങിനാർ.
പൂങ്കാവുതോറും മധുപാനവുംചെയ്തു മൃദ-
ധ്വംകാരത്തൊടും മൃഗപങ്ക്തികൾ നടക്കുന്നു.
ചൂതമഞ്ജരികളിൽ കോകിലാംഗനമാരും
ചേതോമോഹനമായിഗ്ഗാനം ചെയ്തിരിക്കുന്നു.
കോമളാകൃതിപൂണ്ട ശാരികാസമൂഹവും
കാമിനിമാരെപ്പോലെ മഞ്ജുവായ്പ്പറയുന്നു.

Digitized By Kerala Sahitya Akademi

സാരസചകോരചക്രാഹ്വായാദികളെല്ലാം
പാരമാനന്ദംപൂണ്ടു ശബ്ദിച്ചു പറക്കുന്നു.
ഇത്തരമത്ഭുതങ്ങൾ പിന്നെയുമുള്ളതെല്ലാം
വിസ്തരിച്ചുരചെയ്വാനെത്രയും പണിയത്രേ.
പുഷ്പങ്ങൾ നിറഞ്ഞുള്ള ശാഖികൾകൊണ്ടു മീതേ
ശില്പമായ്‌വിതാനിച്ചു കാനനം നിരക്കവേ
പല്ലവംനിറഞ്ഞുള്ള വല്ലികൾ കൊണ്ടുതന്നെ
നല്ല തോരണങ്ങളുമുല്ലാസത്തോടുകെട്ടി
മണ്ഡലാകാരങ്ങളായ്‌വീഴുന്നപുഷ്പങ്ങളാൽ
മണ്ഡപങ്ങളും പലതുണ്ടാക്കിപ്പലവിധം
മാരിനേർചൊരിയുന്ന പൂമധുപക്കം ഘന-
സാരവാരികൾകൊണ്ടു നീളവേ തളിച്ചുടൻ
കോകിലതരുണിമാർതങ്ങടെ ഗാനത്തോടും
കേകികളുടെ മൃദശബ്ദവാദ്യങ്ങളോടും
ചാരുകീചകശബ്ദവേണുനാദങ്ങളോടും
ശാരികാനാദങ്ങളാം വീണാനാദങ്ങളോടും
നൃത്തനംചെയ്യും കേകീനാരികളോടും ശുക-
മത്തകാശിനിമാരാമുത്തമസ്ത്രീകളോടും
ഭൃംഗനാദങ്ങളോടും ശംഖനാദങ്ങളോടും
മംഗലവാദികളാം സദ്വിജഗണത്തോടും
ഒന്നിച്ചു മദനനെച്ചെന്നെതിരേററുകൊണ്ടു
വന്നങ്ങു നിജാലയേ സല്ക്കരിച്ചിരുത്തുവാൻ
ആരംഭിക്കുന്ന ഗിരിരാജനന്ദനതോന്നും;
പാരമാനന്ദമുണ്ടാമോരോന്നു കാണുംനേരം.
വീരരാം സിംഹങ്ങളും ശൂരരാം വ്യാഘ്രങ്ങളും
ഘോരരാം ഗജങ്ങളും ക്രൂരരാം സർപ്പങ്ങളും
മററുമോരോരോജാതിമൃഗങ്ങൾ പക്ഷികളും
തെറെറന്നു കാന്തമാരോടൊന്നിച്ചു രമിക്കുന്നു.
മന്ദമാരുതമേററു മന്ദമായ് മുനിമാരും
സുന്ദരിമാരൊടൊത്തു ലീലകൾ ചെയ്തിടുന്നു.
രാക്ഷസപിശാചഭൂതാദികളെല്ലാം വിശാ-
ലാക്ഷിമാരൊരുമിച്ചു രമിച്ചു തുടങ്ങിനാർ.
ജീവജന്തുക്കളെല്ലാമന്യചിന്തയുംവിട്ടു

Digitized By Kerala Sahitya Akademi

കേവലം രതിയോടും കാമനെപ്പോലെ വാണാർ.
ഇത്തരമവർതങ്ങൾക്കുണ്ടാകുന്നതെല്ലാമിന്നു
വിസ്തരിച്ചുരചെയ്യാൻ കാലമോ പോരായല്ലോ.
ചൊല്ലേറും വസന്തത്തിൻ വൈഭവമെല്ലാം ചൊല്ലാ-
നില്ലൊരുവരും; ചിത്രമെന്നതേ പറയാവൂ.
ഇത്തരം വനമെല്ലാം ക്ഷുബ്ധമായതുകണ്ടു
കൃത്തിവാസസ്സുതന്റെ പാൎശ്വദശ്രേഷ്ഠൻതാനും
വേത്രവുമിളക്കിക്കൊണ്ടേത്രയും കോപത്തോടും
നേത്രങ്ങൾ തുറിച്ചൊന്നു രൂക്ഷമായ്നോക്കീടിനാൻ
നന്ദികേശ്വരൻതന്റെ രൂക്ഷവീക്ഷണംകണ്ടു
നിന്നിതു ഭയത്തോടുമാരുമൊന്നിളകാതെ.
വൃക്ഷഗുല്മാദികളും സിംഹാദിമൃഗങ്ങളും
പക്ഷികൾസമൂഹവും മററുള്ള ജനങ്ങളും
ചിത്രത്തിലെന്നപോലെ നിന്നിതങ്ങിളകാതെ;
ചിത്രമെത്രയുമവൻതന്നുടെ ബലമോൎത്താൽ.
നിന്നവർ നില്ക്കുന്നിതു നിശ്ചലമായിത്തന്നെ;
മന്ദമാരുതൻതാനും മന്ദമായ് നിന്നീടിനാൻ.
ഭംഗിയിൽ വാഴുന്നവരങ്ങനെയിരിക്കുന്നു;
സംഗങ്ങൾ തുടൎന്നവരങ്ങനെ കിടക്കുന്നു.
പത്രങ്ങളിളക്കാതേ നില്ക്കുന്നു വൃക്ഷങ്ങളും;
പത്രികൾ പറക്കാതെ നില്ക്കുന്നു ഗഗനത്തിൽ.
ശ്വാപദാദികളെല്ലാമാരോന്നു ഭുജിപ്പാനായ
വാ പിളൎന്നിന്നവരങ്ങനെ നിന്നീടുന്നു.
സ്ഥാവരജംഗമങ്ങളൊക്കയുമതുനേരം
കേവലം നിശ്ചേഷ്ടമായ്വന്നിതെന്നതേവേണ്ടു.
സ്ഥാണുസേവനംകൊണ്ടു കാനനസ്ഥലമെല്ലാം
സ്ഥാണുക്കളായിത്തന്നേ വന്നുവെന്നതുതോന്നും.
ജൃംഭിതമായ വനം സ്തംഭിച്ചു കണ്ടനേര-
മംഭോജശരൻ താനും സംഭ്രമിച്ചെഴുനേററു.
എന്തിതിൻ കാരണമെന്നോൎത്തതിഭയത്തൊടും
ചെന്താർസായകൻ നാലുദിക്കിലും നോക്കുന്നേരം
കണ്ടിതങ്ങൊരുദിക്കിലെത്രയും മഹാതേജ-
സ്സുണ്ടാകുമതുകണ്ടാൽ ഭീതിയുമാശ്ചൎയ്യവും.

Digitized By Kerala Sahitya Akademi

കല്പാന്തസൂൎയ്യാനലന്മാരുടേ തേജസ്സുകൾ
ശില്പമായൊരേടത്തു വന്നുദിച്ചതുപോലെ.
ചിത്തജനതുകണ്ടു ചിത്തസംഭ്രമത്തോടും
നേത്രങ്ങളിളക്കാതേ സൂക്ഷിച്ചു നോക്കുന്നേരം
കണ്ടിതു പൊന്മയമായ് നല്ലോരു മരമതു
കണ്ടതില്ലാരും പണ്ടു; കേട്ടുകേളിയുമില്ല.
നാമവും ദേവദാരുവെന്നാകുമതിന്നുടേ
കോമളത്വങ്ങൾ കണ്ടാൽ മോഹനമെന്നേ വേണ്ടു.
ആയതിൻകീഴേ നല്ല പൊൻതറ കാണാസ്സുന്നി
തായത ചതുരശ്രമെത്രയും മനോഹരം.
തന്മദ്ധ്യേ മഹാദേവൻ തന്നെയും കണ്ടീടിനാൻ;
മന്മഥനതുനേരം രോമാഞ്ചമുണ്ടായ്വന്നു.
ഭൂഷണജാലങ്ങളും മറച്ചുവെച്ചു ഗാത്ര-
ശോഷണം ചെയ്തു വായുഭക്ഷനായനാരതം
താപസോചിതമായ വേഷവും കൈക്കൊണ്ടുടൻ
ദ്വീപിചൎമ്മവും വിരിച്ചമ്പോടങ്ങിരുന്നതിൽ
വാമപാദാഗ്രം വലംതുടമേലേറ്റിക്കൊണ്ടു
വാമഹസ്തവും ജാനുതൻമീതേ വച്ചുകൊണ്ടു
ജ്ഞാനമുദ്രിതമായ ദക്ഷിണഹസ്തം ഹൃദി
സാനന്ദമുറപ്പിച്ചു യോഗപട്ടവുമിട്ടു
രണ്ടുനേത്രങ്ങൾ നാസാഗ്രത്തിങ്കലുറപ്പിച്ചു-
കൊണ്ടുടൻ തൃതീയമാം നേത്രവും ചിമ്മിക്കൊണ്ടു
പിന്നെയുള്ളൊരു കരം രണ്ടും മൂൎദ്ധാവിങ്കൽ ചേ-
ൎത്തന്യൂനഭക്തിയോടുമഞ്ജലിബന്ധം ചെയ്തു
ഇന്ദ്രിയങ്ങളെയെല്ലാം നിഗ്രഹം ചെയ്തു പിന്നെ-
ത്തന്നുടേ മനസ്സുമങ്ങേകാഗ്രമാക്കിക്കൊണ്ടു
നിശ്ചലശരീരനായ് പശ്ചിമമുഖത്തോടും
സച്ചിദാനന്ദബ്രഹ്മധ്യാനവുമുറപ്പിച്ചു
വിശ്വനായകനായ ശങ്കരൻ മഹാദേവൻ
വിശ്വമൊക്കയും നിറഞ്ഞീടിന തേജസ്സോടും
താപസദേവഗന്ധൎവ്വാദികളോടും മഹാ-
കോപശീലന്മാരാകും ഭൂതവൃന്ദങ്ങളോടും
കേവലാനന്ദനാകും ശങ്കരൻ തന്നെത്തത്ര



Digitized By Kerala Sahitya Akademi

ദേവദാരുവിൻ മൂലേ കണ്ടൊരു മനോഭവൻ
എത്രയും പാരം ഭയംപൂണ്ടുടനരയാലിൻ-
പത്രമെന്നതുപോലെ വിറച്ചു വിവശനായ്,
മോഹനമാകുമിക്ഷുചാപവുമിട്ടുംകള-
ഞ്ഞാഹന്ത! മോഹംപൂണ്ടു ഭൂമിയിൽ വീണിടിനാൻ.
എന്നതുകൊണ്ടു രതിദേവിയും വസന്തവും
വന്ന സന്താപത്തോടും മന്ദമാരുതൻ താനും
ചെന്നുടനെട്ടത്തതിശീതളജലംതളി-
ച്ചുന്നാദരത്തോടും മന്ദമായ് വീശീടിനാർ.
കന്ദൎപ്പനതുനേരം മോഹവും തീൎന്നുപിന്നെ
നിന്ദിച്ചു തന്നത്താനെ മന്ദിച്ചു വസിക്കുമ്പോൾ
ഇന്ദ്രാദിദേവകളുമാകാശമാൎഗ്ഗേ വന്നു
നിന്നുടൻ കന്ദൎപ്പനോടിത്തരം ചൊല്ലീടിനാർ.
"എന്തെടോ മനോഭവ! ചാപല്യം കാട്ടുന്നതു?
ചിന്തിച്ചീടുക ഭവാനാരെന്നു മഹാമതേ!
വീരന്മാരണിയുന്ന ധീരനാകിയ തവ
പാരമിന്നൊരുഭയമുണ്ടാവാനെന്തു മൂലം?
യക്ഷകിന്നരദേവഗന്ധൎവ്വപ്രവരരും
പക്ഷീന്ദ്രധ്വജൻ മുതലാകിയ ദേവന്മാരും
ഇക്ഷുകോദണ്ഡനാകും നിന്നുടെ ശരത്തിനു
ലക്ഷ്യഭൂതന്മാരല്ലോ; പിന്നയെന്തുള്ളതിപ്പോൾ?
ശൂരനാകിയ തവ ഭീതിയുണ്ടെന്നു വന്നാൽ
പോരായ്മയുണ്ടാസ്സുരും പാരമെന്നറിഞ്ഞാലും.
എന്നതുകൊണ്ടു ഭയമൊക്കയും കളഞ്ഞു നീ
വന്ന കാൎയ്യത്തെസ്സാധിച്ചീടുക വൈകീടാതെ".
ഇത്തരമുള്ള ദേവവാക്യങ്ങൾ കേട്ടനേര-
മുത്തരം മദനനും ക്രുദ്ധനായുരചെയ്താൻ:—
"നന്നുനന്നിതു നിങ്ങൾ ചൊന്നതുമമൎത്ത്യരേ!
മന്ദത നിങ്ങളോളമാൎക്കുമില്ലറിഞ്ഞാലും.
പണ്ടു ഞാൻ ദക്ഷൻതന്റെ യാഗഭൂമിയിൽ നിന്നു
കണ്ടിതു നിങ്ങളുടെ വീൎയ്യവും ശൌൎയ്യങ്ങളും.
വീരനാം വീരഭദ്രൻ തന്നെക്കണ്ടതുനേരം
പാരമുള്ളൊരു ധൈൎയ്യമെങ്ങുപോയ് നിങ്ങൾക്കെല്ലാം?

Digitized By Kerala Sahitya Akademi

ഭൂതവൃന്ദങ്ങളോടു തല്ലുകൾ കൊണ്ടനേരം-
മാതങ്കമോടുമംഗഹീനരായെല്ലാവരും
മണ്ടിയങ്ങോരോദിക്കിൽ പോകുന്നനേരം നിങ്ങൾ-
ക്കുണ്ടായ ധൈൎയ്യമെല്ലാം കണ്ടിരിക്കുന്നു ഞാനും.
കണ്ടരാം നിങ്ങൾ നിന്ദിച്ചീടിലും മാനിക്കിലും
കണ്ടത നമുക്കില്ല സന്തോഷമതുമില്ല.
മന്ദനാമിവൻ കാൎയ്യമൊന്നുമേയറിഞ്ഞില്ല-
യെന്നു ചിന്തിച്ചു നിങ്ങളോരോന്നേ ചൊല്ലീടേണ്ട.
ദോഷങ്ങൾ മററുള്ളവൎക്കുണ്ടാക്കിച്ചമപ്പതു
ഭൂഷണമല്ലെന്നറിഞ്ഞീടുവിൻ ജളന്മാരേ!
ഏതാനുമനൎത്ഥങ്ങളിന്നെനിക്കുണ്ടായ്വന്നാൽ
ചേതവും നിങ്ങൾക്കില്ല; കാൎയ്യവും സാധിച്ചീടും;
പാമ്പനെക്കൊണ്ടു മഹാസൎപ്പത്തെപ്പിടിപ്പിച്ചാൽ
പാമ്പൻ വരുംദോഷം; തങ്ങൾക്കു സുഖമാകും.
എന്നതുപോലേ നിങ്ങളിന്നിതു നിനച്ചതു
നന്നുനന്നെന്നേ പറഞ്ഞീടാവു നിരൂപിച്ചാൽ.
സ്വാൎത്ഥതൽപരന്മാരാം നിങ്ങളുമെന്നെപ്പര-
മാൎത്ഥയാ ചിന്തിച്ചപ്പോളൊക്കയുമറിഞ്ഞേൻ ഞാൻ.
എങ്കിലും പരോപകാരാൎത്ഥമായിതു ചെയ്വാൻ
ശങ്കയില്ലെനിക്കേതും സങ്കടമതുമില്ല.
ജീവനെക്കാതിച്ചു ഞാൻ നിങ്ങളെപ്പോലെ തന്നെ
കേവലം ഷണ്ഡനായി വാഴ്കയില്ലറിഞ്ഞാലും.
ശങ്കരനേത്രാഗ്നിയിൽ ദേഹത്തേ നശിപ്പിപ്പാൻ
ശങ്കയില്ലെനിക്കേതും; കണ്ടുകൊള്ളുവിൻ നിങ്ങൾ.
 ഇത്തരമുരചെയ്തു ചിന്തവുമുറപ്പിച്ചു
കൃത്തിവാസസ്സിൻ തപോവിഘ്നത്തേ വരുത്തുവാൻ
എന്തൊരുകഴിവെന്നു ചിന്തിച്ചു മനോഭവ-
നന്തരം പാൎത്തുകൊണ്ടു നിന്നിട്ടന്നൊരുനേരം
എത്രയുമൊരുതേജസ്സന്തികേ കാണായ്വന്നു
ചിത്രമെത്രയും നല്ലവെണ്ണിലാവതുപോലെ.
എന്തിതെന്നോൎത്തു പഞ്ചസായകൻ വസിക്കുമ്പോ-
ളന്തികേ കാണായ്വന്നു പാൎവ്വതിയുടെരൂപം.
ചിന്തിച്ചാനതുനേരമെത്രയുംമോദത്തോടും:—

Digitized By Kerala Sahitya Akademi

"ഹന്ത! ഞാനിതുപോലെ കണ്ടതില്ലൊരുനാളും.
പങ്കജശരനാകുമെന്നുടേ മനംപോലും
പങ്കജവിലോചനയാമിവളിളക്കീടും.
ഉർവ്വശീതിലോത്തമാമേനകാദികളാകും
സർവ്വവധൂജനങ്ങളും സുന്ദരി രതിതാനും
ഇന്നിവളുടേ ദാസീവൃന്ദമായ് വന്നീടേണ-
മിന്ദ്രാണിതാനുമോർത്താലിന്നിവൾക്കെതിരല്ല.
ഇന്ദിരാദേവിതാനമിന്നിവൾതന്നെക്കണ്ടാ-
ലൊന്നു സംഭ്രമിച്ചീടുമില്ലസംശയമേതും.
പർവ്വതരാജൻതന്റെ നന്ദിനിയാകുമൊരു
പാർവ്വതിതന്നേയിവളില്ല കില്ലിതിനേതും.
ഇന്നിവൾചെന്നു മഹാദേവനേ വന്ദിക്കുമ്പോൾ
ഇന്ദുശേഖരചിത്തമൊന്നിളക്കുവൻ ഞാനും".
എന്നുറച്ചനംഗനും മോഹനാസ്ത്രവും തൊട്ടു-
ത്തൊന്നുതാൺടനൊരു തഞ്ചത്തിൽ നിന്നീടിനാൻ.
തോളിമാരോടുകൂടി മന്ദമായ് നടന്നടൻ
നാളീകവിലോചനയാകിയ ഗൌരിതാനും
നന്ദികേശനോടനുവാദവുംവാങ്ങിക്കൊണ്ടു
ചെന്നു ശംകരൻതന്നേ വന്ദിച്ചു ഭക്തിയോടെ.
ചന്ദനപുഷ്പധൂപദീപാദികൊണ്ടു പൂജി-
ച്ചുന്നതസ്തനിതാനും മൂന്നുരുവലംവച്ചു
ഭൂമിയിൽ വീണു നമസ്കാരവും ചെയ്തുപിന്നെ-
സ്സാദരമാദരമൊരു പുഷ്പമാലയും ചാർത്തീടിനാൾ.
പിന്നെയും മഹാദേവൻ തന്നുടേ മുന്നിൽത്തന്നെ
വന്ദിച്ചു നിന്നീടിനാൾ നിത്യമുള്ളതുപോലെ.
നല്ലൊരുഭർത്താവെനിക്കുണ്ടായ്‌വരേണമെന്നു
കല്യാണഗാത്രിതാനും പ്രാർത്ഥിച്ചു നില്ക്കും നേരം
പങ്കജശരൻതാനും ശങ്കരഹൃദയത്തിൽ
ശങ്കയെന്നിയേ മോഹനാസ്ത്രത്തെ പ്രയോഗിച്ചാൻ.
എന്നതുനേരം മൂന്നുലോകവും വിറയൽപൂ-
ണ്ടെടന്നേ കഷ്ടമേയെന്നു ചൊല്ലിനാരെല്ലാവരും.
കാമസായകമേററു വാമദേവനും ചെററു
രോമാഞ്ചമുണ്ടായ്‌വന്നു; ചിത്രമെത്രയുമോർത്താൽ.

Digitized By Kerala Sahitya Akademi

അത്രയുമല്ലപിന്നെ നിശ്ചലസമാധിക്കു-
മെത്രയുമിളക്കമുണ്ടായിതെന്നതേവേണ്ടു.
ധ്യാനവും നിറുത്തിച്ചു മാനസമഴിഞ്ഞതി-
ദീനനായ് കണ്ണുമിഴിച്ചാശ്ശുനോക്കിയനേരം
സുന്ദരീമണിയായ പാർവ്വതിതന്നേ നിജ-
മുന്നിലാമ്മാറുകണ്ടു ചന്ദ്രശേഖരൻതാനും
"മല്ലലോചനാമൌലിരത്നമാമിവളെൻെറ
വല്ലഭയായീടുവാൻ നല്ലവളത്രേ പാർത്താൽ"
എന്നു ചിന്തിച്ചു മുഖപത്മവുമധരവു-
മുന്നതസ്തനങ്ങളും നന്ദിച്ചുനോക്കിപ്പിന്നെ
ആരിവളെന്നു നന്ദി തന്നോടു ചോദിച്ചപ്പോൾ
പാരാതെ വൃത്താന്തങ്ങളൊക്കയുമുണർത്തിനാൻ.
നന്ദികേശ്വരൻചൊന്ന വൃത്താന്തം കേട്ടു നാഥൻ
നന്ദിച്ചു പാർവതിക്കു നല്കിനാനനുഗ്രഹം.
"കല്യാണശീലേ! നിനക്കിന്ദിരാപതിയോടു
തുല്യനാമൊരുകാന്തനുണ്ടാ" മെന്നരുൾചെയ്തു.
പിന്നെത്തൻമനസ്സിനു ചഞ്ചലമുണ്ടാവതി-
നിന്നു കാരണമെന്തെന്നോർത്തു ശങ്കരൻതാനും
നാലുഭാഗത്തും നോക്കുന്നേരത്തു കാണായ്‌വന്നു
മാലതീബാണാസനയും മാധവാദികളേയും.
ബാണവുംതൊട്ടുനിന്നീടുന്ന കാമൻതന്നെ-
ക്കാണായ്‌വന്നതുനേരമേണാങ്കചൂഡൻതാനും
ഇന്നിവനത്രേ തപോവിഘ്നത്തിനൊരുമൂല-
മെന്നറിഞ്ഞൊരുനേരമൊന്നുകോപിച്ചീടിനാൻ.

ഫാലലോചനംതന്നിൽ ധൂമവുമുണ്ടായ്‌വന്നു:
ത്രൈലോക്യവാസികളുമോടിനാർ ഭയത്തോടും.
വാമദേവനു കോപമുണ്ടായതറിഞ്ഞുടൻ
കാമനു നാശമുണ്ടാമെന്നുള്ള ഭയത്തോടും
പൂമഴപെയ്തു ദേവവൃന്ദവും മുനിമാരും
സോമശേഖരൻ തന്നെ സ്തുതിച്ചുതുടങ്ങിനാർ.
"ഫാലലോചന ജയ! നീലലോഹിത ജയ!
കാലനാശന ജയ! നീലകന്ധര ജയ!

Digitized By Kerala Sahitya Akademi

പാപമോചന ജയ! താപസാശ്രയ ജയ!
ഗോപതേ! ജയജയ! ഭൂതേശ! ജയജയ!
പങ്കജാസനനത! പങ്കജേക്ഷണപ്രിയ!
പങ്കനാശന ജയ! ശങ്കര ജയജയ!
ലോകങ്ങളെസ്സൃഷ്ടിച്ചു രക്ഷിച്ചു സംഹരിക്കും
ലോകനായക ജയ! ശോകനാശന ജയ!
പങ്കജേക്ഷണനായ വിഷ്ണുവായതും ഭവാൻ;
പങ്കജാസനനായ ധാതാവായതും ഭവാൻ;
ഇന്ദ്രനായതും ഭവാൻ; ചന്ദ്രനായതും ഭവാൻ;
ചന്ദ്രശേഖര! സർവം നിന്തിരുവടിയല്ലോ.
സ്ഥൂലമായതും ഭവാൻ; സൂക്ഷ്മമായതും ഭവാൻ;
കാലമായതും ഭവാൻ; മൂലമായതും ഭവാൻ.
നിഷ്കളനാകുന്നതും സകളനാകുന്നതും
നിഷ്ക്രിയനാകുന്നതും ശാശ്വതനാകുന്നതും
വേദങ്ങളാകുന്നതും ശാസ്ത്രങ്ങളാകുന്നതും
ആദിപൂരുഷ! സൎവ്വമായതും ഭവാനല്ലോ.
ലോകത്തെരക്ഷിപ്പാനും താപസവരന്മാക്കു
ശോകനാശനമാകും ജ്ഞാനോപദേശത്തിനും
താപാദികളെല്ലാമേ കളഞ്ഞു ശാന്താത്മാവായ്
താപസഭാവംപൂണ്ടു വാഴുന്നു നാഥാ! ഭവാൻ
മോഹവാരിധിതന്നിൽ മഗ്നനാം കാമൻതന്റെ
സാഹസം പൊറുത്തരുളേണമേ ദയാനിധേ.
ലോകവാസികൾക്കുള്ളോരാകുലമെല്ലാം തീൎത്തു
ലോകനായക! പരിപാലിച്ചുകൊള്ളേണമേ."
ഇത്ഥമോരോന്നു ദേവവൃന്ദവും മുനിമാരും
ചിത്തസംഭ്രമത്തോടും സ്തുതിച്ചീടുന്നനേരം
ചിത്തജൻതന്റെ ഗാത്രം ഭസ്മമായ്ക്കാണായ്വന്നു:
ചിത്രമെത്രയും മഹാകോപവൈഭവമോൎത്താൽ.
ഹാഹാകാരേണ പരിപൂൎണ്ണമായ് ജഗത്തെല്ലാം;
മോഹിച്ചുവീണു ഭയംകൊണ്ടു പാൎവ്വതിതാനും;
പുത്രിയെക്കൊണ്ടു ഗമിച്ചീടിനാൻ ഹിമവാനും;
ചിത്തസംഭ്രമത്തോടുമോടിനാരെല്ലാവരും.

Digitized By Kerala Sahitya Akademi

മന്ദമെന്നിയേ തത്ര മറഞ്ഞുമഹേശനം;
മന്ദഭാഗ്യയാം രതി ശേഷിച്ചു താനെതന്നെ.
കന്ദൎപ്പൻതൻെറരൂപം ഭസ്മമായ്ക്കണ്ടനേരം
സുന്ദരഗാത്രിതാനമെത്രയും ദുഃഖത്തോടും
പാരതിൽ മരാമരം മുറിഞ്ഞു വീണപോലെ
പാരമായലറിമോഹിച്ചങ്ങു വീണിടിനാൾ.
ഒട്ടുചെന്നൊരുനേരമൊട്ടു മോഹവും തീൎന്നു
പുഷ്ടഃവദനയൊട്ടും പെട്ടെന്നങ്ങെഴുനേററു
മുഷ്ടികൾകൊണ്ടു നിജ മാറിലും ശിരസ്സിലു-
മൊട്ടുമേ ശങ്കിയാതെ താഡിച്ചു തെരുതെരെ
പിന്നെത്താനെ ഴുനേററു മന്മഥഗാത്രഭസ്മം
തന്നിൽവീണുരുണ്ടുകൊണ്ടുച്ചത്തിൽ വിലപിച്ചാൾ.
„അയ്യയ്യോ മമ കാന്ത! നീയെന്നെച്ചതിച്ചിതോ?
തീയിതാ! കത്തുന്നു മന്മാനസമതിലയ്യോ!
ഭാൎയ്യയാമെന്നെപ്പിരിഞ്ഞെങ്ങുപോയിതു ഭവാൻ?
ശൌൎയ്യവാരിധേ! മമവല്ലഭ! ദയാനിധേ!
മന്ദമാം കടാക്ഷവും മന്ദഹാസവും പൂണ്ട
സുന്ദരമായ മുഖമെന്നിനിക്കാണുന്നു ഞാൻ?
സൈപരസല്ലാപങ്ങളും ചാരുവീക്ഷണങ്ങളു-
മാരോമൽപൂമേനിയും സാരസ്യസാരങ്ങളും
ഓരോരോ ദിനം തമ്മിലൊന്നിച്ചങ്ങോരോതരം
പാരാതേ രമിച്ചതുമെന്നു ഞാൻ മറക്കുന്നു?
എന്നോടു വേർപിരിഞ്ഞു മുന്നം നീയോരേടത്തു-
മെന്നുമേ പോയീട്ടമാറില്ലൊരു കാൎയ്യത്തിനും;
ഇന്നുഞാനറിയാതെ ചെന്നു നീ പരഃലാകേ
സുന്ദരിമാരുമായി ക്രീഡിപ്പാൻ ഗമിക്കയോ?
എങ്കിൽഞാനിന്നുതന്നെ ദേഹത്തേയുപേക്ഷിച്ചു
ശങ്കകൂടാതേ തവ സന്നിധൌ വന്നീടുവൻ
എന്നുടേ മനസി നീ സന്തതം വസിക്കുന്നു-
വെന്നു നീയനുദിനമെന്നോടു ചൊന്നതെല്ലാം
സത്യമെന്നോൎത്തുപോയേൻ മുഗ്ദ്ധയാകിയ ഞാനു-
മത്യന്തമസത്യമെന്നിന്നത്രേ ധരിച്ചതും.
സത്യമെന്നാകിൽ തവ മാനസം ദഹിക്കുമ്പോൾ

Digitized By Kerala Sahitya Akademi

മൃത്യുവുമെനിക്കുവന്നീടായ്വാനെന്തുമൂലം?
കോമളഗാത്രന്മാരാം പൂരുഷവരന്മാൎക്കു
കാമിനിമാരെച്ചതിച്ചീടുവാൻ പണിയുണ്ടോ?
കാമുകന്മാരായുള്ള പൂരുഷവരന്മാരെ-
ക്കാമിനീജനങ്ങളും വിശ്വസിക്കരുതോൎത്താൽ.
മാനസമറിയാതേ വിശ്വസിച്ചാകിലവ-
മാനവും ദുഃഖങ്ങളും വന്നീടുമെന്നെപ്പോലെ.
ബന്ധുരകളേബരയാകിയ രതിതാനും
ബന്ധമില്ലാതെയോരോന്നിത്തരം വിലപിച്ചും
ദേഹത്തേ നിൎദ്ദയമായ് താഡിച്ചുമിടയ്ക്കിടെ
മോഹിച്ചുമെയ്യനേരം വാവിട്ടങ്ങലറിയും
കണ്ണുനീരോടുകൂടി മന്മഥൻ ദഹിച്ചോരു
വെണ്ണീറുംതേച്ചുകൊണ്ടു പിന്നെയും വിലപിച്ചാൾ.
„ചന്ദ്രബിംബാഭിരാമമായ നിൻ മുഖമതും
ചന്ദ്രികപോലെ മന്ദഹാസവും കടാക്ഷവും
സുന്ദരമായ തവ ഗാത്രവും കാണാതെ ഞാ-
നിന്നരക്ഷണംപോലും ജീവിച്ചു വസിക്കുമോ?
ജീവനത്യജിച്ചു ഞാനേതുമേ വൈകീടാതെ
ജീവനായക! ഭവൽസന്നിധൌ വന്നീടുവൻ.„

ഇത്തരം പറഞ്ഞവളഗ്നിയും ജ്വലിപ്പിച്ചു
ചിത്തവുമുറപ്പിച്ചു ചാടുവാൻ തുടങ്ങുമ്പോൾ
കേൾക്കായിതശരീരിവാക്കുമാകാശമാൎഗ്ഗേ:—
„കേൾക്ക നീ മനോഹരേ! സാഹസം ചെയ്തീടൊല്ലാ.
ജന്മവും മരണവും നിത്യമെന്നറിഞ്ഞാലും;
മന്മഥനൊരു ഹേതുകൂടെയുണ്ടിതു കേൾക്ക.
പങ്കജാസനൻപണ്ടു വാണിയേ നിൎമ്മിച്ചപ്പോൾ
പങ്കജശരൻതാനും ചെന്നുടൻ കുളിക്കയും
വേദങ്ങൾ ഘോഷിക്കയുമൂത്തുടൻ ജപിക്കയും
വേദാന്തമോതിക്കയും ശാസ്ത്രങ്ങൾ പറകയും
എന്നിവയോരോതരം ഭള്ളുകൾ കാട്ടുന്നതി-
ന്നിന്നവതന്നെയെന്നറിഞ്ഞീടുവൻ ഞാനും.„
എന്നു ചിന്തിച്ചു പഞ്ചബാണനും മോഹനാസ്ത്രം
നന്നായിപ്രയോഗിച്ചു ധാതാവിൻമനസ്സിങ്കൽ

Digitized By Kerala Sahitya Akademi

ചിത്തജശരമേററു പങ്കജാസനൻ നിജ.
പുത്രിയാം സരസ്വതിതന്നെയും കാമിച്ചപോൽ.
ചഞ്ചലമായ ചിത്തം പിന്നെയങ്ങുറപ്പിച്ചു
പഞ്ചബാണനെശ്ശപിച്ചീടിനാൻ കോപത്തോടും.
ദുർമ്മാർഗ്ഗംതുടങ്ങുകകൊണ്ടു നീ വൈകീടാതെ
ദുർമ്മതേ! ശിവഫാലവഹ്നിയിൽ ദഹിച്ചിടും.
ഇത്തരം ശാപംകേട്ടു ശോകിച്ചു ഭയത്തോടും
ചിത്തജൻ ശാപമോക്ഷംതരികെന്നപേക്ഷിച്ചാൻ.
കോപമൊട്ടടങ്ങിയനേരത്തു വിരിഞ്ചനും
ശാപമോക്ഷവുംകൊടുത്തീടിനാൻ മടിയാതെ.
"ദേഹംപോമെന്നാകിലും നിന്നുടെ വീര്യംകൊണ്ടു
ദേഹികൾക്കുണ്ടാം കാമസൌഖ്യമെന്നറിഞ്ഞാലും;
ദേഹവുമൊട്ടുചെന്നാലുണ്ടാകും നിനക്കേവം
സാഹസമിനിമേലിൽ ചെയ്യരുതെന്നേയുള്ളു."
നാൻമുഖൻതന്റെ ശാപമേവമുണ്ടാകകൊണ്ടു
മന്മഥൻ ദഹിച്ചതുമെന്നറിഞ്ഞാലും ബാലേ!
ഈശ്വരന്മാരൊടുചെന്നപ്രിയം ചെയ്തീടുകിൽ
ശാശ്വതമനർത്ഥങ്ങളിങ്ങനേ വരുമല്ലോ.
വൃഷ്ണിവംശത്തിൽ ജഗന്നാഥനാം നാരായണൻ
കൃഷ്ണനായ്പ്പിറന്നീട്ടും ചെറുനാളം ചെല്ലുംനേരം;
അന്നു കാമനു ദേഹമുണ്ടാകുമത്രനാളും
സുന്ദരി! തവദേഹം രക്ഷിച്ചുവസിച്ചാലും."
ഇത്തരമശരീരിവാക്കു കേട്ടൊരുനേരം
ചിത്തസന്താപമൊട്ടുചുരുക്കി രതിതാനും
കന്ദർപ്പൻതന്നെച്ചിത്തതാരിങ്കൽനിരൂപിച്ചു
ചെന്നുടൻ ദൈത്യരാജമന്ദിരേ വാണീടിനാൾ.
കാര്യങ്ങൾ സാധിച്ചീടുമെന്നോർത്തുമുനിമാരും
ശൌര്യവാന്മാരാം ദേവഗന്ധർവ്വയക്ഷന്മാരും
ചെന്താർസായകൻതന്റെ വീര്യത്തെസ്തുതിച്ചുകൊ-
ണ്ടന്തർമ്മോദേന ചെന്നു നാകലോകവും പുക്കാർ.
ഇക്കഥാശേഷംചൊല്വാനില്ലെനിക്കവസര-
മിക്കാലമെന്നു കിളിപ്പൈതലുമടങ്ങിനാൾ.

ഒന്നാംപാദം സമാപ്തം.

Digitized By Kerala Sahitya Akademi

രണ്ടാംപാദം.

"ശാരികപ്പൈതലെ! ചാരത്തുവന്നു നീ
പാരംപഴുത്ത കദളിപ്പഴങ്ങളും
സാരമായുള്ള മധുവും ഗുളം പഞ്ച-
സാരയും നന്നായ് ഭുജിച്ചുകൊണ്ടാദരാൽ
മാരവിനാശനൻതന്റെ കഥയിതു
പാരം ചുരുക്കാതെ ചൊല്ലുചൊല്ലൊക്കെയും.
നേത്രാഗ്നിയിൽ പഞ്ചസായകൻതന്നുടേ
ഗാത്രം ദഹിപ്പിച്ചനന്തരം ശങ്കരൻ
എന്തൊന്നുചെയ്തതും പൎവ്വതപുത്രിയാം
ചെന്താമരാക്ഷിതാനെന്തൊന്നു ചെയ്തതും?
എന്നിവയെല്ലാം പറക വൈകാതെ നീ
നന്നായിവരുമിവ ചൊല്കിലും കേൾക്കിലും."
എന്നതുകേട്ടുരചെയ്തു കിളിമക-
ളിന്നതുചൊല്ലുവൻ കേട്ടുകൊൾകെങ്കിലോ.
കന്ദൎപ്പദേഹം ദഹിച്ചുവീഴുന്നതും
ചന്ദ്രാൎദ്ധശേഖരൻതന്നുടേ കോപവും
കണ്ടു ഭയംപൂണ്ടു നിന്നോരുപുത്രിയെ-
ക്കൊണ്ടു ഹിമവാൻ ഗമിച്ചു വൈകീടാതെ
തന്നുടേ മന്ദിരം പുക്കു മേനാകരേ
സുന്ദരി പാൎവ്വതിതന്നെ നല്കീടിനാൻ.
നാലഞ്ചുവാസരം ചെന്നോരനന്തരം
ബാലയാം പൎവ്വതപുത്രിക്കു മാനസേ
ഭീതികളെല്ലാമകന്നശേഷം നിജ-
ചേതസി ചിന്തനം ചെയ്താളൊരുദിനം.
"ചന്ദ്രാൎദ്ധശേഖരൻതന്നെബ് ഭജിക്കയാൽ
നന്നികൾവന്നതില്ലിന്നെനിക്കതുമേ;
എന്നതുമല്ലെത്ര കഷ്ടം നിനയ്ക്കിലോ
കന്ദൎപ്പദേഹവും ഭസ്മമായ് വന്നതേ.
എന്തിന്നിനി മമ രൂപസൌന്ദൎയ്യവും?
ചിന്തിക്കിലെത്രയും നിഷ്ഫലം നിൎണ്ണയം.
സുന്ദരന്മാൎക്കനുരാഗമുണ്ടാകിലേ
സൌന്ദൎയ്യമുള്ളതുകൊണ്ടു ഫലംവരൂ.
കാമൻ ദഹിച്ചതുമൂലം പുമാന്മാൎക്കു

Digitized By Kerala Sahitya Akademi

കാമിനിമാർകളിൽക്കാമമുണ്ടാസ്സരാ.
പൂരുഷന്മാൎക്കനുരാഗമില്ലായ്കിലോ
നാരിമാർ സാരമേയങ്ങളോടൊക്കുമേ.
എന്നതുമൂലമെന്നംഗസൌന്ദൎയ്യവു-
മിന്നു മോഹങ്ങളും വ്യൎത്ഥമായ വന്നതേ.
ആകയാലിന്നു ഞാനേതുമേ വൈകാതെ
ലോകേശനാകിയ മന്മഥവൈരിയെ
ഉള്ളിലുറപ്പിച്ചു കാനനേ ചെന്നുകൊ-
ണ്ടുള്ളംതെളിഞ്ഞു തപസ്സുചെയ്തീടുവൻ.
ഭക്തിവിശ്വാസങ്ങൾ കൊണ്ടു ഹരനുടേ
ചിത്തസന്തോഷം വരുത്തി വൈകാതെ ഞാൻ
സങ്കടമെല്ലാമകന്നു സുഖത്തോടു
ശങ്കരവല്ലഭയായി വാണീടുവൻ.
എന്നുമെനിക്കിതു കൈവരാഞ്ഞാകിലോ
നന്നായ്ത്തപം ചെയ്തു ദേഹം ത്യജിച്ചു ഞാൻ
മന്മഥവൈരിയൊടാശു ചേൎന്നീടുവൻ
ജന്മശതങ്ങൾ കൊണ്ടാകിലും നിൎണ്ണയം''.
ഇതഥമുറച്ചു തപസ്സു ചെയ്തീടുവാൻ
ചിത്തമോദേന പുറപ്പെട്ടു ഗൌരിയും.
എന്നതു കണ്ടൊരു മേനയും പുത്രിയോ-
ടിന്നിതു യോഗ്യമല്ലെന്നു പലതരം
ചൊന്നതിനുത്തരമേതുമേ മിണ്ടാതെ
തന്നുടേ തോഴിമാരോടു നടന്നവൾ
നല്ല വനാന്തരം പുക്കോരനന്തരം
ഫുല്ലകുസുമങ്ങൾ കണ്ടു മോദത്തോടും
സ്വച്ഛജലമുള്ളൊരു പൊയ്കതന്നുടേ
പശ്ചിമതീരേ ശിലാതലേ സത്വരം
ആശ്രമം തീൎത്തു തൻഭൂഷണജാലങ്ങൾ
നിശ്ശങ്കമെല്ലാമഴിച്ചുവെച്ചപ്പൊഴേ
നല്ലജടയും ധരിച്ചു മരവുരി
മെല്ലെന്നുടുത്തു കുളിച്ചു വിശുദ്ധയായ്
മൌനവ്രതത്തൊടും മാനസതാരതിൽ
മീനദ്ധ്വജാരിയേ നന്നായുറപ്പിച്ചു
ആളിമാർ കൊണ്ടുവരുന്ന പുഷ്പങ്ങളാൽ

Digitized By Kerala Sahitya Akademi

മേളം കലൎന്നു ശിവാൎച്ചനം ചെയ്തുടൻ
കണ്ണുമടച്ചു സമാധിയുറപ്പിച്ചു.
പുണ്ഡരീകാക്ഷി വസിച്ചു സുഖത്തൊടും.
മുമ്മൂന്നു വാസരം ചെല്ലുന്ന നേരത്തു
മുമ്മൂന്നു ജീൎണ്ണപൎണ്ണങ്ങൾ ഭുജിച്ചിടും.
ഇങ്ങനേ മാസമൊന്നായോരനന്തരം-
മങ്ങെട്ടുവാസരം ചെന്നാൽ ഭുജിച്ചിടും
ഓരോരൊമാസം കഴിയുന്നതുനേരം-
മോരോരൊ പൎണ്ണം കുറച്ചു കുറച്ചവൾ
അഞ്ചാറുമാസം കഴിഞ്ഞോരനന്തരം-
മഞ്ചാതെ വായുവും ഭക്ഷിച്ചു മേവിനാൾ.
ഗ്രീഷ്മകാലത്തങ്ങു പഞ്ചാഗ്നിമദ്ധ്യത്തി-
ലൂഷ്മാക്കളെല്ലാം സഹിച്ചു വസിച്ചിടും;
ധാരകളേററുടൻ വൎഷകാലങ്ങളിൽ;
പാരം കുളിരുള്ളകാലം ജലത്തിലും.
ഇത്തരമെത്രയും ഘോരതപം ചെയ്തു
ചിത്തമുറപ്പിച്ചവൾ വസിക്കും വിധൌ
മാമുനിമാരതു കേട്ടു സന്തോഷിച്ചു
കോമളഗാത്രിയെക്കണ്ടുപോന്നീടുവാൻ
ചെന്നിതു പാൎവ്വതിതന്റേ സമീപത്തു;
വന്ദിച്ചു പൂജിച്ചിരുത്തിനാൾ ഗൌരിയും.
കന്യകതന്നുടേ ചിത്തവിശുദ്ധിയു-
മന്യൂനഭക്തിയും കണ്ടു മുനികളും
സന്തോഷമോടു പറഞ്ഞു തുടങ്ങിനാർ:
"ചിന്തിക്കിലത്ഭുതം നിന്റെ തപസ്സെടോ
മാമുനിമാരായ ഞങ്ങൾക്കുമീവണ്ണ-
മാമല്ലറിക നീ കാമിനീരത്നമേ!
സോമാൎദ്ധശേഖരൻ പാരം പ്രസാദിച്ചു
കാമിച്ചതൊക്കയും നല്കും നിനക്കെടോ.
ഇന്നൊരുപൎണ്ണമാത്രം നീ ഭുജിക്കയാൽ
വന്നു ഭവതിക്കപൎണ്ണയെന്നാഖ്യയും."
ഇത്തരമാശിസ്സുകളുമരുൾചെയ്തു
ചിത്തമോദത്തൊടു താപസവൃന്ദവും
യാത്രയും ചൊല്ലിഗ്ഗമിച്ചോരനന്തരം

Digitized By Kerala Sahitya Akademi

വൃത്താന്തമുണ്ടായതെന്തു ചൊല്ലുന്നു ഞാൻ!
ഇത്ഥമനേകന്തറായിരം വത്സരം
ചിത്തമുറപ്പിച്ചു പവ്വതപുത്രിയും
മൃത്യുഞ്ജയനെത്തപസ്സു ചെയ്തിട്ടുമ-
ങ്ങെത്തുകയില്ലെന്നുറച്ചു മനോരഥം
അംഗം കളവനെന്നോർത്തുടൻ ഗൌരിയു-
മംഗുഷ്ഠമാത്രേണ നിന്നതിഘോരമായ്
ചെയ്ത തപസ്സിൽ മഹേശ്വരനേററവും
പ്രീതികലൎന്നുവസിക്കും ദശാന്തരേ
ഉഗ്രമായുള്ള തപഃശക്തികണ്ടതി
വ്യഗ്രതപൂണ്ടു വിബുധജനങ്ങളും
മാമുനിമാരോടുമൊന്നിച്ചു ചെന്നുടൻ
സോമാൎദ്ധചൂഡനെ വന്ദിച്ചു ചൊല്ലിനാർ.
„സൎവ്വേശ്വരനാം ഭവാനെക്കുറിച്ചിന്നു
പവ്വതപുത്രി തപംചെയ്കകാരണം
ദേഹങ്ങളെല്ലാം ദഹിച്ചുപോം മുന്നമേ
ലോകൈകനായക! കാത്തുകൊള്ളേണമേ.''
ഇത്ഥമവരുടേ വാക്കുകൾ കേൾക്കയാൽ
ചിത്തമോദത്തോടരുൾചെയ്തു ശങ്കരൻ.
„ഉത്തമയാമവൾതന്റെ നിയമവും
ചിത്തവിശുദ്ധിയും ഭക്തിവിശ്വാസവും
കണ്ടു തെളിഞ്ഞു ഞാൻ നിങ്ങളെല്ലാവരും
പണ്ടു നിനച്ചതു സത്യമാക്കീടുവൻ.
കാമിനീമൌലിതൻ വാഞ്ഛിതമൊക്കയും
സാമോദമിന്നു കൊടുക്കുന്നതുണ്ടു ഞാൻ.''
ഖേദവും കൈവിട്ടു നിങ്ങളെല്ലാവരും
മോദേന ചെന്നു വസിച്ചു കൊണ്ടീടുവിൻ.
ഇത്ഥമരുൾചെയ്ത വാക്കുകൾ കേൾക്കയാ-
ലെത്രയും മോദേന ദേവതാവൃന്ദവും
വന്ദിച്ചു താപസന്മാരും പുറപ്പെട്ടു
ചെന്നു നിജഗൃഹം പുക്കു വാണീടിനാർ.
ദേവകളെല്ലാം ഗമിച്ചോരനന്തരം
ദേവേശ്വരനൊരു വൎണ്ണിതൻവേഷമായ്

Digitized By Kerala Sahitya Akademi

ഭാവം പരീക്ഷിപ്പതിന്നു താൻ പാൎവ്വതി
മേവുന്ന കാനനേ ചെന്നു പുക്കീടിനാൻ.
ദൂരത്തു കണ്ടിതു പാൎവ്വതിയും തദാ
ചാരുതേജോമയനായ വടുവിനെ.
ഛത്രദണ്ഡാജിനമേഖലാദ്യങ്ങളാ-
ങ്ങെത്രയും നന്നായലംകരിച്ചങ്ങനെ
നിൎമ്മലമാം ബ്രഹ്മസൂത്രപ്രകാശവും
ബ്രഹ്മതേജസ്സുകൊണ്ടുജ്ജ്വലഗാത്രവും
കണ്ടോരുനേരത്തു ഗൌരിയും തന്നുള്ളി-
ലുണ്ടായമോദേന ചിന്ത ചെയ്തീടിനാൾ.
"ആശ്ചൎയ്യമാശ്ചൎയ്യമെത്രയുമിന്നിവ-
നീശ്വരന്മാരിൽവച്ചേകനോ ദൈവമേ?.
ഇന്ദ്രനോ? ചന്ദ്രനോ? വഹ്നിയോ? സൂൎയ്യനോ?
വന്ദ്യനിവനതിനില്ലൊരുസംശയം.
എന്നു ചിന്തിച്ചെഴുന്നേററു സസംഭ്രമം;
അന്നേരമുണ്ണിയും തത്ര ചെന്നീടിനാൻ.
അൎഘ്യപാദ്യാദികൾ കൊണ്ടു പൂജിച്ചതി-
ശ്ലാഘ്യമാമാസനം നല്കിനാൾ ഗൌരിയും.
ഭക്തികൈക്കൊണ്ടു വണങ്ങി വിനയമോ-
ടത്യന്തമോദേന ദൂരെ നിന്നീടിനാൾ.
സന്തുഷ്ടനായ വടുവുമന്നേരത്തു
ചെന്താമരാക്ഷിയോടിത്തരം ചൊല്ലിനാൻ:-
"നിന്നുടേ ഭക്തിയും വിശ്വാസവും കണ്ടു
സുന്ദരീരത്നമെ! സന്തുഷ്ടനായി ഞാൻ.
നിന്നുടേ ചിന്തിതമൊക്കയും വൈകാതെ
വന്നുകൂടീടുമതിനില്ല സംശയം.
നാളീകലോചനയായ നിനക്കുമി-
ന്നാളിമാൎക്കും സുഖമല്ലയോ സന്തതം?
നല്ല തപസ്സിന്നു വേണ്ടും പദാൎത്ഥങ്ങ-
ളെല്ലാമിവിട്ടെസ്സുലഭമായില്ലയൊ?
പ്രത്യൂഹമൊന്നും വരാതേ സുഖത്തോടു
നിത്യം തപംചെയ്തു വാഴുന്നതില്ലയോ?
ദേഹബലമറിഞ്ഞീടാതെ തന്നുടേ

Digitized By Kerala Sahitya Akademi

മോഹേന ഘോരതപസ്സു തുടങ്ങിയാൽ
ദേഹവിനാശം ഭവിക്കുമല്ലോ പിന്നെ
ദേഹികൾ ധൎമ്മങ്ങളെന്തു ചെയ്യുന്നതും?
നിന്നെ യദൃച്ഛയാ കണ്ടതു കാരണ
മെന്നുള്ളിലെത്രയും വന്നു സന്തോഷവും.
നിന്നിൽ കരുണയുണ്ടായി വരികയാ-
ലൊന്നുണ്ടു നിന്നോടു പൃച്ഛചെയ്യുന്നു ഞാൻ.
മംഗലദേവതതന്നോടു തുല്യയാം
ശൃംഗാരരൂപിണിയായ നീയാരെടോ?
പൂൎണ്ണമനോരഥനായിച്ചമഞ്ഞൊരു
പുണ്യവാനായ നിൻ താതനാരെന്നതും
നിന്നുടെ മാതാവുതന്നുടെ നാമവും
മന്നിൽ പ്രസിദ്ധമാം നിന്നുടെ വംശവും
ബന്ധുരഗാത്രിയായ് ബാലയായുള്ള നീ-
യെന്തുമൂലം തപം ചെയ്യുവാനെന്നതും
കേൾക്കയിലാഗ്രഹമുണ്ടെനിക്കിന്നിവ
കേൾക്കാവതെങ്കിലോ സത്യം പറക നീ.'
  വൎണ്ണിതൻ വാക്കുകൾ കേട്ടോരു ഗൌരിയും
കണ്ണുകൊണ്ടാശു നിയോഗിച്ചു തോഴിയെ.
ഉണ്ണിയേ വന്ദിച്ചു തോഴിയും ചൊല്ലിനാൾ:-
"പുണ്യരാശേ! ഭവാൻ കേട്ടാലുമെങ്കിലോ.
ഉത്തമനാകും ഹിമഗിരിതന്നുടെ
പുത്രിയാകുന്നിവൾ; പാൎവ്വതിയെന്നു പേർ;
ഇന്നിവൾ മാതാവു മേനയാകുന്നതും;
പിന്നെത്തപസ്സിനു കാരണം കേൾക്കെടോ.
പങ്കജലോചനയാകുമെൻ തോഴിക്കു
ശങ്കരൻ കാന്തനായീടുവാനാഗ്രഹം.
ഉണ്ടാകകൊണ്ടു തപസ്സു ചെയ്തീടുന്നു
കണ്ടാലറിയാമതെന്നേ പറയാവൂ.
ഇന്നിവൾതന്നുടെ ബന്ധുജനങ്ങളും
പിന്നെജ്ജനനിയുമാളിമാർ ഞങ്ങളും
നന്നല്ലിതെന്നു പലവിധം ചൊല്ലിയ-
തൊന്നുമിവൾക്കു മനസ്സിലേറീലെടോ.

Digitized By Kerala Sahitya Akademi

"പങ്കജബാണാരിതന്നെത്തപം ചെയ്തു
ശങ്കകൂടാതെ ഞാൻ കാന്തനാക്കീടുവൻ.
അല്ലായ്കിലോ മമ ദേഹം ത്യജിച്ചു ഞാൻ
മല്ലബാണാരിയോടാശു ചേൎന്നീടുവൻ."
എന്നിവളേററമുറച്ചിരിക്കുന്നതി-
നൊന്നു ചെയ്താലുമിളക്കമില്ലേതുമേ.
ഇഷ്ടസഖികളായ് മേവുന്ന ഞങ്ങൾക്കു
കഷ്ടമിതുകൊണ്ടു ദുഃഖമുണ്ടേററവും
ശക്തിക്കടുത്തതല്ലാത തപം ചെയ്തു
ശുഷ്കിച്ചു ഗാത്രവും; കൃഷ്ണമായ് വൎണ്ണവും.
ഗൌരവൎണ്ണംകൊണ്ടു ഗൌരിയെന്നുള്ളൊരു
പേരുമിവൾക്കിന്നു മാറുമാറായിതേ.
ഊണുമുറക്കവും കൂടാതെ നിത്യവും
ക്ഷോണിയിൽത്തന്നെ കിടപ്പതു കാൺകയാൽ
തോഴിമാരായുള്ള ഞങ്ങളെല്ലാവരും
കേഴുന്നതുകൊണ്ടു ക്രൂരമില്ലേതുമേ.
ഈശ്വരാനുഗ്രഹമുണ്ടെന്നിരിക്കിലോ
ശാശ്വതം സൌഖ്യം വരുമെന്നതേയുള്ളു.
ഭോഗങ്ങളെല്ലാമനുഭവിച്ചീടുവാൻ
യോഗമിവൾക്കില്ലയെങ്കിലെന്താവതും?
അത്ര വന്നാശുതപസ്സുതുടൎന്നനാ-
ളെത്രയും കൌതുഹലത്തോടു ഞങ്ങളും
ഓരോരോ വൃക്ഷങ്ങൾ നട്ടുനനച്ചവ
പാരാതെകാൺക; ഗഗനസ്പൃശങ്ങളായ്;
നല്ലകുസുമങ്ങളും ഫലജാലവു-
മെല്ലാം തുടങ്ങീട്ടു കാലമൊട്ടേറെയായ്;
സുന്ദരിതന്റെ മനോരഥപാദപ-
മിന്നു ഫലിച്ചീല; പൂത്തതുമില്ലെടോ;
എന്തുചെയ്യുന്നതു ഞങ്ങളിന്നാൎക്കുമേ
ചിന്തിച്ചവണ്ണം വരികയില്ലൊന്നുമേ.
എന്നിങ്ങിരിക്കിലും ധന്യനാകും ഭവാ-
നിന്നിഹവന്നതും ഭാഗ്യമത്രേ തുലോം.
ബ്രഹ്മതേജസ്സും ശരീരലാവണ്യവും

Digitized By Kerala Sahitya Akademi

നന്മയേറീടുന്ന വാഗ്വൈഭവങ്ങളും
ഇത്രയുണ്ടായൊരുതാപസന്മാരെ ഞാ-
നിത്രനാളായിട്ടു കണ്ടതില്ലെങ്ങുമേ.
ഇത്ര മഹത്വമുള്ളോരു ഭവാനിഹ
ചിത്തകാരുണ്യേന വന്നതുകാരണം
സന്താപമെല്ലാമകന്നു ഞങ്ങൾക്കിനി-
സ്സന്തോഷമോടുമനുഗ്രഹിക്കേണമേ."

ഇത്ഥമവളുടെ വാക്കുകൾ കേൾക്കയാൽ
ചിത്തമോദത്തോടു വൃഷ്ണിയും ചൊല്ലിനാൻ.
"പർവ്വതരാജകുമാരിയായുള്ളോരു
പർവ്വശശിമുഖി! പാർവ്വതി! കേൾക്ക നീ.
കണ്ടുപരിചയമില്ലെന്നിരിക്കിലും
കണ്ടതുപോലെ ഞാൻ കേട്ടറിഞ്ഞീടുമേ.
ഇന്നു നാം തങ്ങളിൽ കണ്ടതുകാരണം
നിന്നിൽ മഹത്വമെനിക്കു വർദ്ധിക്കയാൽ
നല്ല ഗുണദോഷമൊന്നു ചൊല്ലുന്നു ഞാൻ;
മല്ലവിലോചനേ! കേട്ടാലുമിന്നു നീ.
സുന്ദരിമാരായ കന്യാജനങ്ങൾക്കു
സുന്ദരനായൊരു കാന്തനുണ്ടാകയും;
വിത്തമനവധിയുണ്ടായ് വരികയു-
മുത്തമഭോഗങ്ങളോടു സുഖിക്കയും;
എന്നിവയെല്ലാം വരേണ്ടതു; ചിന്തിക്കി-
ലിന്നിവയെല്ലാം സുലഭം നിനക്കെടോ.
ഇന്ദ്രനെന്നാകിലും ചന്ദ്രനെന്നാകിലും
കന്ദർപ്പനെങ്കിലും മാനുഷനെങ്കിലും
നിന്നുടെ രൂപസൌന്ദര്യങ്ങൾ കാൺകിലോ
വന്നവർ ദാസരായ് വാഴുമേ സന്തതം.
ദ്രവ്യമുണ്ടാവതിനാഗ്രഹമെങ്കിലോ
ഭവ്യനല്ലോ തവ താതൻ ഗിരീശ്വരൻ.
ഇത്രിലോകത്തിങ്കലുള്ള ജനങ്ങളിൽ
ചിത്താനുരാഗം നിനക്കു വരായ്കയാൽ
മൂർത്തികൾ മൂവരിലേകനെസ്സേവിച്ചു
പൂർത്തിവരുത്തുവാനാഗ്രഹമെങ്കിലോ



Digitized By Kerala Sahitya Akademi

പങ്കജാക്ഷങ്കലുറപ്പിച്ചമാനസം
ശങ്കകൂടാതേ തപസ്സുചെയ്യുന്നഹം
തൽപ്രസാദത്തെ വരുത്തി വൈകീടാതെ
തൽപ്രിയയായിസ്സുഖിച്ചുവസിക്ക നീ.
എന്നതുകൂടാതെ പന്നഗഭൂഷണൻ-
തന്നേ വരിച്ചതുമെത്രയുമത്ഭുതം.
ശങ്കരൻതന്റെ പരമാൎത്ഥമൊക്കെയും
പങ്കജലോചനേ! നീയറിഞ്ഞീടുകിൽ
ഇന്ന തപസ്സു സമർപ്പിച്ചു ലജ്ജയാ
ചെന്നു നീ നിന്നുടെ മന്ദിരേ മേവുമേ
എല്ലാ ഗുണങ്ങളുമുള്ള പുരുഷനെ-
ക്കല്യാണി! കാമിക്കുമല്ലോ തരുണിമാർ.
വേണ്ടുംഗുണങ്ങളിലൊന്നെങ്കിലുമിന്നു
തണ്ടാർശരാരിക്കു കണ്ടീല ഞാനെടോ.
നല്ലോരു വംശവും സാധുപൂജ്യതയു-
മല്ലോ വരേണ്ടതു മുമ്പിലെല്ലാൎക്കുമേ.
ശങ്കരൻതന്നുടേ വംശമേതെന്നതു
പങ്കജയോനിക്കുമില്ലൊരുനിശ്ചയം.
ബ്രഹ്മഘ്നനാകയാലിന്നവൻതന്നുടേ
നിൎമ്മാല്യമാരും ഭുജിക്കമാറില്ലെടോ.
എല്ലാ ഗുണങ്ങളുമില്ലെന്നിരിക്കിലും
നല്ലസൌന്ദൎയ്യമുണ്ടെങ്കിലും പോരുമേ.
ഇന്നവൻതന്നുടേ മൂന്നു നേത്രങ്ങളും
പന്നഗമാലയുമസ്ഥിദാമങ്ങളും
തോലുമുടുത്തു ജടയും ധരിച്ചോരു
കോലം നിരൂപിക്കിലെത്രയും വിസ്മയം.
യൌവനമുണ്ടെന്നിരിക്കിലതും സുഖം;
ശൎവനതുള്ളതറികയില്ലാരുമേ.
കാമരസങ്ങളുണ്ടെങ്കിലും പോരുമേ;
കാമനെക്കൊന്നോരു നിഷ്കാമനീശ്വരൻ
വേണ്ടുംഗുണമൊന്നുമില്ലെന്നിരിക്കിലും
വേണ്ടും ധനങ്ങളുണ്ടെങ്കിൽ പൊറുത്തിടാം.
സർവ്വാംഗമാഭരണങ്ങളിട്ടീടുവാൻ

Digitized By Kerala Sahitya Akademi

ശർവ്വന്ന മോഹം പെരികെയുണ്ടാകയാൽ
അൎത്ഥമില്ലാഞ്ഞിട്ടു പന്നഗമാലയു-
മസ്ഥിദാമങ്ങളുമിട്ടു വസിക്കുന്നു.
നേരോടൊരുവസ്ത്രമില്ലായ്ക കാരണം
നാറുംപുലിത്തോലുടുക്കുന്നു നിത്യവും.
എണ്ണതേച്ചീടുവാനില്ലാഞ്ഞു മേലൊക്കെ
വെണ്ണീറുതേച്ചു ജടപിരിച്ചീടിനാൻ.
ഭിക്ഷയൊരുദിനം കിട്ടിയില്ലെങ്കിലൊ
ഭക്ഷണമൊരിക്കുന്നു മാരുതഭക്ഷണം.
നല്ല ഭവനമുണ്ടെങ്കിൽ പൊറുത്തിടാ-
മില്ലമവന്നു ചുടലയെന്നോൎക്ക നീ.
ഒന്നും തരുവതിനില്ലെന്നിരിക്കിലും
ധന്യേ! പൊറുത്തിടാം കോപമില്ലെങ്കിലോ.
കോപത്തിനാവാസമായതു ശങ്കരൻ;
ശാപങ്ങളും കൂട്ടുവാനും തടവില്ലെടോ.
ഭൃത്യപരിജനസേവകന്മാരവ-
രെത്രയും ക്രൂരരാം ഭൂതഗണങ്ങളും;
വാഹനമായതു വൃദ്ധനാം കാളപോൽ;
മോഹനശീലേ! നിനക്കിതു ചേരുമോ?
നല്ല കളഭങ്ങൾ കസ്തൂരിയാദിക-
ളെല്ലാം ധരിച്ചു മനോജ്ഞതരങ്ങളാം
ആഭരണങ്ങളണിഞ്ഞുകൊണ്ടേററവും
ശോഭനമായുള്ള സൌധമണിഗ്രഹേ
കുന്ദേന്ദുശുഭ്രമായുള്ളൊരു മെത്തമേൽ
കന്ദൎപ്പതുല്യനാം കാന്തനോടും സദാ
സൈ്വരസല്ലാപങ്ങളൊടുമനുദിനം
മാരോത്സവത്തോടു വാഴ്കവേണ്ടുന്ന നീ
പൊക്കണവുമൊരു ശംഖും തുടിയുമായ്
ഭിക്ഷയ്ക്കു ശൎവ്വൻ നടക്കും ദശാന്തരേ
പിന്നാലെതന്നേ നടന്നു വെയിൽകൊണ്ടു
ഖിന്നതയെല്ലാം പൊറുക്കുന്നതെങ്ങനേ?
ക്രൂരസൎപ്പങ്ങളണിയുന്നവനെ നീ
നേരേ പുണരുന്നതെങ്ങനെ? ചൊൽകെടോ.

Digitized By Kerala Sahitya Akademi

പൂൎണ്ണചന്ദ്രാനനയായ നീ ശൎവ്വനെ-
പ്പൂൎണ്ണമോദം പുണൎന്നീടുംദശാന്തരെ
സ്വൎണ്ണകുംഭങ്ങളോടൊത്ത കുചങ്ങളിൽ
വെണ്ണീർ പുരണ്ടാൽ പൊറുക്കുമോ ബാലികെ?
ഇത്ര മൃദുഗാത്രിയായ നീ ശങ്കര-
നേത്രാഗ്നിതന്നിലെച്ചൂടു സഹിക്കുമോ?
മാരനെക്കൊന്നവനോടൊരുമിച്ചു നീ-
യോരോ വിനോദങ്ങൾ ചെയ്യുന്നതെങ്ങനേ?
ആളികളോടും സുഖിച്ചിരിക്കുന്ന നീ
കൂളികളോടും വസിക്കുന്നതെങ്ങനെ?
ദുഃഖങ്ങളിത്തരമുള്ളവയൊക്കയു-
മുത്തമെ നീ സഹിച്ചീടുമോ ബാലികേ?
എത്രയും ദുഃഖങ്ങളുണ്ടെന്നിരിക്കിലും
മിത്രിലോകേശൻെറ ഭാൎയ്യയായിട്ടുകിൽ
ഉണ്ടൊരു സൌഖ്യമെന്നാകിലതിനൊരി-
ന്നുണ്ടൊരുദോഷമറിക മനോഹരേ!
സൎവ്വലോകങ്ങൾക്കുമീശ്വരിയാകിലും
ശൎവ്വനഭാൎയ്യയായ് വന്നതുകാരണം
മുന്നം സതിക്കു ദക്ഷാദ്ധ്വരത്തിങ്കന്നു
വന്നോരവമാനമെന്തു ചൊല്ലുന്നതും?
സക്തിയൊന്നിങ്കലുമില്ലാഞ്ഞുകാരണം
ഭക്തപ്രിയനായ ചന്ദ്രാൎദ്ധചൂഡനെ
ഭക്തിയോടും തപംചെയ്തു നിനക്കിന്നു
മുക്തിവരുത്തുവാനഗ്രഹമെങ്കിലോ
ഭുക്തിനൽകീടുവാൻ പോലുമില്ലാത്തവൻ
മുക്തിനല്കീടുമൊ മൃഗശാവവിലോചനേ?
എന്തിനിന്നേറെപ്പറയുന്നു ഞാൻ? വൃഥാ
ചിന്തിക്കിൽ നിന്നുടെ മോഹമത്യത്ഭുതം.
വേണ്ടുംഗുണങ്ങളിലൊന്നുമില്ലാത്തൊരു
തണ്ടാർശരവൈരിയാകിയ ദേവനെ
നീയെന്നിയേയൊരു നാരിമാരാരുമെ
പൊയ്യല്ല കണ്ടു കാമിച്ചവരില്ലെടോ.
എന്നതുകൊണ്ടിവ മൂഢതയൊക്കയു-

Digitized By Kerala Sahitya Akademi

മിന്നുകളഞ്ഞാശു സന്തുഷ്ടയായി നീ
ചെന്നു നിജാലയേ നന്ദിച്ചു വാഴ്കെടോ;
കന്യകാരത്നമെ! നന്നായ്‌വരിക തേ.
നിന്നിലെനിക്കു മമത്വമുണ്ടാകയാ-
ലിന്നു ഗുണദോഷമൊക്കെ ഞാൻ ചൊല്ലിനേൻ.
ഇല്ലൊരു കാൎയ്യമെനിക്കതുകൊണ്ടു നീ-
യെല്ലാം നിനക്കൊത്തവണ്ണമായ് ചെയ്കെടോ".
ഇത്തരം വൎണ്ണിതൻ വാക്കുകൾ കേൾക്കയാ-
ലെത്രയും കോപിച്ചു പൎവ്വതപുത്രിയും
ഗാത്രവും പാരം വിറച്ചു രക്താന്തമാം
നേത്രയുഗ്മത്തൊടെഴ്വനേററം സത്വരം
ശങ്കരനിന്ദകൾ കേട്ടു സഹിയാഞ്ഞു
ശങ്കകൂടാതേ പറഞ്ഞുതുടങ്ങിനാൾ.
"പോരും പറഞ്ഞതു പോരും കുമാരക!
സാരമറിയാത്ത മൂഢനത്രേ ഭവാൻ.
ആരു നിന്നോടിതു ചോദിച്ചു ദുൎമ്മതേ?
കാൎയ്യമെന്തുള്ളതിവിടേ നിനക്കെടോ?
വിപ്രനെന്നാകിലുമിത്തരം ചൊല്കയാ-
ലപ്രിയമാസ്സുതമെന്നറിഞ്ഞീടു നീ.
ചന്ദ്രാൎദ്ധശേഖരൻ തന്റേ മഹിമക-
ളൊന്നുമറിഞ്ഞില നീയെന്നുനിൎണ്ണയം.
ലോകങ്ങളൊക്കയും സൃഷ്ടിപ്പതും ശിവൻ;
ആകല്പംകൂടാതെ പാലിപ്പതും ശിവൻ;
പിന്നെയതു സംഹരിക്കുന്നതും ശിവൻ;
മൂന്നാം മൂൎത്തികളാകുന്നതും ശിവൻ;
ദേവാദികീടപൎയ്യന്തജന്തുക്കളും
കേവലം സ്ഥാണുക്കളാകുന്നതും ശിവൻ;
വൎണ്ണാശ്രമങ്ങളും ധൎമ്മാശ്രമങ്ങളും
നിൎണ്ണയം വേദങ്ങൾ ശാസ്ത്രങ്ങളും ശിവൻ;
ഇന്നുകാണുന്നതും കാണാത്തവസ്തുവു-
മെന്നല്ല സൎവ്വവും സൎവ്വേശ്വരൻ ശിവൻ.
എന്നിരിക്കുന്നൊരു ലോകൈകനാഥനെ
നിന്ദിച്ചു നിൻമുഖം കാണരുതോൎക്ക നീ.

Digitized By Kerala Sahitya Akademi

ദേവതാനിന്ദയും ബ്രാഹ്മണനിന്ദയും
കേവലം മാതൃപിതൃഗുരുനിന്ദയും
കേട്ടാൽച്ചെവികളും പൊത്തിയവിടെനി-
ന്നൊട്ടുമേവൈകാതെ പോകേണമേവനും.
അല്ലായ്കിലോ പാപമുണ്ടായ് വരുമെന്നു
ചൊല്ലുന്നു ശാസ്ത്രവും വിദ്വജ്ജനങ്ങളും.
എന്നതുകൊണ്ടിന്നു ഞാനും സഖികളു-
മന്യദേശത്തു ചെന്നാശു പ്രാണിടുവൻ.
ദുഷ്ടനായോരുനീയത്ര വസിക്കിലും
പെട്ടെന്നുപോകിലുമില്ലെനിക്കേതുമേ''
ഇത്ഥമുരചെയ്തു കോപംപൊറായ്കയാൽ
സത്വരമുത്ഥാനവുംചെയ്തു ഗൌരിയും
പൎണ്ണശാലാന്തരേ ചെന്നോരുനേരത്തു
വൎണ്ണിയെക്കാണാനുമില്ലൊരുദിക്കിലും.
കല്യാണരൂപനാമുണ്ണിയെക്കാണാഞ്ഞു
മല്ലവിലോചന ചിന്തിച്ചു മാനസേ.
''കണ്ടങ്ങിരിക്കുന്നനേരം കുമാരനെ-
ക്കണ്ടതുമില്ലെന്തൊരത്ഭുതം ദൈവമേ!
കാനനവാസികൾതങ്ങടേ മായയോ?
മാനസഭ്രാന്തിയോ? സ്വപ്നമോ? സത്യമോ
ഇത്തരം ചിന്തിച്ചു സംഭ്രമം കൈക്കൊണ്ടു
ചിത്തമോദത്തൊട്ടു നില്ക്കും ദശാന്തരേ
മുന്നിലാമ്മാറുമഹേശ്വരൻതന്നുടെ
സുന്ദരരൂപവും കാണായിവന്നുതേ
ബാലാൎക്കശോഭകലൎന്ന ജടയതിൽ
ബാലശശാങ്കനും പൊന്നിൻകിരീടവും
പങ്കജപത്രസമാനനേത്രങ്ങളും
തങ്കലനുരാഗസൂചിതദൃഷ്ടിയും
ചന്ദ്രബിംബത്തെജ്ജയിക്കും വദനവും
ചന്ദ്രികപോലെ മൃദുസ്മിതഭംഗിയും
ബിംബാധരോഷ്ഠവും കുണ്ഡലശോഭയും
നിൎമ്മലമാകിയ ഗണ്ഡസ്ഥലാഭയും
ഇന്ദ്രനീലദ്യുതിശോഭിതകണ്ഠവും
സുന്ദരമായവക്ഷസ്ഥലശോഭയും

Digitized By Kerala Sahitya Akademi

നല്ല പതക്കങ്ങൾ മുത്തുപൊന്മാലക-
ളെല്ലാമലംകരിച്ചുള്ളൊരു ശോഭയും
ഏണപരശ്വവരദാഭയാങ്കിത-
പാണികൾശോഭയും കങ്കണകാന്തിയും
കാഞ്ചീഗുണങ്ങളും പട്ടുടയാടയും
കാഞ്ചനവർണ്ണമാമൂരുദ്വയാഭയും
പങ്കജശോഭയെ നിന്ദചെയ്യും പാദ-
പങ്കജശോഭയും നൂപുരകാന്തിയും
കന്ദർപ്പകോടിപ്രതിമാനമാകിയ
സുന്ദരരൂപം ധരിച്ചുകൊണ്ടങ്ങനെ
ഇന്ദ്രാദിദേവകളോടും മുനിസിദ്ധ-
കിന്നരഗന്ധർവയക്ഷവൃന്ദത്തോടും
നന്ദികേശാദിയാം ഭൂതഗണത്തോടും
വന്ദികളായ മററുള്ള ജനത്തോടും
ത്രൈലോക്യമെല്ലാം നിറഞ്ഞ തേജസ്സോടും
ത്രൈലോക്യനാഥനെക്കണ്ടൊരു ഗൌരിയും
ആനന്ദസംഭ്രമലജ്ജാപരവശ-
മാനസയായ് പുളകാലംകൃതാംഗിയായ്
സത്വരം വീണുനമസ്കാരവും ചെയ്തു
ഭക്തികൈക്കൊണ്ടു തൊഴുതുനിന്നീടിനാൾ.
ചന്ദ്രാർദ്ധശേഖരൻ മന്ദഹാസം ചെയ്തു
കന്യകതന്നോടരുൾചെയ്തു മന്ദമായ്.
"സുന്ദരിമാർകുലമാലികേ! ബാലികേ!
ചന്ദ്രബിംബാനനേ! സാരസലോചനേ!
സർവവധൂവൃന്ദവും വന്നടികൂപ്പുന്ന
പർവതകന്യകേ! കേൾ മമ വാക്കുകൾ.
നിന്നുടെഭംഗിയും വിശ്വാസവുംകണ്ടു
കന്യകാരത്നമേ! സന്തുഷ്ടനായി ഞാൻ.
നിന്നുടേ ഭക്തി പരീക്ഷപ്പതിന്നു ഞാൻ
വന്നിതു വർണ്ണിയായെന്നറിഞ്ഞീടു നീ.
ചിത്തവിശുദ്ധിയും ഭക്തിവിശ്വാസവു-
മിത്ര മററാർക്കുമേ കണ്ടീല ഞാനെടോ.
ഏററവുമുള്ളോരു ഭക്തികൊണ്ടെന്നിയേ
മററൊന്നുകൊണ്ടും പ്രസാദിക്കയില്ല ഞാൻ.

Digitized By Kerala Sahitya Akademi

ഉന്നതഭക്തികൊണ്ടെന്നെ നീ കാൺകയാ-
ലിന്നുതുടങ്ങി നിൻ ദാസനായേനഹം.
അത്രയുമല്ല ഞാൻ സന്തുഷ്ടനാകയാൽ
ഗാത്രവും പാതി നിനക്കു തന്നീടിനേൻ.
ഇന്നു നിന്മാനസേ ചിന്തിച്ചതുപോലെ
വന്നീടുമൊക്കയുമില്ലൊരുസംശയം.
ബന്ധുക്കളേയുമനുസരിപ്പിച്ചു ഞാൻ
ബന്ധുരഗാത്രിയാം നിന്റെ മനോരഥം
താമസംകൂടാതെ കൈവരുത്തീടുവൻ;
താമസിപ്പാൻ പാത്രമല്ല ഞാനൊട്ടുമേ.
നിന്നുടേമൂലം ദഹിച്ചോരുമന്മഥ-
നിന്നു നിൻകാരണമുത്ഭവിച്ചീടിനാൻ.
എങ്കിൽ നീ പോയാലുമിന്നു മനോഹരേ!
സങ്കടമൊക്കയും തീൎത്തുകൊണ്ടീടുവൻ.
ഉത്തമയായൊരു പൎവതപുത്രിയോ
ടിത്തരമെല്ലാമരുളംചെയ്തു ശങ്കരൻ
ഉത്തമതാപസദേവഗണത്തോടും
സത്വരം തത്ര മറഞ്ഞരുളീടിനാൻ.

ചന്ദ്രാൎദ്ധശേഖരൻ പ്രത്യക്ഷനാകയാൽ
തന്നുടേ കാമിതമൊക്കെ വരികയാൽ
മാനിനീമൌലിയാം പാൎവ്വതിദേവിയു-
മാനന്ദപീയൂഷവാരിധിമഗ്നയായ്
അംഗജവൈരിയെ വന്ദിച്ചു സാദരം
മംഗലഗാത്രികളാകും സഖികളും
ഒന്നിച്ചു വൈകാതെ ചെന്നു നിജഗൃഹം
തന്നിലാമ്മാറു സുഖിച്ചു വാണീടിനാൾ.

അക്കാലമങ്ങു പരമേശ്വരൻ തനി-
ക്കകക്കാമ്പിൽ മന്മഥപീഡയുണ്ടാകയാൽ
ഗൌരീവിരഹം സഹിച്ചുകൂടായ്കയാൽ
പാരാതെ ചിന്തിച്ചു സപ്തൎഷിമാരെയും.
ചിന്തിച്ചതപ്പോളറിഞ്ഞു മുനികളും
ചെന്താർശരാരിയെച്ചെന്നു വണങ്ങിനാർ.
സൽക്കാരവുംചെയ്തു മാമുനിമാരോടു

Digitized By Kerala Sahitya Akademi

മുഗ്ദ്ധേന്ദുശേഖരനിത്ഥമരുൾചെയ്തു.
"നമ്മുടേ നന്ദനൻ താരകനാകിയ
ദുർമ്മതി ദൈത്യനെക്കൊല്ലുമെന്നിങ്ങനെ
പങ്കജയോനി കൊടുത്ത വരത്തിനാൽ
സങ്കടംപൂണ്ടു വിബുധരത്ഥിക്കയാൽ
ഇന്നു വിവാഹം കഴിക്കയെന്നുള്ളതു-
മെന്നുടെ മാനസേ നിശ്ചയിച്ചീടിനേൻ.
സർവ്വലോകേശ്വരിയായ സതീദേവി
പർവ്വതപുത്രിയായ് വന്നു ജനിക്കയാൽ
ഇന്നവൾതന്നെപ്പരിഗ്രഹിച്ചീടുവൻ;
എന്നതിനായ്ക്കൊണ്ടു നിങ്ങളിന്നിപ്പൊഴേ
ചെന്നു ഹിമഗിരിതന്നോടു വാർത്തക-
ളൊന്നൊഴിയാതെ പറഞ്ഞു യഥാവിധി
കന്യകായാചനംചെയ്തു സമയവും
നന്ദിച്ചു ചൊന്നു വിരയെ വന്നീടണം."
എന്നുള്ള ശംകരവാക്യങ്ങൾ കേട്ടവർ
വന്ദിച്ചു ചെന്നു ഹിമഗിരിതന്നിടെ.
നന്ദിച്ചു പൂജിച്ചു പർവ്വതരാജനും
വന്ദിച്ചവരോടുചൊന്നാൻ മധുരമായ്
"ഭാഗവതോത്തമന്മാരായി മേവുന്ന
യോഗിപ്രവരരേ! സ്വാഗതമല്ലയോ?
ധന്യനായ്വന്നു ഞാൻ നിങ്ങളെക്കാൺകയാ-
ലെന്നുടേ ജന്മവുമിന്നു സഫലമായ്
ചിത്തകാരുണ്യേന നിങ്ങളെല്ലാവരു-
മത്ര വന്നീടുവാനെന്തൊരുകാരണം?
എന്തു ഞാൻ ചെയ്യേണ്ടതെന്നരുൾചെയ്താൽ കി-
ലന്തരംകൂടാതെ ചെയ്യുന്നതുണ്ടു ഞാൻ."
എന്നതുകേട്ടരുൾചെയ്തു മുനീന്ദ്രരും.
"വന്നതിൻകാരണം കേട്ടുകൊൾകെങ്കിലോ.
പന്നഗഭൂഷണനാകിയ ശങ്കര-
നിന്നു പരിണയം നിശ്ചയിച്ചീടിനാൻ.
എന്നതിനിന്നു നിൻപുത്രിയാം ഗൌരിയെ-
ത്തന്നുവെന്നാകിലോ നന്നതു ചൊല്ലുവാൻ



Digitized By Kerala Sahitya Akademi

ചന്ദ്രാൎദ്ധചൂഡന്റെ ശാസനം കൈക്കൊണ്ടു
വന്നിതു ഞങ്ങളുമെന്നറിഞ്ഞീടു നീ.
സന്മതിയായ ഭവാനതു മാനസേ
സമ്മതമാകിലോ നന്നായിരുന്നതേ.
ലോകൈകനാഥന്റെ ബന്ധുവായീടുകി-
ലാകുലമെല്ലാം ഭവാനു തീൎന്നീടുമേ.
കന്യകമാക്കിതുപോലെയൊരു വര-
നന്യനുണ്ടാകുമോ ചിന്തിക്ക മാനസേ.
യോഗ്യനാമീശനെസ്സൽക്കരിച്ചീടുവാൻ
ഭാഗ്യമുണ്ടാകിലേ കൈവരൂ നിൎണ്ണയം.
എത്രയും ബുദ്ധിമാനായ ഭവാനിവ
ചിത്തേ നിനച്ചുറച്ചോന്നു ചൊല്ലീടണം.
ഇത്ഥമവരുടേ വാക്കുകൾ കേൾക്കയാൽ
ചിത്തമോദംകൊണ്ടു പർവതരാജനും
ആനന്ദജാശ്രുപൊഴിച്ചു സഗൽഗദം
മാനിച്ചു മാമുനിമാരോടു ചൊല്ലിനാൻ.
"ഭാഗ്യമഹോ മമ ഭാഗ്യമിതോക്കിലോ
ശ്ലാഘ്യനായ്തുന്നു ഞാനില്ലൊരുസംശയം.
പാരേഴുരണ്ടിനും നാഥനാമീശനു
കാരുണ്യമെന്നിലുണ്ടായിവരികിലോ
എന്തൊരുസാദ്ധ്യമതിൽപരമുള്ളതു
ഹന്ത! ധന്യന്മാരിലഗ്രനായേനഹം.
നല്ല തപോജപദാനയജ്ഞാദിക-
ളെല്ലാം നിരന്തരമെത്രയും ചെയ്യില്ല
തണ്ടാർശരവൈരിയാകിയ ദേവനെ-
ക്കണ്ടുകൊൾവാൻ പണിയെന്നു കേൾപ്പുണ്ടു ഞാൻ.
അത്ര മഹത്വമുള്ളോരു ഹരൻ മമ
പുത്രിക്കു വല്ലഭനായ് വരുമെങ്കിലോ
എന്തൊരു സൌഖ്യമതിൽപരമുള്ളതു-
മെന്തുസന്ദേഹമെനിക്കിതിനിന്നഹോ.?
ആൎക്കും വരാതോരു ഭാഗ്യം വരുവതി-
നാക്കുള്ള മോഹമില്ലാതേ മുനീന്ദ്രരേ!

Digitized By Kerala Sahitya Akademi

എന്നാകിലും മമ ഭാൎയ്യയാം മേനയോ-
ടിന്നിതുചെന്നു പറഞ്ഞു വന്നീടണം.
പുത്രീപ്രദാനത്തിനന്തഃപുരങ്ങൾക്കു
ചിത്തം തെളികിലേ നല്ല സുഖംവരൂ.
തത്വങ്ങളൊന്നുമറികയുമില്ലവ-
രെത്രയും ശാഠ്യങ്ങളും പുനരുണ്ടഹോ.
ബാധയില്ലാത്തൊരു കാൎയ്യമെന്നാകിലും
ബോധമവൎക്കു വരുവാൻ പണിയത്രെ.
എന്നതു കൊണ്ടിന്നരുന്ധതീദേവിതാൻ
ചെന്നരുൾചെയ്കിലോ സമ്മതമായ്വരും."
എന്നു ഗിരീശ്വരൻ ചൊന്നതു കേട്ടള-
ചെന്നാൽ ഗമിച്ചാലുമെന്നു വസിഷ്ഠനും
ചൊന്നതു കേട്ടരുന്ധതീദേവിയും
ചെന്നു മേനാഗൃഹം പുക്കൊരനന്തരം
വന്ദിച്ചു മേനയും സൽകരിച്ചാദരാൽ
വന്നതിൻ കാരണം ചോദിച്ചനന്തരം
മന്ദഹാസം ചെയ്തരുന്ധതീദേവിയും
നന്ദിച്ചു മേനയോടിത്തരം ചൊല്ലിനാൾ:
"പൂൎണ്ണഭാഗ്യോദയമുള്ളൊരു ബാലികേ!
പൂൎണ്ണചന്ദ്രാനനേ! കേൾക്ക മേ വാക്കുകൾ.
സുന്ദരിയാകിയ നിന്നുടെ പുത്രിയെ-
ച്ചന്ദ്രാൎദ്ധചൂഡനു കാന്തയാക്കീടുവാൻ
കന്യകായാചനത്തിന്നു സപ്തൎഷിമാർ
വന്നിരിക്കുന്നു മഹാദേവശാസനാൽ.
നിന്നുടേ വല്ലഭനായ ഗിരീശ്വര-
ന്നിന്നതു നിന്നോടറിയിച്ചു പോരുവാൻ
എന്നോടു ചൊല്ലിനാനെന്നതു കേട്ടു ഞാ-
നിന്നു വന്നീടിനേനെന്നറിഞ്ഞീടു നീ.
നിന്നുടേ മാനസമെന്തതു സത്യമാ-
യെന്നോടു ചൊല്ലുകവേണം മനോഹരെ!"
ഇത്ഥമരുന്ധതീവാക്കുകൾ കേൾക്കയാൽ
ചിത്തഭയംപൂണ്ടു മേനയും ചൊല്ലിനാൾ:
"ഇത്ഥമരുൾചെയ്ത വാക്കുകൾക്കിന്നു ഞാ-

Digitized By Kerala Sahitya Akademi

നത്തരമെന്തിഹ ചെല്ലുന്നതുമഹോ?
ഇത്രിലോകേശ്വരനായ ഹരനെമെൻ-
പുത്രിക്കുമന്തരമേററമുണ്ടോക്കിലോ.
ബുദ്ധിഗുണങ്ങളും സാരസ്യസാരവും
മുഗ്ദ്ധവിലാസവും സൌജന്യരീതിയും
നല്ലവൈദഗ്ദ്ധ്യവും ലീലാവിലാസവും
സല്ലാപരീതിയും ഭാവഹാവങ്ങളും
എന്നിവവേണ്ടും ഗുണങ്ങളിലൊന്നുമി
ന്നെന്നുടെ നന്ദിനിക്കില്ലെന്നറിഞ്ഞാലും.
ഭീതിയുണ്ടേററവുമിന്നിവൾക്കെന്നെയും
താതനെയും വിട്ടു പോകയില്ലെങ്ങുമേ.
എത്രയും ലാളിച്ചു ഞങ്ങൾ വളൎക്കയാൽ
പുത്രിക്കു ദുസ്സ്വഭാവങ്ങളുണ്ടേററവും.
ആരാനുമൊന്നങ്ങുറക്കെപ്പറകിലോ
പാരം ഭയംപൂണ്ടുടനേ കരഞ്ഞിടും.
ഇത്ര പരവശരായൊരുനാരിമാ-
രിത്രിലോകത്തിങ്കലില്ലെന്നറിഞ്ഞാലും.
സൎവ്വലോകേശ്വരൻ, സൎവ്വദേവേശ്വരൻ,
സൎവ്വഗുണനിധി, സൎവ്വജ്ഞനീശ്വരൻ,
എന്നിരിക്കുന്ന മഹേശ്വരന്നെന്നുടെ
നന്ദിനി ഭാൎയ്യയായീടുകിൽ ചേരുമോ?
അത്രയുമല്ലതിനുണ്ടുവിഷമങ്ങ-
ളെത്രയുമിന്നതു ചൊല്ലുവൻ കേൾക്ക നീ.
ഇത്ര കോപിഷ്ഠനായുള്ളൊരു പൂരുഷ-
നിത്രിലോകത്തിങ്കലില്ലെന്നു നിൎണ്ണയം.
അല്പമായുള്ളൊരപരാധമെല്ലിക്കില്ല-
മൾപ്പൂവിലേതുമറിയാതെ ചൊല്കിലും
ഇത്ര പരവശയാകുമെൻപുത്രിയെ
നേത്രാഗ്നിതന്നിൽ ദഹിപ്പിക്കുമേ ഹരൻ.
ആൎക്കുമധീനനല്ലല്ലോ മഹേശ്വര-
നോക്കിൽ തരുണിമാൎക്കെന്തുപിന്നെസ്സുഖം?
പന്നഗജാലമണിയുന്നതുമൃല-
മെന്നുടെ പുത്രിക്കൊട്ടത്തുംചെല്ലാവതോ?

Digitized By Kerala Sahitya Akademi

ഭൂതവേതാളഗണങ്ങളെക്കാൺകിലോ
ഭീതിയുണ്ടാകയുമില്ലയോ ചൊല്ല നീ?
ഭിക്ഷലഭിച്ചിട്ടുവേണമെന്നാകിലോ
ഭക്ഷണത്തിന്നൊട്ടു സൌഖ്യമുണ്ടാകുമോ?
നല്ലപുടവകളാഭരണങ്ങള-
മെല്ലാമലംകരിച്ചീടുവാനില്ലപോൽ.
കാമനെക്കൊന്നൊരു ശർവ്വന്നു പാക്കിലോ
കാമരസങ്ങളുമില്ലെന്നു നിർണ്ണയം.
ജ്ഞാനമുണ്ടാകയാൽ സൌഖ്യവും ദുഃഖവും
മീനദ്ധ്വജാരിക്കു ഭേദമില്ലേതുമേ.
ഠരംശ്വരന്മാൎക്കു സുഖങ്ങൾ വേണ്ടുന്നതു
ശാശ്വതം മാനസത്തിങ്കലുണ്ടായ്വരും.
വേണ്ടുന്നതൊക്കയുമുണ്ടായ്വരികിലേ
വേണ്ടും സുഖം വരൂ മററുള്ളവൎക്കെടോ.
എന്നതുമൂലമിന്നെന്നുടേ പുത്രിക്കു
പന്നഗഭൂഷണൻ കാന്തനായീടുകിൽ
സൌഖ്യങ്ങളൊന്നും വരികയില്ലെന്നല്ല
ദുഃഖങ്ങളുണ്ടായ്വരികയും ചെയ്യുമേ.
എന്നുടേപുത്രിക്കു ദുഃഖമുണ്ടാക്കുവാ-
നിന്നു ഞാനെങ്ങനേ സമ്മതിക്കുന്നതും.
നല്ലവരന്മാൎക്കു പുത്രിയെ നല്കുവാ-
നെല്ലാൎക്കുമില്ലയോ ആഗ്രഹം ചൊല്ല നീ?
ലോകേശ്വരൻ ഹരനെന്നുവരികിലും
ശോകം വരും മമ പുത്രിക്കു നിർണ്ണയം.
ആകയാൽ സമ്മതമില്ലെനിക്കിന്നിതു;
ലോകൈകപൂജിതേ! സത്യമെന്നോൎക്ക നീ"

എന്നുള്ള മേനാവചനങ്ങൾ കേൾക്കയാൽ
മന്ദസ്മിതംപൂണ്ടരുന്ധതി ചൊല്ലിനാൾ:—
"പർവതരാജദയിതേ! മനോഹരേ!
സർവജ്ഞയായ നീയെന്തിതു ചൊല്ലുവാൻ?
ലോകൈകനാഥനു പുത്രിയേ നല്കിയാൽ
ശോകങ്ങളുണ്ടായ്വരുമോ സുലോചനേ!
ഭക്തജനങ്ങൾക്കു സർവസമൃദ്ധിയും

Digitized By Kerala Sahitya Akademi

ചിത്തത്തിലാഗ്രഹമുള്ള വയൊക്കയും
മുക്തിയുംക്രടെക്കൊടുക്കുന്നനാഥനു
വിത്തമില്ലെന്നു നീ ചൊന്നതുമത്ഭുതം.
ചിത്തകാരുണ്യവുമിത്രയില്ലാക്കുമേ
ഭക്തജനങ്ങൾക്കധീനനത്രേ ശിവൻ.
കാമനെപ്പണ്ടുഭസ്മമാക്കിയ ശങ്കരൻ
കാമനാശംകൊണ്ടു നിഷ്കാമനാകുമോ?
ഭക്തജനങ്ങൾ പിഴകൾ ചെയ്തീടിലും
ഭക്തപരായണൻ കോപിക്കയില്ലെടോ.
എന്നതുകൊണ്ടിന്നു ലോകൈകനാഥനു
കന്യകതന്നെക്കൊടുക്ക മടിയാതെ.
ഇത്രിലോകേശനു പുത്രിയേ നല്കുവാ-
നെത്രയും ഭാഗ്യമുണ്ടെങ്കിലേ കൈവരൂ.
ലോകേശപരൻതന്റെ ഭാൎയ്യയായീടുകിൽ
ലോകേശപരിയായി വാഴാമിവൾക്കെടോ.
ഇന്നിവയൊന്നുമല്ലാതൊരുകാരണം
വന്നിരിക്കുന്നതു ചൊല്ലുവൻ കേൾക്ക നീ.
താരകദാനവൻതന്നെബ്ഭയപ്പെട്ടു
സാരസസംഭവൻതന്നൊടു ദേവകൾ
സങ്കടമെല്ലാമുണൎത്തിച്ച നേരത്തു
പങ്കജസംഭവൻ താനുമരുൾചെയ്തു.
"ശങ്കരനിന്നൊരു പുത്രനുണ്ടാകിലോ
ശങ്കകൂടാതേ വധിക്കുമസുരനെ."
എന്നരുൾചെയ്തതു കേട്ടമരാദികൾ
കന്ദർപ്പനെപ്പറഞ്ഞങ്ങയച്ചീടിനാർ.
പന്നഗഭൂഷണൻ തന്നെ നിൻപുത്രിയും
വന്ദിച്ചുനില്ക്കുന്നനേരത്തു മന്മഥൻ
മോഹനാസ്ത്രം പ്രയോഗിച്ചതുകാരണം
മോഹിച്ചു നിന്നുടേ പുത്രിയെശ്ശങ്കരൻ.
പിന്നെ വൃത്താന്തമറിഞ്ഞു കോപിച്ചുടൻ
കന്ദർപ്പനെദ്ദഹിപ്പിച്ചതുകാരണം
പൂരുഷന്മാൎക്കിനിക്കാമമില്ലായ്കയാൽ
നാരിമാർ തങ്ങുടേ സൌഭാഗ്യമൊക്കയും

Digitized By Kerala Sahitya Akademi

വസ്ത്രമെന്നോൎത്തു നിൻപുത്രിയും സത്വരം
ചിത്തശോകത്തോടു കാനനം പുക്കുടൻ
കൃത്തിവാസസ്സിനെക്കാന്തനാക്കീടുവാ-
നെത്രയും പാരം തപസ്സുചെയ്തീടിനാൾ.
ഭക്തികണ്ടേററം പ്രസാദിച്ചു ശങ്കരൻ
പുത്രിക്കു നല്ല വരവുമരുളിനാൻ.
„എന്നുടേ ബന്ധുക്കളോടും പറഞ്ഞു ഞാൻ
നിന്നേ വിവാഹം കഴിച്ചുകൊണ്ടീടുവൻ"
എന്നരുൾചെയ്തെഴുന്നള്ളി മുനികളേ
നന്ദിച്ചരുൾചെയ്തയച്ചതെന്നോൎക്ക നീ.
നിന്നുടേപുത്രിതാൻ പ്രാൎത്ഥിക്ക കാരണം
പന്നഗഭൂഷണൻ ഭക്തജനപ്രിയൻ
കാമിതമെല്ലാം കൊടുപ്പതിന്നായ്ക്കൊണ്ടു
ഭാമിനിതന്നേ വരിച്ചതെന്നോൎക്ക നീ
നല്കുകയില്ല നിൻപുത്രിയേയെങ്കിലോ
ലോകേശനതുകൊണ്ടെന്തു സങ്കടം?
ഇന്നിവയല്ലാതെയുണ്ടൊരുകാരണം
ധന്യേ! പുരാതനമായതും കേൾക്ക നീ.
ഉത്തമൻ പ്രാചേതസനായ ദക്ഷന്നു
പുത്രിമാർമുന്നമറുപതുണ്ടായതിൽ
സുന്ദരിയായ സതിയാം കുമാരിയെ-
ച്ചന്ദ്രാൎദ്ധചൂഡന്നു നല്കിനാൻ ദക്ഷനും.
അങ്ങനേ ചെററുനാൾ ചെന്നോരനന്തരം
മങ്ങാതവനൊരു യാഗം തുടങ്ങിനാൻ.
പുത്രീജനങ്ങളെയൊക്കെയുമന്നവൻ
ഭൎത്തൃസഹിതമാരായി വരുത്തിനാൻ.
നാശകാലം തനിക്കാശു വരികയാൽ
ഈശനിൽ ദ്വേഷം മുഴുത്തതുകാരണം
ഷ് ... ... ... ... ... ... ...
ഭൂതനാഥൻപ്രിയയായ സതിക്കാശ
താതനെക്കാണ്മതിന്നുണ്ടെന്നിരിക്കിലും
"നീതിയല്ലിപ്പോൾ ഗമിപ്പതു വല്ലഭേ!
താതനെന്നാകിലും ബന്ധുക്കളാകിലും
പ്രീതിയില്ലെന്നാകിലെന്തു സുഖമെടോ?

Digitized By Kerala Sahitya Akademi

താതനെന്നോർത്തു നീ ചെന്നുവെന്നാൽ നിന്നെ-
യേതുമേ മാനിക്കയില്ലവൻ നിർണ്ണയം.
എന്നതുമല്ലവമാനവും വന്നുപോ-
മെന്നതുകൊണ്ടിന്നടങ്ങുക വല്ലഭേ!"
എന്നരുൾ ചെയ്തതുകേട്ടു സതി തന്നി-
ക്കന്നേരമുണ്ടായ ദുഃഖങ്ങൾ കാൺകയാൽ
പോയാലുമെന്നങ്ങയച്ചു മഹേശ്വരൻ
പോയിതു ദേവിയും ദാസീജനങ്ങളും.
പൊന്മയമായ വിമാനമേറിക്കൊണ്ടു
നന്മയിലാഭരണങ്ങളുമിട്ടുടൻ
ആലവട്ടം കുട, വെൺചാമരങ്ങളും
നാലുഭാഗത്തും വിളക്കും കൊടികളും
ഉർവശിയാദി സഖികളോടൊന്നിച്ചു
സർവായുധധരഭൂതവൃന്ദത്തൊടും
ഭേരീമൃദംഗാദിവാദ്യഘോഷത്തൊടും
നാരദനാദിയാം മാമുനിമാരൊടും
പ്രീതികൈക്കൊണ്ടു നടന്നു സതീദേവി
താതന്റെ മന്ദിരേ ചെന്നു പുക്കീടിനാൾ.
ഓരോരൊ ഘോഷങ്ങൾ കണ്ടുകണ്ടങ്ങനെ
പാരമാനന്ദേന മന്ദം നടന്നവൾ
ചെന്നു സഭാന്തരേ താതപാദദ്വയം
വന്ദിച്ചു ഭക്ത്യാ നമസ്കരിച്ചീടിനാൾ.
എന്നതുകണ്ടൊരുനേരത്തു ദക്ഷനും
വന്ന കോപത്തോടവളോടു ചൊല്ലിനാൻ.
"ബ്രഹ്മഘ്നവല്ലഭയായ നീയെന്തിനി-
ബ്രഹ്മസഭതന്നിൽ വന്നിതു ദുർമ്മതേ?
പാരാതിവിടേ വരുവതിനിക്കാല-
മാരു നിന്നോടു പറഞ്ഞങ്ങയച്ചതും?
ദുഷ്ടനാമീശന്റെ വല്ലഭയായോരു
ദുഷ്ടയാം നിന്നെയും കാണരുതാർക്കുമേ?
ശൂലധരപ്രിയയായ നിനക്കിന്നു
ശാലയ്ക്കകത്തു കടക്കരുതോർക്ക നീ.
എന്നതുകൊണ്ടിനിത്താമസിച്ചീടാതെ

Digitized By Kerala Sahitya Akademi

വന്ന വഴിക്കു ഗമിക്ക നീ ദുർഭഗേ!
നല്ലതുചൊന്നതു കേളാതിരിക്കിലോ
വല്ലാതെ വന്നുപോമില്ലൊരുസംശയം.
രുദ്രനു ഭാഗം കൊടുക്കയില്ലെന്നു താൻ
ഭദ്രമായ്ച്ചെന്നവൻതന്നോടു ചൊല്ക നീ."
ഇത്ഥമധിക്ഷേപവാക്കുകൾ കേൾക്കയാൽ
ചിത്തവിഷാദവും ഭീതിയും ലജ്ജയും
പാരമുണ്ടായവയെല്ലാം മറച്ചുട-
നാരൂഢകോപേന ദേവിയും ചൊല്ലിനാൾ.
"ഹാഹാ! ശിവശിവ! കഷ്ടം! നിനക്കിലോ
മോഹം മുനിമാർക്കുമുണ്ടെന്നു വന്നതേ.
കഷ്ടമാം വാക്കുകൾ ചൊന്നതുകാരണം
ദുഷ്ടനത്രേ ഭവാനില്ലൊരു സംശയം.
ജ്ഞാനവിജ്ഞാനങ്ങളുള്ളോരു നിന്നുടെ
മാനസമെന്തിത്ര കശ്മലമായതും?
ലോകൈകനാഥനേ നിന്ദിക്കയാൽ പര-
ലോകവുമൈഹികവും നിനക്കില്ലെടോ.
ഉദ്ദാമമൂഢനേ നിന്ദിച്ച നിന്നുടെ
നന്ദിനിയല്ല ഞാൻ; താതനുമല്ല നീ.
ഈശനിൽ ദ്വേഷം മുഴുത്തതുകാരണം
നാശമടുത്തു നിനക്കെന്നു നിർണ്ണയം.
സർവ്വദേവന്മാർക്കുമീശ്വരനാകിയ
ശർവ്വനു ഭാഗം കൊടുക്കാതിരിക്കിലോ
ഋത്വിക്സദസ്യജനങ്ങളോടൊന്നിച്ചു
മൃത്യുവരും നിനക്കില്ലൊരു സംശയം.
ഭർത്താവിനെദ്ദുഷിക്കുന്നതു കേൾക്കിലോ
തത്ര മരിക്കേണമല്ലോ തരുണിമാർ
എന്നതുകൊണ്ടു ഞാനേവരും കാൺമാ-
റിന്നു മരിച്ചു ഗതിവരുത്തീടുവൻ."
ഇത്ഥമരുൾചെയ്തു യോഗാഗ്നിയിൽ നിജ-
ഗാത്രം ദഹിപ്പിച്ചു തൽക്ഷണം ദേവിയും.
ഹാഹാകൃതപരിപൂർണ്ണമായ് ലോകവും;
മോഹിച്ചുനിന്നിതു കണ്ടവരൊക്കയും.



Digitized By Kerala Sahitya Akademi

ആപത്തടുത്തിതു ദക്ഷനെന്നുള്ളതു
താപേന സജ്ജനമൊക്കയും ചൊല്ലിനാർ.
അന്തഃപുരജനം രോദനം ചെയ്തിതു;
ചിന്തയും പൂണ്ടാശു നിന്നിതു ദക്ഷനം.
ദേവിതൻ വൃത്താന്തമൊക്കയും ചെന്നാശു
ദേവനോടങ്ങറിയിച്ചാർ ഭടജനം
വൃത്താന്തമൊക്കയും കേട്ടോരു നേരമ
ങ്ങെത്രയും ശോകേന കോപിച്ചു ശങ്കരൻ.
കോടീരമൊന്നു പറിച്ചവനീതലേ
താഡിച്ചിതുഴിയുമൊന്നു വിറച്ചുതേ.
അപ്പോളവനിയിൽ നിന്നു പുറപ്പെട്ടു
കെല്പുള്ള വീരഭദ്രാഖ്യനാം കിങ്കരൻ.
നീലാദ്രിപോലെ വളൎന്നോരു ഗാത്രവും
നാലുഭുജങ്ങളും ഘോരദംഷ്ട്രങ്ങളും
പാവകജ്വാലകൾക്കൊത്ത നേത്രങ്ങളും
പ്രാവൃഡ്ഘനസമസിംഹനാദങ്ങളും
ശൂലവും കൈക്കൊണ്ടു നില്ക്കുന്നതുകണ്ടു
മാലോകരൊക്കയും ഭീതിപൂണ്ടീടിനാർ.
വീരനായുള്ളോരു വീരഭദ്രൻ ഭവൻ
മാരാരിതന്നെ വണങ്ങിനിന്നീടിനാൻ.
അപ്പോഴവനോടരുളിനാൻ ദേവനം:—
„ഇപ്പോഴേ പോക നീ ഭൂതഗണത്തൊടും
ധിക്കാരമുള്ളോരു ദക്ഷനേയും കൊന്നു
തൽക്കൎമ്മമൊക്കയും തച്ചുമുടക്കണം.
ദക്ഷന്റെ പക്ഷമായുള്ള ജനങ്ങളെ-
ശ്ശിക്ഷയും ചെയ്തു വിരവെ വന്നീടണം."
എന്നതുകേട്ടു തൊഴുതവനും ഭൂത-
വൃന്ദങ്ങളോടുമൊരുമിച്ചു സത്വരം
ആൎത്തു തിമിൎത്തു പുറപ്പെട്ടതുനേരം-
മാൎത്തി വളൎന്നിതു കണ്ടവൎക്കൊക്കയും
അട്ടഹാസങ്ങളും സിംഹനാദങ്ങളും
കേട്ടുവിറച്ചിതു മൂന്നുലോകങ്ങളും.
ഘോരശകുനങ്ങൾ കാൺകയാൽ ദക്ഷനം

Digitized By Kerala Sahitya Akademi

പാരം വിഷാദിച്ചു മററുള്ളവർകളും.
ഭൂതഗണസിംഹനാദങ്ങൾ കേൾക്കയാൽ
ഭീതികലൎന്നു മരുവും ദശാന്തരേ
ആറുന്നൂറായിരം ഭൂതങ്ങളൊന്നിച്ചു
വീരോടടുത്തിതു വീരഭദ്രൻ താനും.
കല്പാന്തകാലത്തു സംഹരിച്ചീടുവാൻ
കെല്പോടടുക്കുന്നൊരന്തകനെപ്പോലെ
വീരഭദ്രാഖ്യനെക്കണ്ടു ജനങ്ങളും
പാരം ഭയംപൂണ്ടു മണ്ടിത്തുടങ്ങിനാർ.
ഭൂതഗണങ്ങളും ശാലയിലുൾപ്പുക്കു
ചെയ്തു കരുമനയെന്തുചൊല്ലാവതോ?
മണ്ടുന്നവർകളെപ്പോത്തിപ്പിടിക്കയും
കണ്ടവരെച്ചെന്നുചെന്നു തകൎക്കയും
കോപം പൊറാഞ്ഞുടൻ പല്ലുകടിക്കയും
പാപികളേ! നില്പിനെന്നങ്ങുരയ്ക്കയും
ഭാജനമൊക്കയും തച്ചുതകൎക്കയും
ഭോജനേ രക്തങ്ങൾ കോരിയൊഴിക്കയും
കണ്ട ഭവനങ്ങൾ ചുട്ടുപൊടിക്കയും
ശണ്ഠകളിട്ടു കയൎത്തുവിളിക്കയും
നാരീജനത്തെപ്പിടിച്ചങ്ങിഴയ്ക്കയും
പാരം മുറവിളികേട്ടുരസിക്കയും
താപസന്മാരുടേ താടി കരിക്കയും
കോപം പൊറാഞ്ഞുടനട്ടഹസിക്കയും
വിണ്ണവരെത്തച്ചു കൈകാലൊടിക്കയും
കണ്ഠങ്ങളിൽ മലമൂത്രം നിറയ്ക്കയും
പാത്രങ്ങളൊക്കയും വെട്ടിപ്പൊളിക്കയും
ചീൎത്തപരുഷമോടാൎത്തുവിളിക്കയും
പോവതിനല്ലോരു മാൎഗ്ഗം തടുക്കയും
പോവാനയക്കയില്ലെന്നങ്ങുരയ്ക്കയും
ഇത്തരം ഘോഷങ്ങൾ കണ്ടവരൊക്കെയും
ചിത്തഭ്രമത്തോടുമോടിത്തിരിക്കയും
തല്ലുകൾ കൊണ്ടു മോഹിച്ചു പതിക്കയു-
മല്ലലോടും ചിലർ ചെന്നങ്ങടുക്കയും

Digitized By Kerala Sahitya Akademi

കണ്ഠതകൈക്കൊണ്ടു കണ്ണീർ പൊഴിക്കയും
കണ്ടേറ്റ പിടിക്കയാൽ കണ്ണുതുറിക്കയും
ശക്തിയില്ലാഞ്ഞു ചിലരങ്ങിരിക്കയു-
മൊക്കെ വിധിബലമെന്നങ്ങുരയ്ക്കയും
പേടിച്ചു മണ്ടിയൊളിച്ചു വസിക്കയും
തേടിനടന്നവരെത്തിപ്പിടിക്കയും
തങ്ങളിൽക്കാണാഞ്ഞുറക്കേ വിളിക്കയു-
മെങ്ങൊട്ടുമോടിപ്പതിഞ്ഞുകിടക്കയും
ഭൂതഗണങ്ങളെക്കണ്ടുവിറയ്ക്കയും
ചേതസി ദുഷ്ടതയെന്നു നിനയ്ക്കയും
കണ്ണുപൊടിഞ്ഞുടൻ തപ്പിനടക്കയും
പെണ്ണുങ്ങളെപ്പോലെ മാറിൽത്തൊഴിക്കയും
കാലുംകരവുമൊടിഞ്ഞു പതിക്കയും
മാലോടു ചോരയണിഞ്ഞു കിടക്കയും
ദുഷ്ടനത്രേ ദക്ഷനെന്നങ്ങുരയ്ക്കയും
കഷ്ടം പറയാവതിന്നെന്നങ്ങുരയ്ക്കയും
സങ്കടം തീൎപ്പാൻ വഴികളും നിനയ്ക്കയും
ശംകരനെബ്ഭക്തിപൂൎവം സ്തുതിക്കയും
ഇത്തരമോരോരൊ ഘോഷമുണ്ടായവ
വിസ്തരിച്ചീടുവാനാവതല്ലാൎക്കുമേ.
വൃത്താന്തമൊക്കയും കണ്ടാശു ദക്ഷനും
ചിത്തഭയത്തൊടുമോടും ദശാന്തരേ
വീരഭദ്രൻ ചെന്നു പൊത്തിപ്പിടിപെട്ടു
വീറോടു കണ്ഠം മുറിച്ചു ഹോമിച്ചുടൻ
ഹസ്തംപിടിച്ചു സവിതാവുതന്നുടേ;
കുത്തിപ്പൊടിച്ചു ഭഗനുടേ നേത്രവും;
പൂഷാവുതന്നുടേ ദന്തം കളഞ്ഞതിൻ
ശേഷം ഭൃഗുശ്മശ്രു പാടെ കരിച്ചുതേ.
ദക്ഷൻെറ ഭാൎയ്യാജനത്തെയും കോപേന
തൽക്ഷണം താഡനംചെയ്തു വിട്ടീടിനാൻ.
ഏവം ദ്വിജമുനിദേവവൃന്ദങ്ങളെ-
രുദ്രവേശകിങ്കരൻ ശിക്ഷചെയ്തീടിനാൻ,
ശംഭുശരന്മാരോടു വൈരം തുടങ്ങിയാൽ

Digitized By Kerala Sahitya Akademi

ശാശ്വതമാംപത്തിവണ്ണമുണ്ടാമ്പരും.
രുദ്രനു ഭാഗം കൊടുക്കാതെ ദക്ഷനും
ഭദ്രമായ് യാഗം തുടൎന്നതെല്ലാവരും
നന്നായനുസരിച്ചീടിനകാരണം
വന്നിതെല്ലാൎക്കുമനൎത്ഥവും പാപവും.
പാപനിവൃത്തിവരുത്തുവാനായ്ക്കൊണ്ടു
പാപാനുരൂപമാം ശിക്ഷയും ചെയ്തുടൻ
വീരഭദ്രാദിയാം ഭൂതഗണങ്ങളും
പാരാതെ ചെന്നു ഹരനേ വണങ്ങിനാർ.
ഭൂതങ്ങൾ പോയൊരുശേഷം മുനികളും
ഭീതികൈക്കൊണ്ടു വിബുധസമൂഹവും
പങ്കജസംഭവലോകം പ്രവേശിച്ചു
സങ്കടമെല്ലാമുണൎത്തിച്ചനന്തരം
ശിഷ്ടരാകും നിങ്ങൾ ചെയ്തതു പാൎക്കിലോ
കഷ്ടം മഹാകഷ്ടമെന്നരുൾചെയ്തുടൻ
സംഭ്രമത്തോടും വിബുധജനത്തോടു-
മംഭോജസംഭവൻ താനും പുറപ്പെട്ടു
ചെന്നു ഹരനെ സ്തുതിച്ചു പലവിധം;
ചന്ദ്രാൎദ്ധചൂഡൻ പ്രസാദിച്ചിതേററവും.
അപ്പോൾ വിരിഞ്ചനും വന്ദിച്ചു സാദരം
മുപ്പുരവൈരിയോടേവമുണൎത്തിനാൻ.
„ലോകവിഗൎഹിതനാകിയ ദക്ഷനേ
ലോകേശ്വര! ഭവാനിന്നുവധിക്കയാൽ
പാപങ്ങളെല്ലാമവനു, നശിച്ചിതു;
കോപമിനിക്കളയേണം ദയാനിധേ!
വല്ലായ്മചെയ്യുന്ന ദുഷ്ടജനങ്ങളെ-
ക്കൊല്ലുകയല്ലാതെ മറെറന്തുചെയ്യതും?
ദൈവഗതികൊണ്ടു വന്നവയൊക്കെയും
ദേവേശ്വര! നീ പൊറുത്തുകൊള്ളേണമേ.
യാഗസമാപ്തിവരാഞ്ഞതുകാരണം
ഭാഗികൾക്കൊക്കയുമത്തലുണ്ടേററവും;
അത്രയുമല്ലിതു മദ്ധ്യേ മുടങ്ങുകി-
ലെത്രയും ദോഷമുണ്ടല്ലോ ദയാനിധേ!

Digitized By Kerala Sahitya Akademi

ആകയാൽ ദക്ഷന്നു ജീവനം നല്കണം;
ദേവേശ്വര! തവ ഭാഗം തരുമവൻ.
ദേവി ഹിമഗിരി തന്നുടെ പുത്രിയാ-
യാവിൎഭവിക്കും ചിലനാൾ കഴിയുമ്പോൾ.
അന്നവൾ നിന്നുടേ ഭാൎയ്യയായ് വന്നിട്ടു
മിന്നിജ്ജനത്തെയനുഗ്രഹിക്കേണമേ."
ഇത്ഥം വിധിയുടെ വാക്കുകൾ കേൾക്കയാൽ
ചിത്തം തെളിഞ്ഞരുൾചെയ്തിതു ശങ്കരൻ.
"വല്ലായ്മ ചെയ്കയാൽ ശിക്ഷ ചെയ്തേനിനി-
യെല്ലാം ഭവാനൊത്തപോലെ ചെയ്തീടുവൻ.
ദോഷങ്ങളെല്ലാമകന്നിതു ദക്ഷനും;
മേഷശിരസ്സോടു ജീവിക്കുമിന്നവൻ.
യാഗസമാപ്തിവരുന്നനേരത്തവൻ
ഭാഗവതോത്തമനായ്വരും നിൎണ്ണയം."
എന്നരുൾചെയ്തവരോടുമൊരുമിച്ചു
പന്നഗഭൂഷണൻ താനെഴുന്നള്ളി
ചെന്നാശു ദക്ഷനു ജീവനുണ്ടാക്കിനാ-
നന്നേരമേറെ സ്തുതിച്ചിതു ദക്ഷനും
ഭക്തിയും ശുദ്ധിയും കണ്ടു തെളികയാൽ
ഭക്തപ്രിയനനുഗ്രഹം നല്കിനാൻ.
പുത്രിമരിച്ചതു ചിന്തിച്ചു ദക്ഷനു-
മെത്രയും ദുഃഖിച്ചു കേണുകേണങ്ങനെ
വൈകാതെ യാഗം കഴിഞ്ഞോരനന്തര
മാകുലം തീൎന്നു വസിച്ചിതെല്ലാവരും.
ഇത്ഥം സതീദേവി വന്നുടൻ നിന്നുടെ
പുത്രിയായിബ്ഭവിച്ചീടുക കാരണം
ലോകേശ്വരിയായ നിന്നുടേ പുത്രിയെ
ലോകേശനല്ലാതെ നല്കുന്നതാൎക്കു നീ?
പത്മജനാദിയാം ദേവൻ വിധിച്ചതു
പത്മവിലോചനേ! മിഥ്യയായീടുമോ?
ആകയാലിന്നു നിൻപുത്രിയാം ഗൌരിയെ
ലോകൈകനാഥനു സൽകരിച്ചീടുക.
ചിത്തേ നിരൂപിച്ചതെല്ലാം വരും തവ;

Digitized By Kerala Sahitya Akademi

മത്തേഭഗാമിനി! സത്യമെന്നോൎക്കെടോ.
വൃത്താന്തമൊക്കയും ചൊന്നേനിനി നിന-
ക്കൊത്തതു ചെയ്തുകൊണ്ടാലും മനോഹരേ!"
എന്നുള്ള താപസീവാക്കുകൾ കേൾക്കയാൽ
സുന്ദരി പാൎവതി സന്തുഷ്ടചിത്തയായ്
മന്ദസ്മിതംചെയ്തു മന്ദാക്ഷഭാരേണ
മന്ദം മുഖാംബുജം താഴ്ത്തി നിന്നീടിനാൾ.
അപ്പോളരുന്ധതിതന്നോടു മേനയു
മുൾപ്പൂവിലുണ്ടായ മോദേന ചൊല്ലിനാൾ.
"ധന്യയായ്വന്നേൻ ഭവൽകൃപകൊണ്ടു ഞാൻ
വന്നിതു ജന്മസാഫല്യവുമിന്നു മേ.
ലോകേശനാകിയ ദേവനെൻപുത്രിയേ
നല്കുവാൻ യോഗമെനിക്കു വരികിലോ
എന്തുവരേണ്ടതു ഭാഗ്യമിതിൽപ്പര-
മന്ധതയല്ലാമകന്നു മന്മാനസേ.
മുപ്പുരവൈരിതൻ വൈഭവമൊക്കയു-
മുൾപ്പൂവിലുണ്ടു നിനക്കെന്നിരിക്കിലും
പുത്രിയെ വേൾക്കുന്നവന്റെ ഗുണങ്ങളു
മെത്രയുണ്ടെങ്കിലും തൃപ്തിയില്ലോൎക്കമേ.
എന്നതുകൊണ്ടിവയൊന്നും നിനയ്ക്കാതെ
ചൊന്നിതു ഞാനെന്നറിക തപോധനേ
നന്നായരുന്ധതിനെന്നെയനുഗ്രഹി-
ച്ചിന്നിനി വൈകാതെ ചെന്നു ഭവതിയും
മാമുനിമാരോടു വൃത്താന്തമൊക്കയു-
മാമോദമോടറിയിച്ചുകൊണ്ടെന്നുടെ
ഭൎത്താവിനോടുമറിയിച്ചു വാൎത്തകൾ
ചിത്തമോദത്തോടുമിന്നു ഗമിച്ചാലും."
എന്നുരചെയ്താശു വന്ദിച്ചു മേനയും;
നന്ദിച്ചു പാൎവതിതാനും വണങ്ങിനാൾ.
നന്നായ്വരികെന്നനുഗ്രഹവും നല്കി
മന്ദേതരംചെന്നരുന്ധതീദേവിയും
വൃത്താന്തമൊക്കയും മാമുനിമാരോടു
മുത്തമനായ ഗിരിവരൻതന്നോടും

Digitized By Kerala Sahitya Akademi

ചൊന്നതുകേട്ടവരത്രയും മോദേന
നന്ദിച്ചുടനേ സമയവും ചെയ്തുടൻ
"ഇന്നേക്കു നാലാംദിവസം മുഹൂൎത്തമു.
ണ്ടതനുവരും മഹാദേവനും ഞങ്ങളും."
എന്നരുൾചെയ്തെഴുന്നള്ളി മുനികളും
വന്നിതാനന്ദം ഗിരിവരനെത്രയും.
ചെന്നു മുനികളും ചന്ദ്രാൎദ്ധചൂഡനേ
വന്ദിച്ചു വൃത്താന്തമൊക്കെയുണൎത്തിച്ചു
യാത്രയും ചൊല്ലിത്തൊഴുതുഗമിച്ചവ-
രെത്രയും സന്തോഷമൊട്ടു വാണീടിനാർ.
മാമുനീന്ദ്രന്മാർ ഗമിച്ചോരനന്തരം
കാമവിനാശനനായ മഹേശ്വരൻ
കാമിനീരത്നമാം പാൎവ്വതിതന്നുടേ
കോമളരൂപവും മന്ദസ്മിതങ്ങളും
ചില്ലീവിലാസവും ചിന്തിച്ചുചിന്തിച്ചു
മല്ലീശരശതമേററുവശ്കയാൽ
പാണിഗ്രഹദിനമാത്തു വരായ്കയാൽ
ക്ഷീണതയോടു വസിക്കും ദശാന്തരേ
വാരിജനേത്രനമബജഭവനനും
നാരദനാദിമുനികളുമിന്ദ്രനും
പാവകനാദികളായ ദിൿപാലരും
ദേവസമൂഹവും യക്ഷർ ഗന്ധൎവ്വരും
കിന്നരഗുഹ്യകകിംപുരുഷന്മാരും
പന്നഗചാരണസിദ്ധഗണങ്ങളും
പിന്നെയുമുള്ളോരു ഖേചരരൊക്കയും
പന്നഗഭൂഷണനച്ചെന്നു വണങ്ങിനാർ.
നന്ദിച്ചവർകളെസ്സൽക്കരിച്ചാദരാൽ
മന്ദസ്മിതംപൂണ്ടു ചന്ദ്രാൎദ്ധചൂഡനും
നല്ല കുശലങ്ങൾ ചൊല്ലി ഹരിയോടു;
മെല്ലവേ പത്മജഹസ്തം പിടിച്ചുതേ;
മന്ദസ്മിതംചെയ്തു വൃന്ദാരകേന്ദ്രനോ-
ടൊന്നായ്ക്കടാക്ഷിച്ചു ശേഷമെല്ലാരെയും.

Digitized By Kerala Sahitya Akademi

അംഭോജസായകനാശനൻ തന്നുടേ
സംഭാവനംകൊണ്ടു സർവ്വജനങ്ങളും
പ്രീതികൈക്കൊണ്ടു വസിക്കുംദശാന്തരേ
ഭൂതേശനോടരുൾചെയ്തു വിരിഞ്ചനും.
„ദേവ! ദേവേശ! പരമേശ്വര ജയ
കേവലാനന്ദ! പരശ്വധരജയ!
ത്രൈലോക്യവാസികളായ ജനങ്ങളെ
ത്രൈലോക്യനായക! കാത്തുകൊള്ളേണമേ.
കന്യകാരത്നമാം ഗൌരിയെ വേൾപ്പതി-
ന്നിന്നേക്കടുത്തനാളല്ലൊ മുഹൂർത്തവും.
എന്നതിന്നിന്നിനി ഞങ്ങളോടൊക്കയു-
മൊന്നിച്ചു യാത്രയാകേണം ദയാനിധേ
എന്നതിന്നായ്ക്കൊണ്ടു വന്നിതു ഞങ്ങളു-
മിന്നു ദശയോഗമുള്ളതുമുത്തമം.'',
ഇങ്ങനേ പത്മജവാക്കുകൾ കേൾക്കയാ-
ല'ങ്ങനേയാകെന്നരുൾചെയ്തു ശംകരൻ.
എന്നരുൾചെയ്തതു കേട്ടു ധനേശ്വരൻ
തന്നുള്ളിലമ്പൊടു ചിന്തചെയ്തീടിനാൻ.
„ഉത്തമനാകും ഗിരിവരനെത്രയും
വിത്തവാനായതുമൂലമവന്റെ
പുത്രിയുമെത്രയും ദിവ്യരത്നോജ്ജ്വല-
ചിത്രാഭരണങ്ങളിട്ടു വസിക്കുമേ.
എന്നതുകാരണം പന്നഗഭൂഷണ-
നിന്നൊരു ഭൂഷണമില്ലാതെപോകിലോ
നിന്ദചെയ്തീടും ഗിരിജയും മററുള്ള
സുന്ദരിമാരും സുരസ്ത്രീജനങ്ങളും.
ആകയാലിന്നിഹ ഭൂഷണമൊക്കയും
ലോകൈകനാഥന്നു നല്കുന്നതുണ്ടുഞാൻ.''
എന്നു നിനച്ചു നിജഗൃഹംപുക്കവ-
നിന്ദനമില്ലാത്ത ഭൂഷണപംക്തികൾ
എല്ലാമെടുത്തങ്ങു കൊണ്ടുചെന്നാദരാൽ
മുല്ലബാണാരിക്കു കാഴ്ചയായ് വച്ചതേ.
എന്നതുകണ്ടു ചിരിച്ചു മഹേശ്വരൻ
മന്ദം ധനേശ്വരനോടരുൾചെയ്തതേ.



Digitized By Kerala Sahitya Akademi

"ഇത്ര മനോഹരമായൊരു ഭൂഷണ-
മിത്രിലോകത്തിങ്കലില്ലെന്നു നിർണ്ണയം.
ലജ്ജയുണ്ടിന്നിവയെല്ലാമണിവതി-
നിജ്ജനം ദുർഗ്ഗനായതുകാരണം."
എന്നു മഹേശനരുൾചെയ്തനന്തരം.
നന്നായൊരത്ഭുതം കണ്ടിതെല്ലാവരും.
രുദ്രശിരസ്സിങ്കലുള്ള ജടാഭാരം
ഭദ്രസുവർണ്ണകിരീടമായ് വന്നുതേ.
ഫാലദേശേ വിളങ്ങീടുന്ന ലോചനം
ചാലവേ നല്ല തിലകമായ വന്നുതേ.
പന്നഗം കൊണ്ടുള്ള കുണ്ഡലം നല്ലോരു
പൊന്നുകൊണ്ടുള്ളോരു കുണ്ഡലമായിതേ.
അസ്ഥിദാമങ്ങളും നാഗഹാരങ്ങളും
മുത്തുകൾ പൊന്മണിമാലകളായിതേ.
സർപ്പഫണങ്ങൾ, പതക്കങ്ങളായിതേ;
ശില്പമാം ഭസ്മം കളഭമായ്വന്നുതേ.
ഹസ്തങ്ങളിലണിഞ്ഞീടുന്ന പാമ്പുകൾ
ചിത്രകടകങ്ങൾ തോൾവളയായിതേ.
പന്നഗശ്രേഷ്ഠനെക്കൊണ്ടുള്ള കാഞ്ചിയും
മിന്നുന്ന രത്നങ്ങൾകൊണ്ടുള്ള കാഞ്ചിയായ.
ദ്വീപിചർമ്മം നല്ല പട്ടാടയായഹോ!
ആപാദചൂഡം മനോഹരമായിതേ.
കണ്ടാൽ ഭയം വരും ഭൂതഗണങ്ങളും
തണ്ടാർശരനോടു തുല്യരായ് വന്നുതേ.
ക്രൂരനും പൊന്നുകൊണ്ടൊക്കെയണിഞ്ഞുകൊ-
ണ്ടേററം വലിയൊരു നാല്ക്കൊമ്പനാനയായ്.
ഇത്തരം വിസ്മയം കണ്ടവരൊക്കയു-
മെത്രയും ഭക്ത്യാ ഹരനെപ്പുകഴ്ത്തിനാർ.
പന്നഗഭൂഷണഭൂഷണജാലങ്ങൾ
തന്നിൽ വിളങ്ങുന്ന രത്നങ്ങൾ കാൺകയാൽ
വിത്തനാഥൻ കൊണ്ടുവന്നോരുരത്നങ്ങൾ
മിത്രനെക്കണ്ടോരു താരങ്ങൾ പോലെയായ്.
തന്നുള്ളിലുള്ളോരു ഗർവ്വവും കൈവിട്ടു
മന്ദിച്ചു ലജ്ജയാ നിന്നു ധനേശ്വരൻ.

Digitized By Kerala Sahitya Akademi

എങ്കിൽ ഗമിക്ക നാമെന്നരുൾചെയ്താശു
ശങ്കരനാനക്കഴുത്തിലേറീടിനാൻ.
പിൻപേ വിരിഞ്ചനും വിഷ്ണുവുമിന്ദ്രനും
കുംഭിവരൻമുകളേറിനാരാദരാൽ.
പൂർണ്ണചന്ദ്രപ്രഭമായ മുത്തുക്കുട
പൂർണ്ണമോദേന പിടിച്ചു വിരിഞ്ചനും.
ഇന്ദ്രനുമാലവട്ടം പിടിച്ചീടിനാ-
നിന്ദീവരേക്ഷണൻ ചാമരം വീശിനാൻ.
തൽക്ഷണം ദേവകൾ ഗന്ധർവവൃന്ദവും
യക്ഷവിദ്യാധരസിദ്ധസമൂഹവും
കിന്നരചാരണകിംപുരുഷന്മാരും
പന്നഗഗുഹ്യകദൈത്യസമൂഹവും
എന്നിവ ഖേചരവൃന്ദങ്ങളൊക്കെയും
നന്ദികേശാദിയാം ഭൂതഗണങ്ങളും
ധന്യതയേറുന്ന മാമുനിവർഗ്ഗവും
മുന്നിലകമ്പടിയായ് നടന്നീടിനാർ.
ആലവട്ടം കുട വെൺചാമരങ്ങളും
നീലത്തഴകളും നല്ലകൊടികളും
കൈക്കൊണ്ടുനില്ക്കും ജനങ്ങളൊരുദിശി
തിക്കിത്തിരക്കി നടന്നുതുടങ്ങിനാർ.
കുന്നുകളെക്കാളുയരമേറീടുന്ന
പൊന്നണിഞ്ഞാനകളുണ്ടങ്ങൊരുദിശി.
വെള്ളത്തിലെത്തിര തള്ളുന്നതുപോലെ
വെള്ളക്കുതിരകൾ തുള്ളിനടക്കുന്നു.
മിത്രപ്രകാശങ്ങളായോരു തേരുക-
ളെത്രയുണ്ടെന്നു ഗണിച്ചുക്കൂടാക്കുമേ.
നാലുസമുദ്രമൊരുമിച്ചതുപോലെ
കാലാളുകളും പരന്നിതൊരുദിശി.
ആനകളേററമലറുന്നഘോഷവു-
മാനകദുന്ദുഭിവാദ്യഘോഷങ്ങളും
നല്ല പണവം മുരശും തകിലുക-
ളെല്ലാമടിക്കുന്ന ശബ്ദഘോഷങ്ങളും

Digitized By Kerala Sahitya Akademi

തേരുകൾനാദവും വാജികൾഘോഷവും
പാരം മുഴങ്ങുന്ന ശംഖനാദങ്ങളും
ഭംഗിയേറീടും കുടകൾ കൊടികളും.
തങ്ങളിൽകൊണ്ട ടംടംടഘോഷവും
എന്നിവ ഘോഷങ്ങളെന്തുചൊല്ലാവതു-
മൊന്നുകലുങ്ങീ പതിന്നാലുലോകവും.
ഉണ്ടായതില്ലൊരുഘോഷമിതുപോലെ
പണ്ടെന്നുചൊല്ലിനാർ കണ്ടവരൊക്കെയും.
ചിത്തമോദത്തോടുമദ്രീന്ദ്രശേഖര-
നിത്തരം യാത്രതുടൎന്നോരനന്തരം
ധന്യനായീടുന്ന പർവതശ്രേഷ്ഠനും
തന്നുടേഗേഹമലങ്കരിച്ചീടിനാൻ.
പൊന്നുകൊണ്ടുള്ള ഗൃഹങ്ങൾതീൎത്തീടിനാ-
നൊന്നുരണ്ടല്ലൊരുനൂറുനൂറായിരം.
ഭിത്തികൾ തൂണുകളുംകണജാലവു-
മുത്തമരത്നങ്ങൾകൊണ്ടു തീൎത്തീടിനാൻ.
വെങ്കളിമാടങ്ങൾ മണ്ഡപജാലവും
സംഖ്യയില്ലാതോരു മാളികക്കൂട്ടവും
ചിത്രഗൃഹങ്ങളും നല്ല രംഗങ്ങളും
ചിത്രങ്ങളായുള്ള വാപികൂപങ്ങളും
അൎണ്ണോജപൂൎണ്ണവിമലജലങ്ങളായ്
സ്വൎണ്ണസോപാനങ്ങളായ നദികളും
നന്ദനതുല്യമാമുദ്യാനജാലവും
നന്നായ്ചമച്ചാനസംഖ്യമായ് തൽക്ഷണേ.
അങ്കണം തൂണുകൾ മണ്ഡപവും സൌധ-
പംക്തികൾ നല്ലോരു മാളികക്കൂട്ടവും
മന്ദിരജാലങ്ങളെന്നിവയൊക്കയും
പൊന്നുകൊണ്ടല്ലാതെ കാണ്മതിന്നില്ലഹോ.
പട്ടുകൾകൊണ്ടു വിതാനിച്ചു നീളവേ
പെട്ടെന്നു മൌക്തികദാമങ്ങൾ തൂക്കിനാൻ.
സ്വച്ഛസ്ഫടികങ്ങൾകൊണ്ടുള്ള ദീപങ്ങൾ
വച്ചു നിരക്കവേ രത്നദീപങ്ങളും
ഉല്പലപങ്കജമാലകളും നല്ല-

Digitized By Kerala Sahitya Akademi

കല്പകപ്പൂമാല പിച്ചകമാലയും
മുല്ലചേമന്തിയും ചമ്പകമാലയു-
മെല്ലാം നിരക്കെയലംകരിച്ചങ്ങനെ
വാഴക്കുലകൾ പഴക്കാക്കുലകളും
പൂഴവും തേങ്ങാക്കുലകളും തൂക്കിനാൻ
മിന്നും കനകപ്പൊടികൾ നിറച്ചുള്ള
പൊന്നിൻപറകളും വച്ചു നിരക്കവേ
അഷ്ടഗന്ധങ്ങളും ധൂപിച്ചു നീളവേ
പുഷ്ടമോദം വാദ്യഘോഷം തുടന്നതേ.
ഇത്ഥമലംകാരഘോഷങ്ങളൊക്കയും
വിസ്തരിച്ചീടുവാനാളല്ല ഞാനെടോ.
വൃത്രാരിതന്നുടേ മന്ദിരം തന്നിലു-
മിത്ര വിചിത്രങ്ങളില്ലെന്നു നിർണ്ണയം.
ഇത്തരമെല്ലാമലംകരിച്ചാദരാ-
ലെത്രയും മോദേന പർവ്വതരാജനും
ശംകരനെച്ചെന്നെതിരേററുകൊള്ളുവാ-
നങ്കണസീമനി ചെന്നു നിന്നീടിനാൻ.
അപ്പോളതിമോദമൊട്ടു സസംഭ്രമ-
മപ്സരസ്ത്രീകളും തത്ര ചെന്നീടിനാർ.
മേനയുമപ്പോളവരേ വഴിപോലെ
മാനിച്ചു സൽക്കരിച്ചങ്ങിരുത്തീടിനാൾ.
നല്ലൊരുമംഗലികതന്മേലിരുന്നവർ
മെല്ലവേ തങ്ങളിൽ ചൊല്ലിത്തുടങ്ങിനാർ.
പങ്കജലോചനയാകിയ ഗൌരിക്ക
ശംകരനേത്തുമേ ചേച്ചയില്ലോക്കിലോ.
സ്വർണ്ണപ്രഭയെജ്ജയിക്കുന്നകാന്തിയും
പൂർണ്ണചന്ദ്രപ്രഭമാകും വദനവും
അംഭോജനേത്രവും ബിംബാധരങ്ങളും.
കുംഭികുംഭത്തെജ്ജയിക്കും കുചങ്ങളും
എന്നിവ സൌന്ദര്യമോർത്തുകാണുന്നേര-
മിന്ദിരാദേവിയൊടൊക്കുമേ ഗൌരിയും.
ചെഞ്ചിടഭാരവും ചാമ്പലും തുമ്പയു-
മഞ്ചമ്പനെച്ചുട്ടെരിച്ചോരു നേത്രവും

Digitized By Kerala Sahitya Akademi

അസ്ഥിദാമങ്ങളും നാഗഹാരങ്ങളും
ഹസ്തിതൻ ചൎമ്മമുട്ടത്തോരു വേഷവും
കൈയിൽ വലിയതുടിയും പരശ്ശുവു-
മയ്യോ! മഹേശനെക്കണ്ടാലറയ്ക്കുമേ.
സൎവ്വാംഗവും ചാമ്പൽതേച്ചോരു ശൎവ്വനെ-
പ്പാൎവ്വതി ചെന്നു പുണരുന്നതെങ്ങനെ?
കാമനെക്കൊന്നോരു നിഷ്കാമനെച്ചെന്നു
കാമിച്ചതെത്രയും നന്നിവളോൎക്കിലോ!
അൎയ്യമിരന്നു ദിവസം കഴിപ്പതി-
ന്നയ്യോ! ഗിരിസുത പാത്രമല്ലേതുമേ.
ഇത്രിലോകേശരിയായ്‌വരുമെങ്കിലും
ഭൎത്തൃസുഖമിവൾക്കില്ലെന്നു നിൎണ്ണയം.
തന്നുടേ കാന്തൻ വിരൂപനെന്നാകിലോ
കന്യകമാരുടേ ജന്മം നിരൎത്ഥകം.
മേനയും പൎവ്വതരാജനുമെന്തിത്ര
മാനവും ബുദ്ധിയുമില്ലാതെ തീൎന്നതും?
സാരമാം മാണിക്യരത്നമശുഭമാം
കാരിരുമ്പിന്മേൽ പതിപ്പതു യോഗ്യമോ?
ചന്ദ്രചൂഡൻ ത്രിലോകേശനെങ്കിലും
കന്യകമാൎക്കു തരമല്ലതെല്ലുമേ.
വിശ്വൈകവന്ദ്യയായ് വാഴ്‌വതിനെങ്കിലി-
ന്നച്യുതൻതന്നേ വരിക്കാഞ്ഞതെന്തിവൾ?
വ്യൎത്ഥമായ്‌വന്നു തപംചെയ്തതൊക്കയും;
വ്യൎത്ഥമിവളുടേ കന്യകാജന്മവും.
എല്ലാം വിധിച്ചതുപോലേ വരുമെന്ന-
തല്ലാതെ ചൊല്ലുവാൻ കണ്ടതില്ലൊന്നുമേ.
അന്യോന്യമോരോന്നിവണ്ണം പറഞ്ഞവ-
രന്യൂനമോദേന വാഴും ദശാന്തരേ
അന്തമില്ലാതോരു ഘോഷങ്ങൾ കേൾക്കയാ-
ലെന്തിതെന്നോൎത്തവർ നീളേ നോക്കുംവിധൌ
കിന്നരചാരണസിദ്ധവിദ്യാധര-
പന്നഗഗന്ധൎവ്വദേവവൃന്ദത്തൊടും
ദേവേശപത്മജമാധവന്മാരോടും

Digitized By Kerala Sahitya Akademi

ദേവേശനായ ഹരനെയും കണ്ടുതേ.
കാമാരിതന്നുടേ രൂപാമൃതംകണ്ടു
കാമിച്ചവർകളും തങ്ങളിൽ ചൊല്ലിനാർ.
"സുന്ദരപൂരുഷന്മാരിലഗ്രേസരൻ
കന്ദർപ്പനെന്നതു സിദ്ധമെല്ലാർക്കുമേ.
കന്ദർപ്പകോടികളൊത്തുവരികിലും
ചന്ദ്രാർദ്ധചൂഡനു തുല്യമല്ലേതുമേ.
ഇത്ര സൌന്ദര്യമുണ്ടായിട്ടൊരുവനു-
മിത്രിലോകത്തിങ്കലില്ലെന്നു നിർണ്ണയം.
അത്ഭുതാകാരനായുള്ളോരു ദേവനു
ദുർഭഗയാകിയ പാർവ്വതിചേരുമോ?
ഉത്തമപർവ്വതരാജനും മേനയും
സത്യമറിയുമതിനില്ല സംശയം.
ഓർക്കിലിഗ്ഗൌരിയെപ്പോലെ ഭുവനത്തി-
ലാർക്കും മഹാഭാഗ്യമില്ലതു നിർണ്ണയം."
ഇത്ഥംപറഞ്ഞവർ ശങ്കരനന്നൊരു
ചിത്രമെഴുതിയപോലെ നിന്നീടിനാർ.
മുന്നിലാമ്മാറു മഹേശനെക്കാൺകയാൽ
വന്ന സന്തോഷേണ പർവ്വതശ്രേഷ്ഠനും
ചെന്നു വന്ദിച്ചുടൻ ബന്ധുജനത്തോടു-
മൊന്നിച്ചെതിരേറ്റുകൊണ്ടു പോയീടിനാൻ.
നാളീകലോചനമാരായ ദേവിമാർ
മാളികതോറും നിരന്നുനിന്നെങ്ങുമേ
പുഷ്പവർഷങ്ങളും ലാജവർഷങ്ങളും
ശില്പമായ്ചെയ്യുന്നതേറ്റുകൊണ്ടാദരാൽ
ലോലാക്ഷിമാരുടേ നേത്രസരസിജ-
മാലയുമേറ്റു നടന്നു പതുക്കവേ
മംഗലംനല്കുന്ന ദേവൻ മഹേശ്വരൻ
മംഗലമന്ത്രം ജപിച്ചകംപുക്കുതേ.
ശ്ലാഘ്യനായുള്ളോരു പർവ്വതരാജനു-
മർഘ്യമാല്യാദികൾകൊണ്ടു പൂജിച്ചുടൻ
എത്രയും നല്ലോരു രത്നസിംഹാസനേ
മൃത്യുഞ്ജയനേ വസിപ്പിച്ചു സാദരം

Digitized By Kerala Sahitya Akademi

മാധവപത്മജവാസവന്മാരെയും
ബാധയകന്നു പൂജിച്ചോരനന്തരം
ചിത്തമോദത്തോടു വീണു നമസ്കരി-
ച്ചെത്രയും ഭക്ത്യാ തൊഴുതുചൊല്ലീടിനാൻ.
"ശങ്കര ചന്ദ്രാർദ്ധചൂഡ നമോസ്തു തേ!
പങ്കജബാണമഥന നമോസ്തു തേ!
ദേവലോകാധിപശക്ര ജയ വിഭൊ!
കേവലാനന്ദേന പൂർണ്ണനായേനഹം.
ലോകങ്ങളെല്ലാമുളവാക്കിരക്ഷിച്ചൊ-
രാകുലംകൂടാതെ സംഹരിച്ചീടുവാൻ
കാരണഭൂതരാം നിങ്ങളെക്കാൺകയാ-
ലാരൂഢസന്തോഷമെന്തുചൊല്ലാവതും.
എത്രയും ഭാഗ്യവാനായ ചമഞ്ഞേനഹം;
ചിത്തതാപങ്ങളുമെല്ലാമകന്നു മേ.
ജന്മാന്തരങ്ങളിലാർജ്ജിതമായുള്ള
കന്മഷജാലവുമൊക്കെ നശിച്ചുതേ.
നമ്മുടെവംശവും ശുദ്ധമായ്‌വന്നിതു;
ജന്മസാഫല്യവും വന്നിതു നിർണ്ണയം.
ഭക്തയോടിത്ഥം പുകഴ്ത്തിഗ്ഗിരീന്ദ്രനും
മൃത്യുംജയനെത്തൊഴുതു ചൊല്ലീടിനാൻ.
"ഇത്രിലോകേശ്വരനായ ഭവാൻ മമ
പുത്രിക്കു വല്ലഭനായ് വരുമെങ്കിലോ
എന്തുസുഖമതിലേറ്റം വരേണ്ടതു
ചിന്തിക്കിലെന്നുടെ ഭാഗ്യമത്യത്ഭുതം."
ഇത്തരമെല്ലാം പറഞ്ഞു ഗിരീശ്വരൻ
ഭക്ത്യാ വണങ്ങിപ്പുറപ്പെട്ടു തന്നുടെ
മന്ദിരംപുക്കു വിവാഹപദാർത്ഥങ്ങ-
ളൊന്നൊഴിയാതെയൊരുക്കിത്തുടങ്ങിനാൻ.
മംഗലശീലയാം മേനയുമോരോരോ
മംഗലകർമ്മങ്ങൾ ചെയ്തുതുടങ്ങിനാൾ.
സുന്ദരഗാത്രിയാം പാർവ്വതിയെപ്പുന-
രിന്ദ്രാണിതന്നേ കുളിപ്പിച്ചു സാദരം
നല്ലോരിണപ്പുടകെട്ടിയുടുപ്പിച്ചു

Digitized By Kerala Sahitya Akademi

മെല്ലെച്ചികുരം തിരുകിച്ച ഭംഗിയിൽ
നല്ല കുറിയും തിലകവും ചേൎത്തട-
നല്ലാസമുൽകൊണ്ടു കണ്ണുമെഴുതിച്ച
മിന്നുന്ന കുണ്ഡലം താലികൾ മാലകൾ
പൊന്മണിമാലയും മുത്തുദാമങ്ങളും
നല്ലപതക്കങ്ങൾ തോൾവളക്കൂട്ടവും
കല്ലുപതിച്ചോരു കംകണജാലവും
രത്നങ്ങൾ വെച്ചുള്ളൊരംഗുലീയങ്ങളു-
മെത്രയും മോഹനമായോരു കാഞ്ചിയും
മിന്നുന്നരത്നംപതിച്ച മഞ്ജീരങ്ങ-
ളെന്നിവയെല്ലാമലംകരിപ്പിച്ചുടൻ
പത്തുപുഷ്പങ്ങളും ചൂടിച്ചു മംഗല-
കൃത്യങ്ങൾ ചെയ്യിച്ചു മുടിയിരുത്തിനാൾ.
മംഗലമായ മുഹൂൎത്ത മഹേശ്വര-
നങ്ങു വിവാഹക്രിയ തുടങ്ങീടിനാൻ.
അംഭോജയോനി പുരോഹിതനായിതു;
കുംഭജൻതാനും സനകാദിനാൽവരും
സപ്തൎഷിമാരോടു മററും മുനീന്ദ്രരു-
മുത്തമിക്കുകളും സദസ്യരുമായിതെ.
വേദവിധിപോലെ വേദിമദ്ധ്യേ ജാത-
വേദസ്സിനേയും ജ്വലിപ്പിച്ചു സാദരം
ശുദ്ധിയുള്ളോരു ഹവിസ്സുകളും നല്ല-
ശുദ്ധസമിദാജ്യലാജഹോമങ്ങളും
വേദോക്തമാൎഗ്ഗേണ ചെയ്യിച്ചു പത്മജൻ;
വേദിയർ പുണ്യാഹഘോഷം തുടങ്ങിനാർ;
വേദഘോഷങ്ങൾ തുടൎന്നു മുനികളും;
മോദേന നാരദൻ പാടിത്തുടങ്ങിനാൻ.
നൂറുനൂറായിരം ഗോദാനവും പിന്നെ
നൂറായിരം ഗജവാജിദാനങ്ങളും
അററമില്ലാതോരു വിത്തദാനങ്ങളും
കുററമകന്നാശു ചെയ്തു നാരായണൻ.
നല്ലമുഹൂൎത്തസമയത്തു മന്ത്രവും
ചൊല്ലി മഹേശ്വരൻ പാവകസാക്ഷിയായ്



Digitized By Kerala Sahitya Akademi

കന്യകാരത്നമായീടുന്ന പാർവതി-
തന്നുടേ പാണിഗ്രഹണവും ചെയ്തുതേ.
അന്നേരമുണ്ടായ ഘോഷങ്ങൾ ചൊൽവതി-
നിന്നു ഫണീന്ദ്രനുമാളല്ല നിർണ്ണയം.
വേദിയന്മാരുടേ വേദഘോഷങ്ങളും
വൈദികതാന്ത്രികമന്ത്രഘോഷങ്ങളും
മോദേന ദേവകൾ വാഴ്ത്തുന്ന ഘോഷവും
മേദുരമായുള്ള ദുന്ദുഭിഘോഷവും
തപ്പും തകിലുമടിക്കുന്ന ഘോഷവു-
മൊപ്പം വിളിക്കുന്ന ശൃംഗഘോഷങ്ങളും
മററും പലപല വാദ്യഘോഷങ്ങളു-
മേററവും പൊങ്ങുന്ന കാഹളഘോഷവും
ആശംകളൊക്കയും സാധിച്ചു ഭൂസുര-
രാശീർവ്വചനങ്ങൾ ചൊല്ലുന്ന ഘോഷവും
വേണുവീണാദിമനോഹരനാദവു-
മേണാക്ഷിമാരുടേ വായ്ക്കുരൽനാദവും
എന്നിവ ഘോഷങ്ങൾ കണ്ടു ലോകങ്ങളും
നന്നായ് മുഴങ്ങിക്കുലുങ്ങിച്ചമഞ്ഞുതേ.
പുഷ്പവർഷംചെയ്തു ദേവകൾ മോദമോ-
ടപ്സരസ്ത്രീകളും നൃത്തം തുടങ്ങിനാർ.
ഗന്ധർവ്വവൃന്ദവും പാടിത്തുടങ്ങിനാ-
രെന്തൊരു ഘോഷം പറയാവതല്ലഹോ.
നാനാജനങ്ങളും തന്നേ മറന്നുട-
നാനന്ദവാരിധിമഗ്നരായ് വന്നുതേ.
പിന്നെയും വേണ്ടുന്ന കർമ്മങ്ങളും ചെയ്തു
പന്നഗഭൂഷണൻ സ്വസ്ഥനായ് മേവിനാൻ
അന്തഃപുരംതന്നിലപ്സരസ്ത്രീകളു-
മന്തർമ്മുദാ ദേവനാരീസമൂഹവും
ഗൌരീസ്വയംവരം പാട്ടു ചമച്ചുടൻ
പാരാതെ പാടികളിച്ചു തുടങ്ങിനാർ.

രണ്ടാംപാദം സമാപ്തം

Digitized By Kerala Sahitya Akademi

മൂന്നാംപാദം.

(പാട്ട്)

എങ്കിലോ കേട്ടാലം മങ്കമാരെല്ലാരും
സങ്കടമെല്ലാമകന്നീടുവാൻ
പർവ്വതരാജൻ ഹിമവാന്റെ പുത്രിയായ്
പാർവ്വതിയെന്നുള്ള നാമത്തൊടും
ഉണ്ടായിവന്നിതു നല്ലോരു കന്യക
തണ്ടാരിൽമാനിനിയെന്നപോലെ.
ബാലമാരായ സഖിമാരുമൊന്നിച്ചു
ലീലകൾചെയ്തു വളരുംകാലം
മല്ലവിലോചനയായോരു ഗൌരിക്കു
മെല്ലവേ യൌവനമാരംഭിച്ചു.
സുന്ദരിതന്നുടേ രൂപാമൃതം കണ്ടു
കന്ദർപ്പനംകൂടെ മോഹിച്ചുപോൽ.
തന്നുടെമൂലം മദനൻ ദഹിക്കയാൽ
സുന്ദരിയാകിയ പാർവതിയും
കന്ദർപ്പവൈരിയേ വല്ലഭനാക്കുവ-
നെന്നുനിനച്ചു സഖികളോടും
സത്വരം നല്ലോരു കാനനമുൾപ്പുക്കു
മൃത്യുംജയനെത്തപസ്സുചെയ്തു.
നൂറായിരത്താണ്ടു ഘോരതപംചെയ്തു
പാരം തളൎന്നു മരുവുംകാലം
ഗൌരിതൻ ഭാവം പരീക്ഷിപ്പതിന്നായി
മാരാരിതാനൊരു വർണ്ണിയായി
സുന്ദരി വാഴുന്നൊരാശ്രമേ ചെന്നപ്പോൾ
വന്ദിച്ചു പാർവതി സൽകരിച്ചു.
ഗൌരിയോടന്നേരം ചോദിച്ചു വർണ്ണിയും:—
„ആരു നീ ചൊല്ക കെടോ ധന്യശീലേ!
താതനേയും നിന്റെ മാതാവാരെന്നതും
ഹേതുവെന്തിപ്പോൾ തപസ്സിനെന്നും
കേൾക്കാമെനിക്കെന്നിരിക്കിലോ ചൊല്ലേണം;
കേൾക്കയിലാഗ്രഹമുണ്ടു പാരം.''
ഉണ്ണിതൻ വാക്കുകൾ കേട്ടവൾ തോഴിയെ-
ക്കണ്ണുകൊണ്ടാശു നിയോഗിച്ചപ്പോൾ

Digitized By Kerala Sahitya Akademi

മെല്ലവേ വന്ദിച്ചവളും കുമാരനോ-
ടുല്ലാസമോടുരചെയ്തിടിനാൾ.
"പർവതരാജൻ ഹിമവാന്റെ നന്ദിനി
പാർവതിയെന്നല്ലോ പേരവൾക്ക.
കന്ദർപ്പവൈരിയെക്കാന്തനാക്കീടുവാ-
നിന്നിവൾക്കാഗ്രഹം പാരമുള്ളിൽ
ഉണ്ടാകകൊണ്ടു തപസ്സു തുടന്നതും
കണ്ടാലറിയാമതെന്നേയുള്ളു.
സാധിയാതുള്ളൊരു കാര്യം തുടങ്ങിയാ-
ലാധിയല്ലാതൊരു കാര്യമുണ്ടോ?
സാധിച്ചുകൊൾവാൻ പണിയെന്നുരചെയ്താൽ
ബോധിക്കയില്ലവൾക്കെന്തു ചെയ്യാം.
ധന്യനാം നിന്നുടെ കാരുണ്യമുണ്ടെങ്കി-
ലന്നു സകലവും സാധിച്ചീടും."
എന്നതു കേട്ടവൻ പാർവതിതന്നോടു
മന്ദസ്മിതംചെയ്തു ചൊല്ലീടിനാൻ.
"സുന്ദരിമാർകുലമാലികേ! ബാലികേ!
നന്നല്ല നിന്നുടെ മോഹമോർത്താൽ.
എന്തുഗുണംകൊണ്ടു മന്മഥവൈരിയെ-
ക്കാന്തനാക്കീടുവാൻ കാമിച്ചു നീ.
ചാമ്പലും തേച്ചു ജടയും ധരിച്ചുടൻ
വമ്പുലിത്തോലുമുടുത്തുകൊണ്ടു
ഭൂതങ്ങളൊന്നിച്ചിരിപ്പതു കേട്ടിട്ടോ .
ചേതസി മോഹം നിനക്കു തോന്നി,
ഭിക്ഷയെടുത്തു നടന്നു ദിനംതോറം
ഭക്ഷണം ചെയ്യതിനാഗ്രഹിച്ചോ?
കണ്ടാലറയ്ക്കുന്ന തണ്ടാർശരാരിയെ
വണ്ടാർകുഴലിമാർ കാമിക്കുമോ?
ബാലതകൊണ്ടു നീയൊന്നുമറിയാതെ
കാമാരിദേവനെക്കാമിക്കൊല്ലേ.
നല്ല ഭവനവും വേണ്ടും ധനങ്ങളും
നല്ലോരു രൂപവും ബന്ധുക്കളും
വംശമേതെന്നതുമില്ലാത്തവൻതന്നി-

Digitized By Kerala Sahitya Akademi

ലാശയുണ്ടാകൊല്ലേ ചാരുശീലേ!
സുന്ദരീരത്നമായുള്ളോരു നീയിന്നു
കന്ദർപ്പതുല്യനാം കാന്തനോടും
ഒന്നിച്ചു കാമങ്ങളെല്ലാമനുഭവി-
ച്ചിന്ദീവരേക്ഷണേ! വാണീടണം.
നല്ലതു നിന്നോടു ചൊല്ലിനേൻ ഞാനിന്നു
വല്ലതും ചെയ്താലും ധന്യശീലേ!"
ഇത്തരമുണ്ണിതൻ വാക്കുകൾ കേൾക്കയാ
ലെത്രയും കോപിച്ചു പാർവതിയും
ശംകരനിന്ദകൾ കേട്ടു സഹിയാഞ്ഞു
ശംകകൂടാതെ പറഞ്ഞാളേവം.
"പോരും പറഞ്ഞതു മൂഢ കുമാരക!
സാരതയില്ല നിനക്കു നൂനം.
ലോകൈകനാഥനെ നിന്ദനം ചെയ്യാതെ
പോക നീയെന്നുടെ മുന്നിൽനിന്നും.
ദേവഗുരുനിന്ദ കേൾക്കിലവിടെന്നു
ധാവനം ചെയ്യേണമെന്നുണ്ടല്ലോ.
എന്നതുകൊണ്ടു ഞാനിന്നു ഗമിക്കുന്നേൻ
വന്നവഴിക്കങ്ങു പോക നീയും."
ഇത്ഥമുരചെയ്തെഴുന്നേററു ഗൌരിയും
സത്വരം പോവാൻ തുനിഞ്ഞനേരം
ഭക്തികണ്ടേററം തെളിഞ്ഞു മഹേശ്വരൻ
പ്രത്യക്ഷനായരുൾചെയ്തീടിനാൻ.
"ഉത്തമേ നിന്നുടെ ഭക്തികൊണ്ടെന്നുടെ
ചിത്തം തെളിഞ്ഞിതു ധന്യശീലേ!
നിന്നുടേ വാഞ്ഛിതം വന്നീടും വൈകാതെ
കന്യകാരത്നമേ! പോയാലും നീ."
എന്നരുൾചെയ്തു മറഞ്ഞു മഹേശനും
സുന്ദരി ഗൌരിയുമാനന്ദിച്ചാൾ.
സപ്തർഷിമാരെ വരുത്തി മഹേശ്വരൻ;
വൃത്താന്തമെല്ലാമരുളിച്ചെയ്തു.
വന്നവർ പർവതരാജന്റെ മന്ദിരേ
നന്നായരുൾചെയ്തു വാർത്തയെല്ലാം.

Digitized By Kerala Sahitya Akademi

അങ്ങനേയെന്നരുൾചെയ്തു ഗിരീന്ദ്രനു
മങ്ങു മുനീന്ദ്രന്മാർ ചെന്നശേഷം
ദേവകളോടും മുകുന്ദനോടും മഹാ-
ദേവനുമെത്രയും മോദത്തോടും
പർവ്വതരാജന്റെ മന്ദിരം പ്രാപിച്ചു
പാർവ്വതിതന്റെ വിവാഹംചെയ്തു.
ലോകേശ്വരനോടുമൊന്നിച്ചു ഗൌരിയും
ശോകമകന്നു സുഖിച്ചു വാണാൾ.
ഇപ്പാട്ടു പാടിക്കളിക്കുന്ന നാരിമാർ-
ക്കുൾപ്പൂവിലാനന്ദമുണ്ടാകയും
സുന്ദരനായൊരു കാന്തനും നല്ലൊരു
നന്ദനനും നെടുമംഗല്യവും
വിത്തസമൃദ്ധിയുമുണ്ടാമൊടുക്കത്തു
മുക്തിയുമമ്പോടു വന്നുകൂടും.
ചെല്ലേറും ത്രിജ്ജിവപേത്രരെഴും ശിവ-
വല്ലഭേ! നിൻപദം കൈതൊഴുന്നേൻ

മൂന്നാംപാദം സമാപ്തം.

---

## നാലാംപാദം.

ഇതിവിവിധമമരപുരയുവതികളുമാദരാ-
ലിച്ഛയാ പാടിക്കളിച്ചു തുടങ്ങിനാർ.
അമലമതി ഗിരിവരനുമവനുടയ ഭാര്യയു-
മാനന്ദമുൾക്കൊണ്ടു ബന്ധുവർഗ്ഗങ്ങളും
സകലസുരവരമനുജമുനിദനുജവൃന്ദവും
സന്തുഷ്ടമാനസന്മാരായ് മരുവിനാർ.
നളിനശരതനുദഹനനഖിലജഗദീശ്വരൻ
നാലാംദിവസം കഴിഞ്ഞോരനന്തരം
നിജനിലയഗമനമതിനുഴറി ഗിരിരാജനേ
നീതിയിൽ സൽക്കരിച്ചിത്തരം ചൊല്ലിനാൻ.
"സകലഗുണഗണനിലയ! ഗിരിവര! മഹാമതേ!
സന്തോഷമേററവും വന്നു നമുക്കെടോ.
കനിവിനൊടു ഗമനമതിനനുമതി തരേണമേ;
കാമിച്ചതെല്ലാം ഭവിക്കും ഭവാനെടോ.

Digitized By Kerala Sahitya Akademi

ററരണ്ടയ വചനമതിസരസമിതി കേൾക്കയാൽ
ഹർഷേണ വന്ദിച്ചു ചൊല്ലീ ഗിരീന്ദ്രനും!
"കമലശരമഥന! ഹര ജയജയ! ജഗൽപതെ!
കാരുണ്യമുണ്ടായ് വരേണമെന്നിൽ പ്രഭോ!
മമ സുതയിലതികരുണ തവ മനസി വേണമേ;
മററൊരുകാമം നമുക്കില്ല ദൈവമേ!
തനയയുടെ വിരഹമതു മനസി സഹിയായ്കയാൽ
താപം വളരുന്നതെന്തു ചൊല്ലാവതും?
അതിനൊരു മാറുവഴി കിമപി കൃപയൊടരുളീടേണ-
മർത്ഥിച്ചതെല്ലാം കൊടുക്കുമല്ലോ ഭവാൻ.
അതുപൊഴുതു പുരഹരനുമവനൊടരുളീടിനാൻ:—
"അല്ലലുണ്ടാകരുതേതും ഭവാനെടോ.
കനിവിനൊടു തവ സുതയെ മനമതിൽ നിനയ്ക്കിലൊ
കണ്ടീടുമപ്പോളതിനില്ല സംശയം.
അതിസുഖമൊടിവിടെയൊരുയുഗമധിവസിച്ചു നീ-
യമ്പോടു നമ്മോടുകൂടി വസിച്ചാലും".
നഗവരനൊടിവയരുളിയഖിലജഗദീശ്വരൻ
നന്നായനുഗ്രഹിച്ചാശു പുറപ്പെട്ടു.
കമലഭവമുരമഥനവിബുധപതിമാരെയും
കൈതൊഴുതമ്പോടു പർവതരാജനും
അവരൊടഥ പലവരവുമഴകൊടു പരിഗ്രഹി-
ച്ചാനന്ദവാരിധിമഗ്നനായ് മേവിനാൻ.

മനുജരിപുകമലഭവവിബുധപതിമാരൊടും
ദേവാദികളോടുമൊന്നിച്ചു ശംകരൻ
പരിചിനൊടു ഗിരിജയുടെ കരമതുപിടിച്ചുടൻ
പാരാതെ വാഹനമേറി നടന്നതെ.
കരിതുരഗജനനിവഹകളകളരവത്തൊടും
കൈലാസമാമല ചെന്നുപുക്കീടിനാൻ.
കലിതരസമതുപൊഴുതിലവിടെയുളവായൊരു
കല്യാണഘോഷങ്ങളെന്തു ചൊല്ലാവതും!
അഥ കമലനയനവിധിവിബുധപതിമാരെയു-
മമ്പോടു സൽക്കരിച്ചർദ്ധേന്ദുശേഖരൻ
മൃദുഹസിതമൊടു സരസവചനമുരചെയ്തുടൻ

Digitized By Kerala Sahitya Akademi

മാനിച്ചു യാത്ര പറഞ്ഞയച്ചപ്പൊഴേ
സകലസുരമുനിദിതിജഖഗവരജനത്തെയും
സന്തോഷമോടു പറഞ്ഞയച്ചീടിനാൻ.
അതിസുഖമൊടവരവർകൾ നിജ നിജ ഗൃഹംതോറു-
മാനന്ദമോടു ചെന്നങ്ങു വാണീടിനാർ.
അഭിലഷിതനഖിലമതി സുഖമൊടുലഭിക്കയാ-
ലാനന്ദമുൾക്കൊണ്ടു വാണിതു ഗൌരിയും.

കമലശരമഥനനൊടുമഥ ഗിരിതനൂജയും
കാമോത്സവത്തോടു വാഴും ദശാന്തരേ
വിബുധജനഭയഹരണമതിനു പരമേശനു
വീരനാം നന്ദനനുണ്ടായി വന്നുതേ.
അരുണരവികിരണസമനിറമുടയ ബാലക-
നപ്പൊഴേ യൌവനം പൂൎണ്ണമായ് വന്നുതേ.
നിഖിലജനഭയഹരണമതിനു ചതുരങ്ങളാം
നാലുഭുജങ്ങളുമാറുമുഖങ്ങളും
കഠിനതരകുലിശസമകരകലിതശക്തിയും
കണ്ടു മുനികളും ദേവസമൂഹവും
സരസിരുഹഭവനമഥ പുരഹരതനൂജനു
സത്വരം ഷൺമുഖനെന്നു പേരിട്ടുതേ.
സകലസുരനിവഹമതുപൊഴുതുഹരപുത്രനെ-
സ്സേനാപതിയാക്കിവാഴിച്ചനന്തരം
സകലസുരബലസഹിതമഥ സപദി ഷൺമുഖൻ
സംഗരേ താരകദൈത്യനെക്കൊന്നുതേ.
അഥ സകലസുരഗണവുമഖിലമുനിവൃന്ദവു-
മാനന്ദമോടും വസിച്ചിതെല്ലാവരും.
തനയപതിസഹിതമതിസുഖമൊടു നിരാകുലം
ത്രൈലോക്യനാഥയായ് വന്നിതു ഗൌരിയും.
വിഷമശരമഥനനിഹ ഗിരിവരതനൂജയെ
വേട്ട കഥകളിന്നൊക്കെ ഞാൻ ചൊല്ലിനേൻ.
അതിസുഖദമിതു ദിനവുമഴകിനൊടു കേൾപ്പവ-
ൎക്കായുരാരോഗ്യസമൃദ്ധികൾ വന്നിടും.
സകലമിതു തരുണിജനമഴകിനൊടു കേൾക്കിലോ
സുന്ദരനായോരു കാന്തനുണ്ടായ്‌വരും.

Digitized By Kerala Sahitya Akademi

സകലധനവിഭവമതുമമലതരകീൎത്തിയും
സന്താനസൗഭാഗ്യമൈശ്വൎയ്യവും വന്നിടും
പരമശിവ! പരശ്ശുധര! ജയ ജയ ജഗൽപതേ!
പാഹി മാം പാഹി മാം പാൎവ്വതീവല്ലഭ!
പാദകമലനതശരണ! വൃഷഗിരിനിവാസ! മൽ-
പാപങ്ങളൊക്കയും തീൎത്തുകൊള്ളേണമെ.
കമലമുഖി! തവ ചരണയുഗമതുവണങ്ങിനേൻ;
കാത്യായനി! ശിവേ! പാഹി മാം സന്തതം.
മൃതിജനികളൊഴിവതിനു മനുജജനമൊക്കയും
മൃഗേന്ദ്രചൂഡനെസ്സേവിച്ചുകൊള്ളുവിൻ.
പരിചിനൊടു രമണസുഖമണവതിനു നാരിമാർ
പാർവതീദേവിയേയും ഭജിച്ചീടുവിൻ.
അതികുതുകമിതി കിളിയുമവരൊടുരചെയ്തുട-
നംബരമാൎഗ്ഗേ പറന്നുപോയീടിനാൾ.

പാൎവ്വതീപരിണയം നാലാംപാദം സമാപ്തം.

—:o:—

ശുഭം

Digitized By Kerala Sahitya Akademi

# ശുദ്ധിപത്രം.

| പുറം. | വരി. | അശുദ്ധം. | ശുദ്ധം. |
|---|---|---|---|
| അവതാരിക. | ൧൨. | ആമശ. | ആടശ്. |
| ൬. | ൧൧. | കെ ണ്ടു. | കൊണ്ടു. |
| ൯. | ൧. | ചെത്തിട്ടുവൻ. | ചേത്തിട്ടുവൻ. |
| ൧൨. | ൧൪. | നിർജ്ജരാ. | നിജ്ജരാ. |
| | ൨൩. | കമ്മം. | കർമ്മം. |
| ,, | ൩൩. | ചെയ്യീടായകിൽ. | ചെയ്യീടായ്കിൽ. |
| ൧൩. | ൩൩. | പറഞ്ഞുടൻ. | പറഞ്ഞുടൻ. |
| ൧൪. | ൨൪. | ലാർഗ്ഗുനങ്ങളും. | ലാർജ്ജുനങ്ങളും. |
| ൧൫. | ൧. | ചക്രാഹ്വായാ. | ചക്രാഹ്വയാ. |
| ൧൬. | ൪. | ചൊല്പാ | ചൊല്വാ. |
| ,, | ൨൨. | ഭുജിപ്പാനായ. | ഭുജിപ്പാനായ്. |
| ൨൨. | ൧൧. | സൂക്ഷമ. | സൂക്ഷ്മ. |
| ൨൭. | ൫. | വ്യത്ഥമായ. | വ്യത്ഥമായ്. |
| ൩൩. | ൫. | കാരുണ്ണന. | കാരുണ്യന. |
| ൩൬. | ൧൩. | ഇരിക്കിലും. | ഇരിക്കിലു- |
| ൩൯. | ൩൦. | എന്നറിഞ്ഞിട്ടു. | എന്നറിഞ്ഞിട്ടു. |
| ൪൬. | ൧൨. | ലോകേശന. | ലോകേശന. |
| ൪൭. | ൧. | വത്ഥ. | വ്യത്ഥ. |
| ൫൫. | ൯. | ഉൾപ്പുവിൽ. | ഉത്പ്പുവിൽ. |
| ,, | ൩൦. | നലകി. | നല്കി. |
| ൫൬. | ൧. | അവരത്രയും. | അവരെത്രയും. |
| ,, | ൧൯. | മബെജ. | മബ്ജ. |
| ൫൮. | ൨൦. | കാഞ്ചിയായ. | കാഞ്ചിയായ്. |
| ൬൦. | ൩൧. | സ്വച്ചര. | സ്വച്ഛര. |
| ൬൩. | ൫. | കന്ദപ്പ. | കന്ദർപ്പ. |
| ൬൪. | ൧൩. | ഭാഗ്യവാനായ. | ഭാഗ്യവാനായ്. |
| ,, | ൧൯. | ഭക്ത. | ഭക്തി. |
| ൬൬. | ൨൬. | സ്വസ്ഥനായ. | സ്വസ്ഥനായ്. |
| ൭൦. | ൧൫. | ചെല്ലേറും. | ചൊല്ലേറും. |

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi